# സത്യദൂതൻ

2019 ജൂൺ | ലക്കം 06
വില ₹ 30



## പ്രകൃതിദുരന്തങ്ങളുടെ നാനാർത്ഥങ്ങൾ

## സൗദി ഇറാൻ സംഘർഷം

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community
for your iphone,ipode, and Android




**Quran**
Read the Holy Quran in easy
Yassarnal Quran Font




**Conditions of Bai'at**
A pocket reference of
Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons
In 15 languages




**MTA**
Watch MTA Live, view
Schedule and much more



**Ahmadiyya News**
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below







The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2019 ജൂൺ
ഹി.ശ.1399 - എഹ്സാൻ
1440 റംസാൻ - ശവ്വാൽ
പുസ്തകം 91 ലക്കം 6
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ സംഗ്രഹം
**സൃഷ്ടികളോടുള്ള സഹതാപവും അവരോടുള്ള കടമകളും നിർവഹിക്കുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2018 ജൂൺ 16ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ഈദ് ഖുത്ബയുടെ സംഗ്രഹം. വിവ. മൗലവി ഹാശിം അശ്റഫ്

**12**
**യോനായുടെ അടയാളം**
നവിദ സയ്യദ്, യു കെ

**18**
**നല്ല ആഹാരം: വിശുദ്ധ ഖുർആന്റെ മാർഗ്ഗ ദർശനം**
ഡോ. ലത്തീഫ് ഖുറേശി, യു കെ.

**21**
**പ്രകൃതിദുരന്തങ്ങളുടെ നാനാർത്ഥങ്ങൾ**
എ. എം. മുഹമ്മദ് സലീം

**24**
**അധികാര ശക്തിയും ബലപ്രയോഗവും പ്രവാചകന്മാരുടെ മാർഗ്ഗമല്ല**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**30**
**ലുധിയാനയിൽ അരങ്ങേറിയ വാദപ്രതിവാദം**
എ.ക്യു.മഹ്ദി

**33**
**അബോറിജിനുകളുടെ ദൈവ വിശ്വാസം**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**37**
**പ്രകൃതിയിലെ ക്രമവ്യവസ്ഥ ദൈവാസ്തിത്വത്തിന്റെ തെളിവ്**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**42**
കുറിപ്പുകൾ
**സഊദി ഇറാൻ സംഘർഷം**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

വല്ലവനും ഒരു തിന്മ പ്രവർത്തിക്കുകയോ തന്റെ ആത്മാവിനോട് ദ്രോഹം ചെയ്യുകയോ ചെയ്തിട്ട് അല്ലാഹുവിനോട് പാപപ്പൊറുതിക്കായി പ്രാർത്ഥിക്കുന്നതായാൽ അവൻ അല്ലാഹുവിനെ സർവഥാ പൊറുക്കുന്നവനും കരുണാമയനുമായി കണ്ടെത്തുന്നതാണ്. (വി. ഖുർആൻ 4:111)





## നബിവചനം

അബൂഹുറൈറയിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ(സ) പറയുന്നതായി ഞാൻ കേട്ടു: യാതൊരു നന്മയും ചെയ്യാത്ത ഒരാൾ ഉണ്ടായിരുന്നു. താൻ മരിക്കുകയാണെങ്കിൽ തന്റെ ശരീരം കത്തിച്ച് ചാരം പകുതി കടലിലും പകുതി കരയിലും വിതറുവാൻ അയാൾ തന്റെ കുടുംബാംഗങ്ങളോട് വസിയത്ത് ചെയ്തു. അയാൾ മരിച്ചപ്പോൾ താൻ പറഞ്ഞത് പ്രകാരം ചെയ്യപ്പെട്ടു. അല്ലാഹു കരയോട് അത് (അയാളുടെ കത്തിച്ചു വിതറിയ ചാരം) ശേഖരിക്കാൻ ആജ്ഞാപിച്ചു. കടലിനോടും അതിൽ വിതറിയത് (ചാരം) ശേഖരിക്കാൻ കൽപ്പിക്കപ്പെട്ടു. അയാൾ അങ്ങനെ ചെയ്യാൻ കാരണമെന്തെന്ന് അല്ലാഹു അയാളോട് ചോദിച്ചു. അയാൾ മറുപടി പറഞ്ഞു: എന്റെ നാഥാ നിന്നെ ഭയന്നിട്ടാണ് ഞാൻ അങ്ങനെ ചെയ്തതെന്ന് നിനക്കറിയാമല്ലോ. അല്ലാഹു അയാൾക്ക് പൊറുത്തു കൊടുക്കുകയുണ്ടായി. (മുസ്‌ലിം)

## വാഗ്ദത്ത മസീഹിന്റെ വചനം

അവന്റെ കാരുണ്യം രണ്ട് വിധത്തിലുള്ളതാണ്. ഒന്നാമത്തേത് യാതൊരാളുടെയും പ്രവർത്തന ഫലമായിട്ടല്ലാതെ അനശ്വരമായി പ്രകടമാവുന്നത്. ഉദാഹരണത്തിന്ന് നാം അസ്തിത്വത്തിലേക്ക് വരുന്നതിന് മുമ്പേതന്നെ ആകാശവും ഭൂമിയും, സൂര്യനും ചന്ദ്രനും ഗോളങ്ങളും, വെള്ളവും അഗ്നിയും വായുവും നമ്മുടെ സൗകര്യത്തിന് വേണ്ടിയുള്ള പ്രപഞ്ചത്തിലെ എല്ലാ കണങ്ങളും, നമ്മുടെ ആവശ്യത്തിന് വേണ്ടുന്ന എല്ലാ വസ്തുക്കളും അവൻ നൽകിയിരിക്കുന്നു. നമ്മുടെ സാന്നിദ്ധ്യം പോലും ഇല്ലാത്തപ്പോഴാണ് അവൻ ഇതെല്ലാം ചെയ്തിരിക്കുന്നത്. നമ്മുടെ ഭാഗത്തുനിന്നും യാതൊരു പ്രവർത്തനങ്ങളും ഉണ്ടായിട്ടില്ല. സൂര്യൻ സൃഷ്ടിക്കപ്പെട്ടത് തങ്ങളുടെ എന്തെങ്കിലും പ്രവർത്തനം കൊണ്ടാണെന്ന് ആർക്കെങ്കിലും പറയാനാവുമോ? അല്ലെങ്കിൽ ഭൂമി സൃഷ്ടിക്കപ്പെട്ടത് തന്റെ സദ്പ്രവർത്തനഫലമായിട്ടാണെന്ന് ആക്കെങ്കിലും പറയാൻ സാധിക്കുമോ? ഇതെല്ലാം മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നതിന് മുമ്പേ തന്നെ പ്രവർത്തനത്തിൽ വന്നിട്ടുള്ള അവന്റെ കാര്യണ്യങ്ങളാണ്. ആരുടെയും കർമ്മഫലമല്ല. രണ്ടാമത്തെ ദൈവകാരുണ്യം മനുഷ്യന്റെ പ്രവർത്തന ഫലമായി ഉണ്ടായിത്തീരുന്നതാണ്. ഇതിന് വിശദീകരണത്തിന്റെ ആവശ്യമില്ല. (ലക്ച്ചർ ലാഹോർ)



# മതവിശ്വാസികളുടെ പ്രതികരണം

ഇസ്‌ലാം മതം ജനാധിപത്യത്തിന് ഏറ്റവും അഭികാമ്യമായ മിതത്വത്തിന്റെ മതമാണ്. അടക്കത്തിലും അനക്കത്തിലുമെല്ലാം മിതത്വം പാലിക്കാനാണ് ഖുർആന്റെ ആഹ്വാനം. തീവ്ര നിലപാടുകൾ ഇസ്‌ലാമിന്റെ മാർഗമല്ല. ***' നിന്റെ നടപ്പിൽ മിതത്വം കൈകൊള്ളുക. നിന്റെ ശബ്ദം അൽപ്പം താഴ്ത്തുക (31:2) '***


ഇന്ന് നമ്മുടെ സമൂഹം പ്രക്ഷുബ്ധവും സംഘർഷാത്മകവുമാണ്. ആദർശാത്മകമായ വിവേകത്തോടെയുള്ള സമീപനത്തേക്കാൾ മനുഷ്യരുടെ പ്രതികരണങ്ങളിൽ നിഴലിക്കുന്നത് വികാര ശമനത്തിന്റെ ക്ഷോഭ പ്രകടനങ്ങളാണ്. മത സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയുമെല്ലാം ശൈലി തീവ്രമായ പ്രവർത്തികളും മൂർച്ചയേറിയ വാക്കുകളുമാണ്. ബുദ്ധിക്കും യുക്തിക്കും വിവേക പൂർണമായ ചിന്തകൾക്കും മനുഷ്യനെ ചലനം കൊള്ളിക്കാൻ സാദ്ധ്യമല്ല എന്ന് ഈ വികാര ജീവികൾ കരുതുന്നു. മാതൃകാപരമായ കർമം കൊണ്ടോ വിവേകപൂർണമായ വാക്കുകൾ കൊണ്ടോ ധൈഷണികമായ സംവാദങ്ങൾ കൊണ്ടോ മനുഷ്യനെ ആകർഷിക്കാനുള്ള യാതൊരു വിഭവവുമില്ലാത്ത ശൂന്യപാത്രങ്ങളാണ് ഒച്ചവെച്ച് സാന്നിദ്ധ്യമറിയിക്കുകയും ഭീഷണിയും അക്രമണവും തീവ്രവാദവും കൊണ്ട് ലക്ഷ്യം നേടാൻ ശ്രമിക്കുകയും ചെയ്യുന്നത്. മിതത്വവും യുക്തിപൂർണമായ സമീപനങ്ങളും ബലഹീനതയായി അവർ ഗണിക്കുന്നു. നമ്മുടെ പൊതു സമൂഹം ഇത്തരം പ്രവണതകൾക്ക് അതിശീഘ്രം വിധേയപ്പെട്ടു കൊണ്ടിരിക്കുകയാണ്. മിതത്വവും മധ്യവർത്തിത്വവുമാണ് മത സംസ്കാരത്തിന് നിദാനമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു:

***'ഗ്രന്ഥാനുസാരികളെ നിങ്ങൾ നിങ്ങളുടെ മതകാര്യങ്ങളിൽ അമിതത്വം പ്രവർത്തിക്കരുത്. അല്ലാഹുവിനെ സംബന്ധിച്ച് സത്യമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്.(4:172) '***

മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് ഊർജവും ചൈതന്യവും പകരുന്ന വികാരം എന്ന ഗുണം നൈസർഗികവും അതേസമയം സർഗാത്മകവുമായ ഒരു സ്വഭാവ ഗുണമാണ്. നന്മയിലേക്ക് ചായ്‌വുള്ളതായിട്ടാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചത്. അത് കൊണ്ടാണ് മതവിശ്വാസിയാകട്ടെ മതവിശ്വാസമില്ലാത്തവനാകട്ടെ എല്ലാ മനുഷ്യരും മനസ്സാക്ഷിയിൽ നന്മയെ ഉപാസിക്കുന്നത്. വിവേചന ബുദ്ധിയാണ് അതിനെ ധാർമിക ഗുണമാക്കി മാറ്റുന്നത് അഥവാ നന്മയും തിന്മയുമാക്കി മാറ്റുന്നത്. അത് കൊണ്ടാണ് എല്ലാ മതങ്ങളും വികാരങ്ങളെ മെരുക്കിയെടുക്കാനും ആത്മനിയന്ത്രണത്തിനും സംസ്ക്കരണത്തിനുമുള്ള നിരവധി അദ്ധ്യാപനങ്ങൾ മനുഷ്യനു മുമ്പിൽ സമർപ്പിച്ചിട്ടുള്ളത്. ഭൗതിക പ്രസ്ഥാനങ്ങൾക്ക് ഒരു പക്ഷേ ഇത്തരത്തിലുള്ള ധാർമിക ശിക്ഷണ സമ്പ്രദായങ്ങളൊന്നുമില്ല. എങ്കിലും മത വിശ്വാസികളുടെ വികാരം വ്രണപ്പെട്ടാൽ മറ്റെല്ലാവരെക്കാളും അവൻ ഏറ്റവും സംഹാരാത്മകമായി പ്രതികരിക്കുന്നു എന്നത് ഒരു വിരോധാഭാസമാണ്. അക്രമവും ഹിംസയും സ്വന്തം പ്രത്യയ ശാസ്ത്രത്തിന്റെ ഭാഗമായിക്കാണുന്ന ചില ഭൗതിക പ്രസ്ഥാനങ്ങൾക്ക് തീവ്രവാദവും വിപ്ലവ പ്രവർത്തനവും അനുവദനീയവും ചിലപ്പോൾ അനുപേക്ഷണീയവുമാണ്.അവർപോലും ലക്ഷ്യം നേടാൻ മതക്കാരെ പോലെ ഹിംസ പ്രയോഗിക്കാറില്ല.

എന്നാൽ മത വിശ്വാസികൾ മതം അനുശാസിച്ച ഈ മദ്ധ്യമ നിലപാടിന്റേയും ആത്മ നിയന്ത്രണത്തിന്റേയും മാർഗം കൈവിട്ടതിന്റെ ഫലമായി മതീവ്രവാദം സമൂഹത്തിൽ വലിയ വിപത്തായി മാറിയിരിക്കുന്നു. തീർച്ചയായും മതങ്ങൾ അനുവർത്തിക്കേണ്ട നിലപാട് അതല്ല. ശാന്തിക്കും സമാധാനത്തിനും വേണ്ടി നില കൊള്ളാനല്ലാതെ ജനങ്ങളിൽ സ്പർദ്ധയുണ്ടാക്കാനും അക്രമം പ്രവർത്തിക്കാനും ഒരിക്കലും ദൈവത്തേയും മതത്തേയും കരുവാക്കരുതെന്ന് ഖുർആൻ പറയുന്നു: ***നന്മചെയ്യുകയും സൂക്ഷ്മത പാലിക്കുകയും ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുകയും ചെയ്യുന്നതിൽ (നിന്നു ഒഴിഞ്ഞു നിൽക്കുന്നതിനായി) അല്ലാഹുവിനെ നിങ്ങൾ നിങ്ങളുടെ ശപഥത്തിന് ഒരു ലക്ഷ്യമാക്കരുത്. അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്. (2:225)***

സമൂഹത്തിൽ നന്മ പരത്താനും ഖുർആന്റെ അദ്ധ്യാപനങ്ങൾ പ്രാവർത്തികമാക്കാനും എല്ലാ മതസ്ഥർക്കും കഴിയുമാറാകട്ടെ.



ഹദ്റത്ത് അഹ്മദ് (അ)

# യുഗാന്ത്യ സംഭവങ്ങൾ

വിശുദ്ധ ഖുർആനിൽ എഴുതപ്പെട്ട ഈ വിവരങ്ങളെല്ലാം വാഗ്ദത്ത മസീഹിന്റെ ആഗമന കാലത്തിലേക്ക് വിരൽ ചൂണ്ടുന്നു, യഅ്ജൂജ് മഅ്ജൂജിന്റെ വിവരങ്ങൾക്ക് കീഴിൽ ഇതെഴുതിയിട്ടുള്ളതും അതുകൊണ്ടു തന്നെയാകുന്നു. യഅ്ജൂജ് മഅ്ജൂജ് (Gog Magog) രണ്ടു ജനതകളാണ് അതിനെ പറ്റി പൂർവ്വിക ഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. അവർ 'അജീജ്' അതായത് അഗ്നികൊണ്ട് പലതും കാട്ടികൂട്ടും എന്നതിനാലാണ് ഈ പേർ അവർക്ക് ലഭിച്ചത്. ഭൂമിയിൽ അവർക്ക് വലുതായ വിജയങ്ങൾ ലഭിക്കും. എല്ലാ ഉയരങ്ങളുടെയും ഉടമസ്ഥരായി തീരും അവർ. അപ്പോൾ അതേ കാലത്ത് തന്നെ സ്വർഗത്തിൽ നിന്നും വലുതായ പരിവർത്തനങ്ങൾക്കും ഏർപ്പാടുകളും സജ്ജമാകും. സമാധാനത്തിന്റെയും ശാന്തിയുടെയും ദിനം വെളിപ്പെടുമാറാകും ഭൂമിയിൽനിന്നും പല പല ഖനിജങ്ങളും ഗുപ്തവസ്തുക്കളും അക്കാലത്ത് പുറത്ത് വരുമെന്ന് വിശുദ്ധ ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നു. ആ നാളുകളിൽ ആകാശത്ത് സൂര്യ ചന്ദ്രഗ്രഹണങ്ങളുണ്ടാകും. ഭൂമിയിൽ പ്ലേഗ് ധാരാളമായി പടർന്ന് പിടിക്കും. ഒട്ടകം നിഷ്പ്രയോജനകരമായി ഭവിക്കും. എന്നുവെച്ചാൽ ഒട്ടകങ്ങളെ നിഷ്പ്രയോജനമാക്കുന്ന മറ്റൊരു യന്ത്രം ഉണ്ടാക്കപ്പെടും. അതു ഇപ്പോൾ നാം നോക്കി കാണുന്നുവല്ലോ. പണ്ടു ഒട്ടകം മുഖേന കടത്തിപോന്ന കച്ചവടച്ചരക്കുകളെല്ലാം ഇപ്പോൾ റയിൽ മാർഗമായി മാറിയിരിക്കുന്നു. ഹജ്ജ് ചെയ്യുന്നവർ മദീനാ മുനവ്വറയിലേക്ക് റയിൽ മാർഗം സഞ്ചരിച്ചെത്തുന്ന കാലം സമീപസ്ഥമാണ്. ***വലയുത്റകന്നൽ ഖിലാസു ഫലായുസ്ആ അലൈഹാ*** (മുസ്ലിം, കിതാബുൽ ഈമാൻ)

ചുരുക്കത്തിൽ അവസാന നാളുകളുടെ ഈ അടയാളങ്ങളെല്ലാം വെളിപ്പെട്ടുകഴിഞ്ഞിരിക്കുമ്പോൾ ലോകത്തിന്റെ കാലചക്രങ്ങളിൽ ഇത് അവസാനത്തെ കാലചക്രമാണെന്ന് സ്ഥാപിക്കപ്പെടുന്നു. ദൈവം ആറു ദിവസങ്ങൾ ഉണ്ടാക്കി. ഓരോ ദിവസവും ആയിരം കൊല്ലങ്ങളാണെന്ന് നിശ്ചയിക്കുകയും ചെയ്തു. ഇതനുസരിച്ച് ലോകത്തിന്റെ വയസ്സ് ഏഴു ആയിരം ആണെന്നത് ഖുർആന്റെ ഖണ്ഡിത വചനമാണെന്ന് വ്യക്തമായി . ദൈവം ഒറ്റയാകുന്നു അതു കൊണ്ട് ഒറ്റയെ അവൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു.ഏഴു ദിവസം ഒറ്റയിൽ സൃഷ്ടിച്ചത് പ്രകാരം തന്നെ ഏഴ് ആയിരവും ഒറ്റയാകുന്നു. ഈ കാരണങ്ങളാലും ഇത് അവസാനത്തെ കാലവും ലേകത്തിന്റെ അവസാനത്തെ കാലചക്രമാണെന്നും അതിന്റെ തലക്കൽ ആണ് ദൈവിക ഗ്രന്ഥങ്ങൾ പ്രകാരം മസീഹ് വരേണ്ടതെന്നും സ്ഥാപിക്കപ്പെടുന്നു. നവാബ് സിദ്ദീഖ് ഹസ്സൻ ഖാൻ തന്റെ ഹുജ്ജത്തുൽ കിറാമ എന്ന ഗ്രന്ഥത്തിൽ ഇസ്‌ലാമിൽ കടന്നു കഴിഞ്ഞ എല്ലാ അഹ്‌ലുൽ കശ്ഫുകാരും (കശ്ഫ് അഥവാ ദിവ്യദർശനങ്ങളാൽ അനുഗ്രഹിക്കപ്പെട്ടവർ) മസീഹ് മഊദിന്റെ കാലം നിശ്ചയിക്കുന്നതിൽ പതിനാലാം നൂറ്റാണ്ടിന്റെ തുടക്കത്തിനപ്പുറം കടന്നിട്ടില്ല. അപ്പോൾ ഇവിടെ വാഗ്ദത്ത മസീഹിന്റെ ഈ ഉമ്മത്തിൽ സമുദായത്തിൽ-നിയോഗിച്ചയച്ചതിനുള്ള കാരണം എന്തായിരുന്നുവെന്ന് സ്വാഭാവികമായും ചോദ്യം ഉദ്ഭവിക്കുന്നുണ്ട്. ഇതിനുള്ള ഉത്തരം ഇതാണ്. തിരുനബി(സ)തന്റെ നുബുവ്വത്ത് കാലത്തിന്റെ ആദ്യത്തിലും അവസാനത്തിലുമായി ഹദ്റത്ത് മൂസാനബി (അ) ന്റെ നുബൂവ്വത്ത് കാലത്തിന്റെ സദൃശനായി രിക്കുമെന്ന് വിശുദ്ധ ഖുർആനിൽ വാഗ്ദത്തം ചെയ്യപെട്ടിരിക്കുന്നു. ആ സാദൃശ്യത്തിലെ ഒരു വശം പൂർത്തിയായത് തിരുനബി (സ) യുടെ കാലം തന്നെയായിരുന്ന ആദ്യത്തെ കാലഘട്ടത്തിൽ ആയിരുന്നു മറ്റൊന്ന് അവസാന കാലഘട്ടത്തിലും. അങ്ങനെ ആദ്യത്തെ സാദൃശ്യം ഇപ്രകാരം പൂർത്തിയായി, എപ്രകാരം ഹദ്റത്ത് മൂസാ നബി (അ) ഫിർഔനും അയാളുടെ സൈന്യത്തിനും മേൽ വിജയം നൽകിയോ അപ്രകാരം തന്നെ തിരുനബി(സ) ഒടുവിൽ അബൂജഹലിന്റെ അതായത് അക്കാലത്തെ ഫിർഔന്റെയും അയാളുടെ സൈന്യത്തിന്റെയും മേൽ വിജയം നൽകുകുകയും എല്ലാവരെയും നശിപ്പിച്ചുകൊണ്ട് ഇസ്‌ലാമിനെ അറബ് ഉപദ്വീപിൽ ഉറപ്പിക്കുകയുമുണ്ടായി. ഈ ദൈവിക സഹായം മുഖേന ***ഫിർഔന്റെ അടുക്കലേക്ക് നാം ഒരു ദൂതനെ അയച്ചത് പോലെ നിങ്ങൾക്ക് സാക്ഷിയായി നിങ്ങളിലേക്ക് ഒരു ദൂതനെ നാം അയച്ചിരിക്കുന്നു (73:16)***

അവസാന കാലത്ത് ഈ സാദൃശ്യം ഇപ്രകാരമാണ് പുലർന്നിരിക്കുന്നത്. മൂസാ നബി(അ)യുടെ ജനതയുടെ അവസാനകാലത്ത് ജിഹാദിന്റെ എതിരാളിയും മതപരമായ പോരാട്ടത്തിൽ യാതൊരു താൽപര്യമില്ലാത്ത, ക്ഷമയും സഹനവും മാത്രം ഉപദേശിച്ച ആളായിരുന്ന ഒരു നബിയെ നിയോഗിച്ചു. ബനീ ഇസ്രായീലിന്റെ ധാർമികത വളരെയേറെ മോശമാവുകയും അവരുടെ ചലനങ്ങളിൽ വളരെയേറെ വൈരുദ്ധ്യങ്ങൾ പ്രകടമാവുകയും ചെയ്തപ്പോൾ അവരുടെ രാജത്വങ്ങൾ അസ്തമിച്ചു തുടങ്ങുകയും ചെയ്തിരുന്നു. അവർ റോമാ ഭരണത്തിന് കീഴിലായി. ഹദ്റത്ത് മൂസാ നബി (അ) ന് ശേഷം 14 നൂറ്റാണ്ടു കൃത്യം പൂർത്തിയായപ്പോഴാണ് അദ്ദേഹം വെളിപ്പെട്ടത്. (ലക്ചർ സിയാൽകോട്ട്)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2018 ജൂൺ 16ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ഈദ് ഖുത്ബയുടെ സംഗ്രഹം. വിവ. മൗലവി ഹാശിം അശ്റഫ്

# സൃഷ്ടികളോടുള്ള സഹതാപവും അവരോടുള്ള കടമകളും നിർവഹിക്കുക




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഒരു മാസം നാം രുചിച്ചറിഞ്ഞ നന്മകളെ തുടരുന്നതിലേക്ക് ശ്രദ്ധയൂന്നുന്നതാകട്ടെ ഇന്നത്തെ പെരുന്നാൾ ദിവസം. പൊതുവെ റമദാൻ മാസത്തിൽഏതെല്ലാംകാര്യങ്ങളെ കുറിച്ചാണോ ശ്രദ്ധയുണ്ടാകുന്നത് അവയിൽആരാധനകളുമുണ്ട്. ദാനധർമങ്ങളും ധനത്യാഗങ്ങളും മനുഷ്യരോടുള്ള കടമക ളും ശ്രദ്ധയിലുണ്ടാകേണ്ടതാണ്. ഇക്കാര്യങ്ങൾ ഇപ്പോൾ ഒരുമിച്ച് ഒരു

പ്രത്യേക ചുറ്റുപാടിൽ ചെയ്യേണ്ട കാലം അവസാനിച്ചു കഴിഞ്ഞിരിക്കുകയാണ്. പക്ഷേ, ഒരു സത്യവിശ്വാസിയുടെ യഥാർഥ ഉത്തരവാദിത്വവും സ്ഥാനവും നന്മകൾ തുടർന്നുകൊണ്ടിരിക്കുക മാത്രമല്ല,അതിൽ വർദ്ധന ഉണ്ടാക്കുകയും ചെയ്യുക എന്നതാണ്. ഇന്നലെമുതൽ ഈ വർഷത്തെ നിർബന്ധമാക്കപ്പെട്ട നോമ്പുകളുടെ ദിവസം അവസാനിച്ചു. അതിൽ നാം ഒരുപാട് ഐച്ഛികമായ ആരാധനകൾ നിർവഹിച്ചു. ഏതേതെല്ലാം മറ്റു ആരാധനകളിലേക്കുംസൃഷ്ടികളോടുള്ള കടമകൾ നിർവഹിക്കുന്നതിലേക്കുമാണോ ശ്രദ്ധയുണ്ടായത് അതെല്ലാം നമ്മൾ തുടർന്നുകൊണ്ടുപോകേണ്ടതാണ്. ഐച്ഛികകർമങ്ങൾ ചെയ്യുന്നതിൽ ശ്രദ്ധ ഉണ്ടായിട്ടുണ്ടെങ്കിൽ അത് തുടർന്നും നിറവേറ്റുന്നതിന് ശ്രദ്ധയുണ്ടാകണം. നമസ്കാരങ്ങൾ കൃത്യമായി നിർവഹിക്കുന്നതിലേക്ക് ശ്രദ്ധ ഉണ്ടായിട്ടുണ്ടെങ്കിൽ അത് തുടർന്നുകൊണ്ടു പോകേണ്ടതാണ്. നമ്മുടെ ആത്മാവിനെ നിയന്ത്രിക്കാനുള്ള പരിശീലനം ഉണ്ടായിട്ടുണ്ടെങ്കിൽ അതിൽ നിലകൊള്ളാൻ ശ്രമിക്കേണ്ടതാണ്. സൃഷ്ടികളോടു സഹതാപം കാണിക്കാൻ ശ്രദ്ധയുണ്ടായിട്ടുണ്ടെങ്കിൽ അതിലും ഉറച്ചു നിലനിൽക്കേണ്ടതാണ്.

ഇതുണ്ടെങ്കിൽ മാത്രമേ നമ്മുടെ പെരുന്നാൾ യഥാർഥ പെരുന്നാളായിത്തീരുകയുള്ളു; നമ്മുടെ ഇന്നത്തെ സന്തോ ഷം മുഴുവൻ വർഷത്തേയും വലയം ചെയ്യുന്ന സന്തോഷമായിത്തീരുകയുള്ളു. ഇതാണ് പെരുന്നാളിന്റെ യഥാർഥ ഉദ്ദേശ്യം. ഇതില്ലെങ്കിൽ ഇന്നത്തെ പ്രത്യേകമായ നിലയിലുള്ള തയ്യാറെടുപ്പും, നല്ല ഭക്ഷണവും സുഹൃത്തുക്കളെ കാണലും മറ്റു പരിപാടികൾ സംഘടിപ്പിക്കുകയെന്നതുമെല്ലാം വ്യർഥമാണ്.

ഇന്നത്തെ സന്തോഷത്തിന്റെ പിന്നിലുള്ള യഥാർഥ ആ ത്മാവ്, ഒരുമാസം പ്രത്യേകനിലയിൽ നമ്മുടെ ശിക്ഷണത്തിന് നമ്മൾ അല്ലാഹുവിന്റെ കല്പനയാൽ അനുവദനീയമായ ചില കാര്യങ്ങൾ സന്തോഷത്തോടും ത്യാഗം വരിച്ചും ചെയ്തിരുന്നു എന്നതാണ്. ഇന്നു നമ്മൾ അല്ലാഹുവിന്റെ കല്പനയാൽത്തന്നെ അതിന്റെ സന്തോഷം ആ ഘോഷിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ, ഇന്നത്തെ സന്തോഷത്തിന് പിന്നിലുള്ള യഥാർത്ഥ ആത്മാവ്, ഈ മാസത്തിന്റെ ശിക്ഷണത്താൽ അല്ലാഹുവിനോടുള്ള കടമകളിലേക്കും സൃഷ്ടികളോടുള്ള കടമകളിലേക്കും നമ്മളിൽ ഉണ്ടായ ആ ശ്രദ്ധ തുടർന്നും ചെലുത്തുന്നതാണ് എന്ന പ്രതിജ്ഞയും നാം ചെയ്യുന്നുവെന്നതാണ്.

ഞാൻ ഇന്ന് സൃഷ്ടികളോടുള്ള സഹതാപവും അവരോടു ള്ള കടമകൾ നിർവഹിക്കുന്നതുമായി ബന്ധപ്പെട്ട് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാനാണ് ആഗ്രഹിക്കുന്നത്. അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിർവഹിക്കലും ഒരു ഇബാദത്ത് അഥവാ ആരാധനയാണ്. ആരാധനയുടെ കൂട്ടത്തിൽത്തന്നെയാണ് അതു വരുന്നത്. ഇതു സംബന്ധമായ അറിവ് ഹദ്റത്ത് മസീഹ് മൗഊദ്(അ) വ്യക്തമായ നിലയിൽ നല്കിയിരിക്കുന്നു. ഇന്ന് നമ്മൾ പെരുന്നാൾ ആഘോഷിക്കുകയാണ്. പ്രത്യേകിച്ചും ഈ വികസിത രാജ്യങ്ങളിൽ വസിക്കുന്ന അഹ്മദി, നല്ല നിലയിൽജീവിക്കുന്ന അഹ്മദി, ലോകത്ത് അസംഖ്യമാളുകൾ മോശമായ അവസ്ഥകളിൽജീവിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധിക്കുക. എത്രത്തോളമെന്നാൽ ഒരു കണക്കനുസരിച്ച് 815 മില്യൺ ആളുകൾ വിശന്നു ജീവിക്കുന്നു, അവർക്ക് ഭക്ഷണംലഭിക്കുന്നില്ല. നിത്യവും 9 ആളുകളിൽ ഒരാൾ വിശന്നുറങ്ങുന്നു. ഭക്ഷണം കഴിക്കാതെ ദിവസം മുഴുവൻ പട്ടിണിയിൽ ഉറങ്ങുന്നു. മൂന്നിൽ ഒരാൾ പ്രത്യേകിച്ചും കുട്ടികൾ ഭക്ഷണക്കുറവിന്റെ ഇരയാണ്; ആവശ്യമായ ഭക്ഷ ണം അവർക്കു ലഭിക്കുന്നില്ല. ഈ പറയുന്ന കണക്കുകൾ ശരിയല്ലെന്നാണ് ഞാൻ കരുതുന്നത്. ഇതിനേക്കാൾ എത്രയോ അധികമാളുകൾ വിശപ്പിന്നിരകളാണ്. ഇറാഖ്, സിറിയ, യമൻ, ലിബിയ തുടങ്ങിയ രാജ്യങ്ങളിൽ യുദ്ധം കാരണത്താൽ കണക്കില്ലാത്തത്ര ആളുകൾ പ്രത്യേകിച്ചും കുട്ടികൾ ഭക്ഷണവും ചികിത്സയും ലഭിക്കാത്തവരാണ്. ഇവരുടെ സംഖ്യ അവിടെ വർധിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ സോഷ്യൽ മീഡിയായിൽ ഒരു ഡോക്ടർ ഏതോ ഒരു കുട്ടിക്ക് റൊട്ടി നല്കുകയും 'തനിക്ക് ഒരിക്കലും വിശപ്പ് തോന്നിക്കാത്ത ഏതെങ്കിലും മരുന്നുണ്ടോ എന്ന് ആ കുട്ടി ചോദിക്കുകയും' ചെയ്യുന്ന ചിത്രം വൈറലായിരുന്നു. ആ കുട്ടിയുടെ രോദനം കേട്ട് ഡോക്ടറും കരഞ്ഞുപോയി. ഈ ചിത്രം ശരിയാവട്ടെ തെറ്റാവട്ടെ, പക്ഷേ, യാഥാർഥ്യം ഇതു തന്നെയാണ്. ഇതാണ് ലോകത്തെ കുട്ടികളുടെ അവസ്ഥ. പക്ഷേ, യുദ്ധഭ്രാന്തന്മാർക്ക് കുട്ടികളുടെ അവസ്ഥ എന്താണെന്നതിനെക്കുറിച്ച് ഒരു വിചാരവുമില്ല! കുട്ടികൾ അവരുടെ മാതാപിതാക്കളിൽ നിന്ന് അകറ്റപ്പെടുന്നു. അകറ്റപ്പെടുന്നുവെന്നു മാത്രമല്ല മറിച്ച് ഇക്കാരണത്താൽ പട്ടിണി നിറഞ്ഞ ജീവിതം കഴിച്ചു കൂട്ടുകയാണ്.

എന്തായാലും ഈ അവസ്ഥകളിൽ വയറു നിറയെ തിന്നുന്നവരും ഇന്ന് പെരുന്നാൾദിവസം നല്ല ഭക്ഷണം കഴിക്കുന്നവരുമായ നമ്മൾക്ക് അവരെക്കുറിച്ചും ചിന്തിക്കണമെന്ന വിചാരമുണ്ടാകേണ്ടതാണ്. ഭക്ഷണം അവിടെ നില്ക്കട്ടെ, ലോകത്ത് തങ്ങൾക്കു വേണ്ടുന്ന അളവിലും മനഃസംതൃപ്തിയോടേയും കുടിക്കാൻ വെള്ളം ലഭിക്കാത്തവരുമുണ്ട്. കിട്ടുന്ന വെള്ളമാണെങ്കിലോ ശുദ്ധമല്ലതാനും. നമ്മളിൽ അധികംപേരും അതു കാണുന്നതു പോലും ഇഷ്ടപ്പെട്ടില്ലെന്നു വരാം. അല്ലാഹു അതിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചു കൊണ്ടും സത്യവിശ്വാസികളുടെ അടയാളം പറഞ്ഞുകൊണ്ടും വിശുദ്ധ ഖുർആനിൽ പറയുന്നു:

وَيُطْعِمُونَ الطَّعَامَ عَلَىٰ حُبِّهِ مِسْكِينًا وَيَتِيمًا وَأَسِيرًا ۝
إِنَّمَا نُطْعِمُكُمْ لِوَجْهِ اللَّهِ لَا نُرِيدُ مِنكُمْ جَزَاءً وَلَا شُكُورًا ۝
(76: 9,10)

ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിന് വിശദീകരണ തർജമ ചെയ്തത് ഇപ്രകാരമാണ്: 'സുകൃതർ ദൈവത്തോടുള്ള പ്രേമത്താൽ തങ്ങൾ ഇഷ്ടപ്പെടുന്ന ആഹാരം പാവങ്ങൾക്കും അനാഥർക്കും ബന്ധനസ്ഥർക്കും നല്കുകയും 'നിങ്ങളുടെ മേൽ ഞങ്ങൾ ഒരു ബാധ്യതയും ചുമത്തുന്നില്ല; എന്നാൽ, ഇത് അല്ലാഹു ഞങ്ങളോടു സന്തുഷ്ടനായി ഭവിക്കുന്നതിന് ഞങ്ങൾ അവന്റെ തിരുമുഖത്തിനായ്ക്കൊണ്ട് ചെയ്യുന്ന ഒരു ശുശ്രൂഷയാകുന്നു, നിങ്ങളുടെ പക്കൽനിന്നു ഞങ്ങൾ പ്രതിഫലമോ നന്ദിയോ ആഗ്രഹിക്കുന്നില്ല' എന്നു പറയുകയുംചെയ്യുന്നു.'

ഇഷ്ടപ്പെട്ട വസ്തുക്കൾ ചെലവഴിക്കുന്നത് നന്മയാണെന്ന കാര്യം അവിടന്ന് വ്യക്തമാക്കി. പാഴായതും ഉപയോഗശൂന്യമായതുമായ വസ്തുക്കൾ ചെലവഴിക്കുന്നതു കൊണ്ട് ആർക്കും നന്മ ചെയ്തുവെന്ന് വാദിക്കാൻ സാധിക്കില്ല. അതിനാൽ ഇഷ്ടപ്പെട്ട വസ്തു നല്കുന്നതും സ്വയം അല്പം വിഷമം സഹിച്ച് മറ്റുള്ളവർക്ക് കരുതൽ നല്കുന്നതുമാണ് യഥാർഥ നന്മ. ത്യാഗം ചെയ്ത് പാവങ്ങളെ കുറിച്ച് ചിന്തിക്കുന്നതും അവരുടെആവശ്യങ്ങൾ പൂർത്തീകരിച്ചു കൊടുക്കുന്നതും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനും അവന്റെ ദയാവായ്പിനും നിർബന്ധമാണ്. ഇക്കാര്യം അല്ലാഹുവിന്റെ സാമീപ്യം തന്നരുളുകയും അത് ആരാധനയായി മാറുകയും ചെയ്യുന്നു. ഇങ്ങനെ അല്ലാഹുവിനു വേണ്ടി ചെയ്യുകയാണെ ങ്കിൽ ഈ സൃഷ്ടിസേവനം ആരാധനയായി ത്തീരുന്നതാണ്. റമളാനിലാണെങ്കിൽ ജനങ്ങൾക്ക് അവരവരുടെ കഴിവനുസരിച്ച് ദാനധർമങ്ങൾ ചെയ്യണമെന്നും മറ്റുള്ളവരെ സഹായിക്കണമെന്നുമുള്ളവിചാരമുണ്ടാകുന്നു. ഈ വിചാരം വർഷം മുഴുവൻ നിലനിൽക്കേണ്ടതാണ്. താൽക്കാലികമാകാൻ പാടില്ല. വർഷം മുഴുവൻ ഈ വിചാരമുണ്ടാകുകയും പാവങ്ങളെക്കുറിച്ചുള്ള ചിന്ത അല്ലാഹുവിന്റെ തൃപ്തി നേടുന്നതിനും വേണ്ടിയാണെങ്കിൽ പിന്നെ എല്ലാദിവസവും പെരുന്നാളാകുകയും അത് സന്തോഷം പ്രദാനം ചെയ്യുകയും ചെയ്യുന്ന താണ്. അതുപോലെ കുട്ടികളിലും ഈ ശീലം ഉണ്ടാക്കുക. ഇപ്പോൾമുതൽ തന്നെ കുട്ടികളിൽ ശീലമുണ്ടാക്കുകയാണെങ്കിൽ ഭാവിയിൽ അവരെ സൃഷ്ടിസേവനത്തിന് ചെലവഴിക്കുന്നവരും ജനങ്ങളോടു സഹതാപമുള്ളവരും അല്ലാഹുവിന്റെ കൃപ വഹിക്കുന്നവരും ആക്കുന്നതിനോടൊപ്പം അവരുടെ ജീവിതത്തിലുണ്ടാകുന്ന പ്രയാസങ്ങളിൽനിന്ന് രക്ഷപ്പെടുന്നവരാക്കുകയും ചെയ്യും. അവർ നന്മകളിൽ നിലകൊള്ളുന്നവരായിരിക്കും. അങ്ങനെ ഈ ഉണർവ്വ് അടുത്ത തലമുറയിലേയ്ക്കും കൈമാറ്റംചെയ്യപ്പെടേണ്ടതാണ്. ഇതാണ് ഈദിന്റെയഥാർഥസന്തോഷങ്ങൾ.

ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ്മൗഊദ്(അ) പറഞ്ഞു: ശരീഅത്തിന് രണ്ട് വലിയ ഭാഗവും വശവുമാണുള്ളത്. അതു കാത്തുസൂക്ഷിക്കേണ്ടത് മനുഷ്യന് നിർബന്ധമാണ്. ഒന്ന് അല്ലാഹുവിനോടുള്ള കടമ. രണ്ട് സൃഷ്ടികളോടുള്ള കടമ. അല്ലാഹുവിനോടുള്ള കടമ എന്നു പറയുന്നത് അല്ലാഹുവിനോടുളള സ്നേഹം, അവനോടുള്ള അനുസരണം, ആരാധന, തൗഹീദ്, സത്ത, ഗുണങ്ങൾ എന്നിവയിൽ മറ്റാരേയും പങ്കാളിയാക്കാതിരിക്കുക എന്നതാണ്. സൃഷ്ടികളോടുള്ള കടമയെന്നത്,തന്റെ സഹോദരങ്ങളോടു അഹങ്കാരം, വഞ്ചന, അക്രമം തുടങ്ങിയവയൊന്നും കാണിക്കാതിരിക്കുക. അതായത് ധാർമികമായ ഭാഗത്ത് ഒരു തരത്തിലുള്ള വിള്ളലും ഉണ്ടാകരുത്. കേൾക്കുമ്പോൾ ഇവ രണ്ടു വാക്യങ്ങൾ മാത്രമാണ്. പക്ഷേ, കർമത്തിൽ കൊണ്ടുവരിക എന്നത് വളരെ പ്രയാസകരമാണ്. അല്ലാഹുവിന്റെ വലിയ കൃപ മനുഷ്യനിൽ ഉണ്ടായെങ്കിൽ മാത്രമെ ഈ രണ്ടു വശങ്ങളിലും നിലനില്ക്കാൻ സഹായിക്കുകയുള്ളൂ. ചിലരിൽ കോപാവേശം മൂർച്ഛിച്ചിട്ടുണ്ടാകും. പെട്ടെന്നാണ് അവന് ദേഷ്യം വരുന്നത്. അത് ആവേശത്തിലെത്തുമ്പോൾ അവന്റെ മനസ്സോ നാവോ പരിശുദ്ധമായിരിക്കുകയില്ല. മനസ്സുകൊണ്ട് തന്റെ സഹോദരനെതിരിൽ അവിശുദ്ധമായ പദ്ധതി ആസൂത്രണം ചെയ്യുകയും നാവുകൊണ്ട് ചീത്തവിളിക്കുകയുംചെയ്യുന്നു.

സത്യവാനായ ഏകദൈവവിശ്വാസിയായതിനുശേഷം തന്റെ സ്വഭാവങ്ങൾ നന്നാക്കിത്തീർക്കാൻ രാപകൽ ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തന്റെ സഹോദരങ്ങളോടു ഒരു സഹതാപവും കാണിക്കാത്ത ധാരാളമാളുകൾ ഉള്ളതായി ഞാൻ കാണുന്നു. ഒരു സഹോദരൻ വിശന്ന് മരിക്കുകയാണെങ്കിൽ മറ്റൊരുവൻ ആ ഭാഗത്തേക്ക് ശ്രദ്ധിക്കുന്നതേയില്ല. അവനെ സഹായിക്കാൻ തയ്യാറാകുന്നില്ല. അല്ലെങ്കിൽ അവൻ മറ്റേതെങ്കിലും ബുദ്ധിമുട്ടുകളിലാണെങ്കിൽ അവനു വേണ്ടി തന്റെ ധനത്തിന്റെ കുറച്ചുഭാഗം ചെലവഴിക്കാനും മുതിരുന്നില്ല. അവിടന്ന് പറയുന്നു: ഹദീഥിൽ അയൽവാസികളെ സഹായിക്കണമെന്നും അവരോടു അനുകമ്പാപൂർവ്വം പെരുമാറണമെന്നും കല്പന വന്നിട്ടുണ്ട്. എന്നല്ല, എത്രത്തോളം വന്നിരിക്കുന്നുവെന്നാൽ, മാംസം പാകംചെയ്യുമ്പോൾ അവർക്കും നൽകും വിധം വെള്ളം കൂടുതൽ ഒഴിക്കാനും പറഞ്ഞിരിക്കുന്നു. ഇപ്പോൾ എന്താണ് നടക്കുന്നത് സ്വന്തം വയർ സംരക്ഷിക്കുന്നു. അതിനെക്കുറിച്ച് ഒരു ശ്രദ്ധയുമില്ല. വീടിന്റെ അടുത്തു താമസിക്കുന്നു എന്നതു മാത്രമാണ് അയൽവാസിയെക്കൊണ്ടുദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കരുത്. മറിച്ച്, നിങ്ങളുടെ സഹോദരനും നിങ്ങളുടെ അയൽവാസിയാണ്; അവൻ നൂറുമൈൽ അകലെയാണെങ്കിലും. ഇതാണ് ഒരു മുഅ്മിന്റെ നിലവാരം.

അവൻ സഹതാപം കാണിക്കുകയും മറ്റുള്ളവർക്ക് ഭക്ഷണം നല്കുകയും അതിന് ശ്രമിക്കുകയും ശ്രദ്ധിക്കുകയുംവേണം.

വീണ്ടും അവിടന്ന് പറയുന്നു: ഓരോരുത്തരും ഓരോ ദിവസവും തന്നെക്കുറിച്ച് പരിശോധന നടത്തേണ്ടതാണ്. താൻ എത്രത്തോളം ഇക്കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നുവെന്നും എത്രത്തോളം തന്റെ സഹോദരങ്ങളോടു സഹതാപത്തോടെ പെരുമാറുന്നുവെന്നും! അതിനെക്കുറിച്ചന്വേഷിക്കുക എന്നത് മനുഷ്യന്റെ വലിയ ഉത്തരവാദിത്വമാണ്. പൊതുവെ ലോകത്തും അങ്ങനെതന്നെയാണ് ഉണ്ടാകുന്നത്. ഒരു വ്യക്തിയുടെ സേവകൻ അയാളുടെ ഒരു സുഹൃത്തിന്റെ അടുക്കൽ പോകുമ്പോൾ അയാളെവേണ്ടവിധം പരിഗണിക്കുന്നില്ലെങ്കിൽ, സേവകന്റെ മുതലാളി തന്റെസുഹൃത്തിന്റെ പെരുമാറ്റത്തിൽ സന്തോഷിക്കുമോ? ഒരിക്കലുമില്ല. വാസ്തവത്തിൽ ആ സുഹൃത്ത് ജോലിക്കാരനെ ബുദ്ധിമുട്ടിച്ചിട്ടില്ല. എങ്കിൽതന്നെയും ആ ജോലിക്കാരനെ സേവിക്കുന്നതും അയാളോടുള്ള സൽപെരുമാറ്റവും മുതലാളിയോടുള്ള സൽപെരുമാറ്റം പോലെതന്നെയാണ്. ഇപ്രകാരം തന്റെ സൃഷ്ടികളോടും ആരെങ്കിലും മോശമായി പെരുമാറിയാൽ അല്ലാഹു ഇഷ്ടപ്പെടുകയില്ല. കാരണം തന്റെ സൃഷ്ടികളെ അവൻ ഒരുപാട് സ്നേഹിക്കുന്നു. അതിനാൽ അല്ലാഹുവിന്റെ സൃഷ്ടികളോട് സഹാനുഭൂതി കാണിക്കുന്നവൻ യാഥാർത്ഥത്തിൽ തന്റെ ദൈവത്തെയാണ് സന്തോഷിപ്പിക്കുന്നത്.

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ചുരുക്കത്തിൽ സൽസ്വഭാവം തന്നെയാണ് എല്ലാ അഭിവൃദ്ധികളിലേക്കും കയറിച്ചെല്ലാനുള്ള മാർഗം. ഇതേവശമാണ് സൃഷ്ടികളോടുള്ള കടമകൾക്കുമുള്ളത് എന്ന് ഞാൻ മനസ്സിലാക്കുന്നു. അത് അല്ലാഹുവിനോടുള്ള കടമ നിർവഹിക്കുന്നതിന് കരുത്തു പകരുന്നു. മനുഷ്യകുലത്തോടു സൽസ്വഭാവങ്ങളോടെ പെരുമാറുന്നവന്റെ ഈമാനെ അല്ലാഹു ഒരിക്കലും നഷ്ടപ്പെടുത്തുകയില്ല. അല്ലാഹുവിന്റെ പ്രീതികാംക്ഷിച്ച് മനുഷ്യൻ ഒരു ജോലി ചെയ്യുമ്പോൾ, തന്റെ ദുർബലനായ സഹോദരനോടു അനുകമ്പ കാണിക്കുമ്പോൾ, ആ ആത്മാർഥത കൊണ്ട് അവന്റെ വിശ്വാസം ശക്തിപ്പെടുന്നു. എന്നാൽ, ഓർക്കുക, മറ്റുള്ളവരെ കാണിക്കാനും പ്രദർശനപരതയ്ക്കും വേണ്ടി ചെയ്യപ്പെടുന്ന സൽസ്വഭാവം അല്ലാഹുവിനു വേണ്ടി ആകുകയില്ല. ആത്മാർഥതയില്ലാത്ത കാരണത്താൽ അതിൽ ഒരു ഫലവുമില്ല തന്നെ.

അതിനാൽ ത്യാഗങ്ങൾ വരിക്കുന്നതും ചന്ദ കൊടുക്കുന്നതും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് വേണ്ടി ആയിരിക്കണം. മനുഷ്യൻ അല്ലാഹുവിനുവേണ്ടി എന്തെങ്കിലും ചെയ്യുകയാണെങ്കിൽ അത് എത്ര ചെറുതാണെങ്കിലും ശരി, അല്ലാഹു അത് പാഴാക്കുകയില്ല. അതിന് പ്രതിഫലം നല്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഹദീഥിലും വന്നിട്ടുണ്ട്, ഒരു സ്വഹാബി നബി(സ)തിരുമേനിയോടുചോദിച്ചു: ജാഹിലിയ്യത്തിന്റെ ദിനങ്ങളിൽ ഒരുപാട് ഞാൻ ചെലവ് ചെയ്തിട്ടുണ്ട്. അതിന് എനിക്ക് പ്രതിഫലംകിട്ടുമോ? നബി(സ) തിരുമേനി അയാൾക്കു മറുപടി നല്കി: താങ്കൾ മുസ്ലിമായത് ആ ദാനധർമ്മങ്ങളുടെ ഫലമായിട്ടാണ്. ഇതിൽനിന്ന് മനസ്സിലാകുന്നത് അല്ലാഹു ആരുടേയും നിസ്സാരകർമങ്ങൾ പോലും നഷ്ടപ്പെടുത്തിക്കളയുന്നില്ലായെന്നാണ്. അതുപോലെ സൃഷ്ടികളോടുള്ള സഹതാപവും സഹായവും അല്ലാഹുവിനോടുള്ള കടമകളുടെ സംരക്ഷണത്തിനും നിമിത്തമാകുന്നുവെന്നും സ്ഥാപിതമാകുന്നുണ്ട്.

അവിടന്ന് പറയുന്നു: 'സൃഷ്ടികളോടുള്ള സഹതാപം മനുഷ്യൻ ഉപേക്ഷിക്കുകയും അതിൽനിന്ന് അകലുകയുമാണെങ്കിൽ പതുക്കെ പതുക്കെ അവൻ വന്യമൃഗമായി ത്തീരുന്നതാണ്. മനുഷ്യന്റെ മനുഷ്യത്വം ആവശ്യപ്പെടുന്നത് അവൻ മനുഷ്യനായിരിക്കുന്നത് തന്റെ മറ്റു സഹോദരങ്ങളോടു സൽ പെരുമാറ്റത്തോടും നന്മയോടുംകൂടി പ്രവർത്തിക്കുന്നതുവരെയാണ് അവൻ മനുഷ്യനാകുന്നു എന്നതാണ്. അതിൽ ഒരുതരത്തിലുള്ള വ്യത്യാസവുമില്ല; ആദമിന്റെ മക്കൾ പരസ്പരം അവയവങ്ങളാണെന്ന് കവി സഅ്ദി പറഞ്ഞിരിക്കുന്നു.

പറയുന്നു: 'സഹതാപത്തിന്റെ വൃത്തം എന്റെ അഭിപ്രായത്തിൽ വളരെ വിശാലമാണ്. ഒരു ജനതയേയും അംഗത്തേയും വേർപ്പെടുത്തരുത്. ഇക്കാലത്തെ വിവരദോഷികളെപോലെ നിങ്ങൾ നിങ്ങളുടെ സഹതാപം മുസ്ലിംകളിൽ മാത്രം പ്രത്യേകപ്പെടുത്തിവെക്കുക എന്ന് ഞാൻ പറയുന്നില്ല; അങ്ങനെയല്ല. ഞാൻ പറയുന്നുത്, നിങ്ങൾ അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും അനുകമ്പ കാണിക്കുക; അവർ ആരുമായിക്കൊള്ളട്ടെ! ഹിന്ദുവാകട്ടെ, മുസ്ലിമാകട്ടെ മറ്റാരുമാകട്ടെ. സഹതാപം തന്റെ ജനതയിൽ മാത്രം ഒതുക്കി നിറുത്താൻ ആഗ്രഹിക്കുന്നവരുടെ വാക്കുകൾ ഞാൻ ഇഷ്ടപ്പെടുന്നില്ല.

അവിടന്ന് പറയുന്നു: 'അവരുടെ ഇത്തരം വ്യർത്ഥവും സാങ്കല്പികവുമായ കാര്യങ്ങൾ വളരെവലിയ നഷ്ടമാണുണ്ടാക്കിയിട്ടുള്ളത്. അവരെ കാട്ടുജന്തുക്കളും വന്യമൃഗങ്ങളുമാക്കി. എന്നാൽ, ഞാൻ നിങ്ങളെ ആവർത്തിച്ച് ഉപദേശിക്കുന്നത് നിങ്ങളുടെ സഹതാപത്തിന്റെ വൃത്തം പരിമിതപ്പെടുത്തരുതെന്നാണ്. സഹതാപത്തിന് അല്ലാഹു നല്കിയ അധ്യാപനം പിൻപറ്റുക. *ഇന്നല്ലാഹയഅ്മുറു ബിൽ അദ്ലി വൽ ഇഹ്സാനി വ ഈത്താഇദിൽ ഖുർബാ* അതായത് ഒന്നാമതായി നന്മ ചെയ്യുന്നതിൽ നിങ്ങൾ

നീതിയെ പരിഗണിക്കുക. നിങ്ങളോടു നന്മ ചെയ്യുന്നവരോടു നിങ്ങളും നന്മ ചെയ്യുക.

രണ്ടാമത്തെ പദവി ഇതാണ്: നിങ്ങൾ അതിനേക്കാളുപരി അയാളോടു പെരുമാറുക. ഇതാണ് ഇഹ്സാൻ. ഇഹ്സാന്റെ സ്ഥാനം നീതിയേക്കാൾ ഉയർന്നതാണ്. ഇത് വലിയ കനപ്പെട്ട നന്മയാണ്. പക്ഷേ, ഇടയ്ക്കിടെ ഔദാര്യം ചെയ്യുന്നയാൾ തന്റെ ഇഹ്സാൻ എടുത്തുപറയാറുണ്ട്. എന്നാൽ, അതിനെക്കാളെല്ലാം ഉപരിയായ ഒരു ദർജയാണ്(പദവി) വ്യക്തിപരമായ സ്നേഹത്താൽ നന്മ ചെയ്യുക എന്നത്. എങ്ങനെയുള്ള നന്മയാകണമെന്നാൽ, അതുമുഖേന വ്യക്തിപരമായ സ്നേഹത്തിന്റെ പ്രകടനം ഉണ്ടാകണം. അതിൽ ഔദാ ര്യം പ്രകടിപ്പിക്കുന്നതിന്റെ ഒരംശവും ഉണ്ടാവരുത്. മാതാവ് തന്റെ കുഞ്ഞിനെ പരിപാലിക്കുന്നതുപോലെ, ആ പരിപാലനത്തിൽ ഏതെങ്കിലും പ്രതിഫലമോ നേട്ടമോ ഒന്നും ഉണ്ടാ കുകയില്ല. മറിച്ച്, സ്വതസിദ്ധമായ ഒരു ആവേശമാണത്. അവ ർ കുട്ടിയ്ക്കുവേണ്ടി തന്റെ സർവ സുഖവും വിശ്രമവും ത്യാഗം ചെയ്യുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇനി മൂന്നാമത്തെ സ്ഥാനത്തുള്ള നന്മ എന്നു പറയുന്നത് ഈത്താഇ ദിൽഖുർബാ എന്നതാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണം മാതാവാണ്; അവർ മക്കൾക്കു വേണ്ടി ചെയ്യുന്ന സേവനം. ഒരു ലൗകിക നിൽ ഈ നന്മ ഉണ്ടാകുകയേയില്ല. അവൻ ആദ്യത്തെ പടിയിൽ തന്നെയായിരിക്കും. അതിലിരിക്കുമ്പോൾ, ചെയ്ത നന്മ എടുത്തുപറയുകയുംചെയ്യും. ദരിദ്ര ഭരണകൂടങ്ങൾ അവരുടെ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കാതിരിക്കുമ്പോൾ അല്ലെ ങ്കിൽ ദരിദ്രരാഷ്ട്രങ്ങളിലെ ഭരണകൂടങ്ങൾ ഉദ്ദേശ്യങ്ങൾ പൂർ ത്തിയാക്കാതിരിക്കുമ്പോൾ ദരിദ്രരുടെ ഉന്നമനത്തിന് അവർ തങ്ങളുടെ രാജ്യങ്ങളിൽ ചെയ്യാൻ തുടങ്ങിയ പദ്ധതികളിൽ നിന്ന് കൈവലിക്കുന്നു. എന്നല്ല അവരുടെ ജീവനെടുക്കാൻ തുടങ്ങുന്നു. ഇക്കാരണത്താലാണ് ചില മുസ്‌ലിം രാഷ്ട്രങ്ങൾ ബോംബുവർഷത്തിന് കുറിമാനമായിക്കൊണ്ടിരിക്കുന്നത്. എന്നല്ല, വൻ ഇസ്‌ലാമികരാഷ്ട്രങ്ങളും ഇതേ പ്രവൃത്തി ചെയ് തു കൊണ്ടിരിക്കുന്നു. യമൻ ഇതിന് കുറിമാനമായിക്കൊണ്ടിരിക്കുന്നു; ഒരു വലിയ ഇസ്‌ലാമികരാജ്യമായ സൗദിഅറേ ബ്യയുടെ പോളിസികളെ അവർ പൂർണമായും അനുസരിച്ചില്ല. അതുകൊണ്ട് അവരുടെ പാവങ്ങളെ കൊല്ലുക. അവ രുടെ നിരപരാധികളായ കുട്ടികളെ വധിക്കുക. അവരുടെ സ്ത്രീകളെ കൊല്ലുക. അവരുടെ വൃദ്ധരെ കൊല്ലുക. സമാധാനകാംക്ഷികളായ എല്ലാ പൗരന്മാരേയും കൊല്ലുക. ഈ ചിന്താഗതി ഉണ്ടാകുമ്പോൾ പിന്നെ അല്ലാഹുവിനെ ലഭിക്കുകയില്ല. ഈ പ്രവൃത്തി അല്ലാഹുവിന്റെപ്രീതിയ്ക്കു വേണ്ടി ആയിരിക്കുകയില്ല. അതുകൊണ്ട് അല്ലാഹുവിനെ കിട്ടുകയില്ല. അതുകൊണ്ട് ഇന്ന് നിസ്വാർഥരായി പ്രവൃത്തിക്കേണ്ടത് അഹ് മദികൾ മാത്രമാണ്. രണ്ടാമത് ഈ അക്രമിയുടെ കൈകൾ തടയുന്നതിന് ദുആയും ചെയ്യേണ്ടതാണ്. ഇതു വിശദീകരി ച്ചു കൊണ്ട് ഹദ്റത്ത് മസീഹ്മൗഊദ്(അ) പറയുന്നു: 'നന്മ അതിന്റെ സ്വാഭാവികമായ നില പ്രാപിക്കുന്നരീതിയിൽ ചെ യ്യുക. കാരണം, ഏതെങ്കിലും വസ്തു പുരോഗതി നേടി അ തിന്റെ സ്വാഭാവികമായ പൂർണതവരെ എത്തുമ്പോഴാണ് അത് പരിപൂർണമാകുന്നത്.'

ഹുസൂർ തിരുമനസ്സ് പറയുന്നു: നമ്മൾ ഉന്നതമായ നിലവാരവും അല്ലാഹുവിന്റെ തൃപ്തിയും കരസ്ഥമാക്കി ക്കൊണ്ടു നന്മകൾ ചെയ്യുന്നവരായിത്തീരട്ടെ. സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നവരാകട്ടെ. ഈദിന്റെ യഥാർഥ സന്തോഷങ്ങൾ നമുക്ക് എപ്പോഴും കരസ്ഥമായിക്കൊണ്ടിരിക്കാൻ മാനവകുലത്തിന് സേവനം ചെയ്യുന്നവരാകട്ടെ.

ഇനി നമ്മൾ ദുആചെയ്യുന്നതായിരിക്കും. ദുആയിൽ നമ്മു ടെ പാവങ്ങളേയും അശരണരേയും ദരിദ്രരേയും ഓർക്കുക. നിസ്വാർഥരായി സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നവരേയും ദുആകളിൽഓർക്കുക. എല്ലാ വാഖ്ഫീനെ സിന്ദഗിയേയും ദുആകളിൽ ഓർക്കുക. ജമാഅത്തിനുവേണ്ടി ഏതു രീതിയിലും സേവനം ചെയ്യുന്നവരേയും ദുആയിൽ ഓർക്കുക. ജമാഅത്തിന്റെ പ്രവർത്തനങ്ങൾ വിശാലമാക്കുന്നതിനു വേണ്ടി ധനത്യാഗങ്ങൾ ചെയ്യുന്നവരേയും ദുആകളിൽ ഓർക്കുക. മുസ്‌ലിം ഉമ്മത്തിനുവേണ്ടി ദുആ ചെയ്യുക. പരസ്പരം രക്തംചൊരിയുന്നതിൽനിന്ന് അല്ലാഹു അവ രുടെ കൈകളെ തടയുമാറാകട്ടെ. റമളാനിലും ബോംബ് വർ ഷിച്ച് അവർ കഴിഞ്ഞ ദിവസം യമനിൽ ഒരുപാടുകുട്ടികളെ യത്തീമാക്കി. പല സ്ത്രീകളും വിധവകളായി. പലരേയും വികലാംഗരക്കി. ഒരുവകഭേദവുമില്ലാതെ അക്രമപരമായ നിലയിൽ സ്ത്രീകളുടേയും കുട്ടികളുടേയും വൃദ്ധരുടേയും ജീവി തം അവസാനിപ്പിച്ചു. അല്ലാഹു ഈ അക്രമികളുടെകൈകൾ തടയുമാറാകട്ടെ. പാക്കിസ്താനിലെ അഹ്മദികൾക്കു വേണ്ടി ദുആചെയ്യുക. അവരുടെ മേലും കഴിഞ്ഞ ചിലദിവസങ്ങളിൽ അക്രമമുണ്ടായി. ഇന്തോനേഷ്യയിലെ അഹ്മദികൾക്കും വേണ്ടിയും ദുആ ചെയ്യുക. അവിടെയും ചില പ്രദേശങ്ങളിൽ ചില അക്രമങ്ങൾ നടന്നു. ഇപ്രകാരംതന്നെ അൽജീരിയ്യയി ലെ അഹ്മദികൾക്കു വേണ്ടിയും ദുആ ചെയ്യുക. അവരിലും സർക്കാരിന്റെ ഭാഗത്തു നിന്ന് കേസുകൾ ഉണ്ടാക്കപ്പെടുന്നു. പിന്നീട് ശിക്ഷയും നല്കുന്നു. അല്ലാഹു എല്ലാവരേയും ഈ ദ്രോഹങ്ങളിൽനിന്നെല്ലാം സുരക്ഷിതമാക്കി വെക്കുകയും അവരുടെ ഈദും യഥാർഥ ഈദാക്കിത്തീർക്കുകയും യഥാ ർഥ സന്തോഷങ്ങൾ അവർക്കുണ്ടാകുകയും ചെയ്യുമാറാകട്ടെ.

# യോനായുടെ അടയാളം

യേശു തന്റെ സത്യതക്കായി പറഞ്ഞ ഒരേയൊരു തെളിവാണ് യോനായുടെ അടയാളം. ബൈബിൾ വിവരിക്കുന്ന മർമ്മ പ്രധാനമായ ഈ അടയാളം യേശു കുരിൽ വെച്ച് മരിച്ചിട്ടില്ല എന്നും ബോധരഹിതനായി കല്ലറയിൽ പ്രവേശിച്ച യേശു അബോധാവസ്ഥയിൽ നിന്നും മുക്തി നേടി കല്ലറയിൽ നിന്നും ഏഴുന്നേറ്റു വരികയാണുണ്ടായതെന്നും അസന്നിഗ്ദമായി തെളിയിക്കുന്നു. മത്സ്യത്തിന്റെ വയറ്റിൽ പെട്ട് പുറത്ത് വന്ന സംഭവത്തിന്ന് ശേഷം യോന നീനവക്കാരിൽ പ്രേഷിത പ്രവർത്തനങ്ങൾ നടത്തിയത് പോലെ യേശു കുരിശ് സംഭവത്തിന്ന് ശേഷം ഭൂമിയുടെ ഉദരത്തിൽ (കല്ലറയിൽ) മൂന്ന് നാൾ ഇരുന്നതിന്ന് ശേഷം കാണാതെ പോയ ഗോത്രങ്ങൾക്കിടയിൽ അദ്ദേഹത്തിന്റെ ദൗത്യം വിജയകരമായി പൂർത്തിയാക്കുകയായിരുന്നു.

ലേഖിക ലണ്ടനിൽ നിന്നും പുറപ്പെടുന്ന അഹ്മദിയ്യാ മുഖപത്രമായ റിവ്യൂ ഓഫ് റിലീജ്യൻസിന്റെ പത്രാധിപ സമിതിയംഗമാണ്. 1992 മുതൽ യു കെ യിലെ അഹ്മദിയ്യാ മുസ്‌ലിം വനിതാ ഗവേഷണ സംഘത്തിന്റെ കോർഡിനേറ്ററുമായി പ്രവർത്തിക്കുന്ന അവർ പ്രഗത്ഭയായ ബൈബിൾ പണ്ഡിത കൂടിയാണ്.

നവിദ സയ്യദ്, യു കെ



യോനാ പ്രവാചകന്റെ കഥ യഹൂദ ക്രിസ്ത്യൻ ഇസ്‌ലാം മതാനുയായികൾക്ക് അമൂല്യമായ ഒരു പാഠമെന്നോണം അവരുടെ മതഗ്രന്ഥങ്ങൾ വിവരിക്കുന്നുണ്ട്. പശ്ചാത്താപത്തിന്റെയും മാപ്പിന്റെയും കഥയാണത്. തിമിംഗലം അല്ലെങ്കിൽ ഭീമാകരനായ ഒരു മത്സ്യത്താൽ ജീവനോടെ വിഴുങ്ങപ്പെട്ട ദൈവത്തിന്റെ ഒരു പ്രവാചകന്റെ വൻ പരീക്ഷണത്തിന്റെ കഥയായിരുന്നു യോനായുടെ കഥ. ക്രിസ്ത്യാനികൾക്ക് യേശുവിന്റെ അടയാളമായി പറഞ്ഞ യോനായുടെ കഥ വളരെ പ്രാധാന്യമുള്ളതാണ്. കുരിശ് മരണത്തിൽ നിന്ന് യേശു എങ്ങനെ രക്ഷപ്പെട്ടുവെന്നും നഷ്ടപ്പെട്ടു പോയ ഇസ്റയേൽ ഗോത്രങ്ങളെ തേടി അദ്ദേഹം എങ്ങനെ സഞ്ചരിച്ചുവെന്നുമുള്ള കാര്യങ്ങൾ ബൈബിൾ അടിസ്ഥാനമാക്കിയും ചരിത്രപരമായും വൈദ്യശാസ്ത്ര വീക്ഷണത്തിലും നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഈ ലേഖനം യോനായുടെ അടയാളത്തെ ക്കുറിച്ചുള്ളതാണ്. യേശുവുമായി ബന്ധപ്പെട്ട യോനായുടെ അടയാളം എന്താണ് എന്നതിനെ സംബന്ധിച്ചും ക്രൂശീകരണത്തിന് ശേഷം ഈ അടയാളം യേശുവിൽ എപ്രകാരം അത് വ്യക്തമായി പുലർന്നു എന്ന കാര്യവും വിശദീകരിക്കുന്നു.

### യോനായുടെ അടയാളം

യോനായുടെ അടയാളം ബൈബിളിൽ ഇപ്രകാരമാണ്

വിവരിക്കപ്പെടുന്നത്:

*' ആൾകൂട്ടം വർധിച്ചപ്പോൾ അവൻ പറയാൻ തുടങ്ങി: 'ഈ തലമുറ ദുഷിച്ച ഒരു തലമുറയാണ്. അവർ അടയാളം അന്വേഷിക്കുന്നു. എന്നാൽ യോനായുടെ അടയാള മല്ലാതെ മറ്റൊരടയാളവും ഇതിന് നൽകപ്പെടുകയില്ല. കാരണം യോന നീനവക്കാർക്ക് അടയാളമായിരുന്ന ത് പോലെ മനുഷ്യ പുത്രൻ ഈ തലമുറക്കും അടയാളമായിരി ക്കും.'(ലൂക്കോസ് 11: 29:,30,31) യേശു മറുപടി പറഞ്ഞു: 'ദുഷ്ട വും അവിശ്വസ്തവുമായ തലമുറ യാണ് അടയാളം അന്വേഷിക്കു ന്നത്. യോനാ പ്രവാചകന്റെ അടയാളമല്ലാതെ മറ്റൊരടയാളവും അതിന് നൽകപ്പെടുകയില്ല. യോനാ മൂന്നു രാവും മൂന്നു പകലും തിമിംഗലത്തിന്റെ ഉദരത്തിലായിരു ന്നു. അതുപോലെ മനുഷ്യ പുത്രനും മൂന്ന് രാവും മൂന്ന് പകലും ഭൂമിയുടെയുള്ളിൽ ആയിരിക്കും.' (മത്തായി 1 2: 39,40,41)*

മേൽ വചനങ്ങളിൽ യേശു വളരെ സുപ്രധാനമായൊരു പ്രവചനത്തെ സംബന്ധിച്ചും അടയാളത്തെപ്പറ്റിയും സംസാരിക്കു ന്നു. മാത്രമല്ല യേശു ഊന്നി പറയുന്നത് ഈയൊരടയാളമല്ലാതെ മറ്റൊരടയാളമില്ല എന്നാണ്. അതിനാൽ നമുക്ക് ആ പ്രവചനം എങ്ങനെ പൂർത്തിയായെന്നു നോക്കാം. യേശുവിനെയും യോനായേയും താരതമ്യം ചെയ്ത ആ സുപ്രധാനമായ അടയാളം എന്താണെന്ന് നോക്കാം.

### യോനാ ജീവിക്കുകയും യേശു മരണമടയുകയുമായിരുന്നോ?

യേശുവും യോനായുമായുള്ള സാമ്യതയെ പറ്റി വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പറയുന്നു:

*'യൂനുസ് നബി(അ) (യോനാ പ്രവാചകൻ) കടലാനയുടെ വയറ്റിൽ മൂന്ന് രാപകലിരുന്നത് പോലെ മനുഷ്യ പുത്രൻ മൂന്ന് രാപ്പകൽ ഭൂമിയുടെ ഉള്ളിൽ ഇരിക്കും എന്ന് മത്തായിയുടെ സുവിശേഷ (12: 40) ത്തിൽ എഴുതപ്പെട്ടിരിക്കുന്നു. യോനാ മത്സ്യത്തിന്റെ വയറ്റിൽ മരിച്ചി രുന്നില്ല എന്നത് സ്പഷ്ടമായ സത്യമായിരുന്നല്ലോ. ഏറിയാൽ അദ്ദേഹത്തിനുണ്ടായിരുന്നത് മോഹാലസ്യം മാത്രമായിരുന്നു. അതായത് അദ്ദേഹം മത്സ്യത്തിന്റെ വയറ്റിൽ ബോധം കെട്ട് കിടക്കുക യാണുണ്ടായത്. ഇങ്ങനെ യോന മത്സ്യത്തിന്റെ വയറ്റിൽ ജീവനോടി രിക്കുകയും ജീവനോടെ പുറത്ത് വരികയും ഒടുവിൽ അദ്ദേഹത്തെ തന്റെ ജനങ്ങൾ സ്വീകരിക്കുകയും ചെയ്തുവെന്ന് ദിവ്യവേദ പുസ്തകങ്ങൾ സാക്ഷിക്കുന്നു. ആകയാൽ യേശു മിശീഹ ക്രിസ്ത്യാനികൾ പറയുന്നത് പോലെ ഭൂമിയുടെ വയറ്റിൽ മരിച്ച് കിടക്കുകയാണ് ചെയ്തിരുന്ന തെങ്കിൽ മൃതന് ജീവിച്ചിരിക്കുന്ന യാളുമായി എന്ത് സാമ്യമാണുള്ളത്. ജീവിച്ചിരിക്കുന്നവനെ മരിച്ചവനു മായി താരതമ്യപ്പെടുത്താവുന്ന തെങ്ങനെ? വാസ്തവ മെന്താണെ ന്ന് വെച്ചാൽ ഈസാ മസീഹ് ഒരു സത്യ പ്രവാചകനായിരുന്നതിനാൽ, താൻ ഏതൊരുവന്റെ പ്രിയദാസനാ ണോ ആ സത്യേക ദൈവം തീർച്ചയായും തന്നെ ശപ്ത മരണത്തിൽ നിന്നും രക്ഷിക്കുമെന്ന് അദ്ദേഹം അറിയുകയും വിശ്വസി ക്കുകയും ചെയ്തിരുന്നു.' (യേശു മിശിഹാ ഇന്ത്യയിൽ(3)*

യോനാ മത്സ്യത്തിന്റെ ഉദര ത്തിൽ ജീവനോടെ പ്രവേശിക്കുക യും ജീവനോടെ പുറത്ത് വരിക യും ചെയ്യുകയും യേശു ഭൂമിയുടെ ഉള്ളിൽ മരിച്ച് കൊണ്ട് പ്രവേശിക്കുകയും ഉയിർത്തെഴു ന്നേറ്റ് കൊണ്ട് പുറത്ത് വരികയും ചെയ്യുകയാണെങ്കിൽ സാമ്യതക്കും താരതമ്യത്തിനും യാതൊരു സാദ്ധ്യതയും ഉണ്ടാകുമായിരുന്നില്ല.

### മൂന്ന് രാവിന്റെയും മൂന്ന് പകലിന്റെയും പ്രാധാന്യമെന്ത്?

ഈ രണ്ട് പ്രവാചകരെ പറ്റിയുമുള്ള അടയാളങ്ങളെ കുറിച്ച് പറയുമ്പോൾ നാം മനസ്സിൽ സൂക്ഷിക്കേണ്ട പ്രത്യേക കാര്യം അടിസ്ഥാനപരമായി അവർ ഇരുവരും സാമ്യന്മാരാണ് (similar) അല്ലാതെ തൽസമന്മാരല്ല (idential) അതായത് ഒരു പോലെയുള്ളവര ല്ല.പലരേയും ബുദ്ധിമുട്ടിലാക്കുന്ന ഒരു കാര്യം യേശു കല്ലറയിൽ കഴിച്ചുകൂട്ടിയ രാവിന്റേയും പകലിന്റേയും എണ്ണമാണ്. അത് യോനാ മത്സ്യത്തിന്റെ ഉദരത്തിൽ കഴിച്ചു കൂട്ടിയ രാവും പകലുമായി ഒത്തുപോകുന്നില്ല എന്നതാണ്. വിശുദ്ധ ഖുർആൻ യോനായുടെ മത്സ്യത്തിന്റെ വയറ്റിൽ കഴിച്ചു കൂട്ടിയ ദിവസങ്ങളെ പറ്റി കൃത്യമായി യാതൊന്നും പറയു ന്നില്ല.

*'തീർച്ചയായും യൂനുസും ദൈവ ദൂതരിൽ പെട്ട ഒരാളാണ്. ഭാരം നിറഞ്ഞ ഒരു കപ്പലിൽ അദ്ദേഹം ഓടിച്ചെന്നപ്പോഴുണ്ടായ (സംഭവം) ഓർക്കുക. അങ്ങനെ അദ്ദേഹം (മറ്റു യാത്രക്കാരോടൊ പ്പം) നറുക്കിൽ പങ്കെടുത്തപ്പോൾ അദ്ദേഹം തള്ളപ്പെട്ടവനിൽപ്പെട്ട ആളായി തീർന്നു. അങ്ങനെ അദ്ദേഹം സ്വയം കുറ്റപ്പെടുത്തി ക്കൊണ്ടിരിക്കുമ്പോൾ ആ വലിയ മത്സ്യം അദ്ദേഹത്തെ പിടിച്ചു വിഴുങ്ങി. അപ്പോൾ അദ്ദേഹം അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തിയ ഒരാളായിരുന്നില്ലായി രുന്നുവെങ്കിൽ പുനരുത്ഥാനം ചെയ്യപ്പെടുന്ന നാൾ വരെ അതിന്റെ വയറ്റിൽ അദ്ദേഹം താമസിക്കേണ്ടി വരുമായിരുന്നു.'(37: 141 145)*

ഇത് കൂടാതെ മത്തായി 12:40 വചനത്തെകുറിച്ചുള്ള വ്യാഖ്യാന ത്തിൽ പകലും രാത്രിയെയും സംബന്ധിച്ചുള്ള ഒരു വ്യഖ്യാന ത്തിൽ പറയുന്ന പരാമർശം ഇങ്ങനെയാണ്: ***മൂന്ന് പകലും മൂന്ന് രാവും എന്നത് മുഴു പകലും മുഴു***

*രാത്രിയും ആകണമെന്നില്ല. ഇരുപത്തിനാലു മണിക്കൂറിന്റെ എതെങ്കിലും ഒരു ഭാഗം ഒരു ദിവസമായി സാധാരണ കണക്ക് കൂട്ടാറുണ്ട് (5)*

യോനായുടെ അടയാളം പരാമർശിക്കുന്നേടത്ത് എവിടെയും തന്നെ പ്രത്യേക മണിക്കൂർ, മിനുട്ട് സമയത്തേക്ക് ഭൂമിയുടെ ഉദരത്തിൽ യേശു ഇരുന്നാൽ മാത്രമേ യോനയുടെ ഈ അടയാളം പൂർത്തിയാവുകയുള്ളൂ എന്ന് പറയുന്നില്ല. വാസ്തവമെന്തെന്നാൽ യേശുവിന്റെ വചനങ്ങളിൽ തന്നെയുള്ള സാമ്യതകൾ രണ്ട് പേരുടെയും അടയാളങ്ങളിൽ മതിയായ രീതിയിൽ പൂർത്തികരിക്കപ്പെട്ടിട്ടുണ്ട്.

## യോനായുടെയും യേശുവിന്റെയും പ്രാർഥന ദൈവം കേട്ടിരുന്നു.

യോനയുടെ പരീക്ഷണത്തിലെ മറ്റൊരു ശ്രദ്ധേയമായ സാമ്യം ഈ രണ്ട് പ്രവാചകന്മാരും തങ്ങളുടെ പരീക്ഷണ വേളയിൽ ദൈവത്തോട് ഉള്ളുരുകി നടത്തിയ പ്രാർഥനകളാണ്. ദൈവം അവരിരുവരുടെയും പ്രാർഥന സ്വീകരിക്കുകയും ചെയ്തതാണ്. മത്സ്യത്തിന്റെ ഉദരത്തിൽ വെച്ച് അത്യന്തം വിഷമകരമായ അവസ്ഥയിൽ യോനാ പ്രാർഥിക്കുകയും പശ്ചാത്തപിക്കുകയും ചെയ്തതായി ബൈബിൾ പറയുന്നു:

*'അപ്പോൾ യോനാ മത്സ്യത്തിന്റെ ഉദരത്തിലിരുന്ന് തന്റെ ദൈവമായ കർത്താവിനോട് പ്രാർഥിച്ചു: ഞാൻ എന്റെ സങ്കടത്തിൽ കർത്താവിനെ വിളിച്ചു അവൻ എനിക്ക് ഉത്തരമരുളി. പാതാളത്തിൽ നിന്ന് ഞാൻ നിലവിളിച്ചു. എന്റെ സ്വരം നീ ചെവിക്കൊണ്ടു.'(യോന :2:1,2)*

നീനവക്കാരുടെ അഹങ്കാരം കാരണം കോപിഷ്ഠനായ യൂനുസ് നബി (അ) (യോന) നാട് വിടുകയും അദ്ദേഹം ആത്മാർഥമായി പശ്ചാത്തപിക്കുകയും ചെയ്തത് ഖുർആൻ വിവരിക്കുന്നു.:

*'ദുന്നൂനിനേയും സ്മരിക്കുക, അദ്ദേഹം കോപിഷ്ഠനായി പോയ അവസരത്തിൽ അദ്ദേഹത്തെ ബുദ്ധിമുട്ടിക്കുകയില്ലെന്ന് അദ്ദേഹം മനസ്സിൽ ഉറപ്പിച്ചു. പിന്നീട് അന്ധകാരത്തിൽ വെച്ച് അദ്ദേഹം വിളിച്ചു പ്രാർഥിച്ചു: 'നീയല്ലാതെ ഒരു ആരാധ്യനുമില്ല. നീ പരിശുദ്ധനാണ്. തീർച്ചയായും ഞാൻ അധർമകാരികളിൽപ്പെട്ടവനാകുന്നു. അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകി. പരിഭ്രമത്തിൽ നിന്ന് അദ്ദേഹത്തെ നാം രക്ഷിച്ചു. ഇങ്ങനെയാണ് നാം സത്യവിശ്വാസികളെ രക്ഷിക്കുക.' (21: 88,89)* 7

അപ്രകാരം യേശുവും ആസന്നമായ കുരിശു പീഢനത്തെയോർത്ത് അത്യന്തം അസ്വസ്ഥനായി. അദ്ദേഹം അത്യധികം വികാര പാരവശ്യത്തോടെ ദൈവത്തിന്റെ സഹായത്തിന് വേണ്ടി കേണപേക്ഷിച്ചു.

*'പിന്നെ യേശു അവരോടൊത്ത് ഗഥശമനി എന്ന സ്ഥലത്തെത്തി. അവൻ ശിഷ്യന്മാരോട് പറഞ്ഞു: ഇവിടെ ഇരിക്ക. ഞാൻ അവിടെപ്പോയി പ്രാർഥിക്കട്ടെ. പത്രോസിനെയും സെബദി പുത്രന്മാർ ഇരുവരേയും അവൻ കൂടെ കൊണ്ടു പോയി. അവൻ അസ്വസ്ഥനും ദുഃഖപരവശനുമായിരുന്നു. അവൻ അവരോട് പറഞ്ഞു: 'എന്റെ ആത്മാവ് മരണവേദനയോടടുത്ത ദുഃഖം അനുഭവിക്കുന്നു. ഇവിടെ നിങ്ങൾ എന്നോടൊപ്പം ഉണർന്നിരിക്കുക. അവൻ അൽപ്പം മുന്നോട്ടു പോയി കമിഴ്ന്നു വീണു പ്രാർഥിച്ചു. എന്റെ പിതാവേ സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നും നീങ്ങിപോകേണമേ. എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ' അവൻ വീണ്ടും ശിഷ്യന്മാരുടെയടുക്കൽ മടങ്ങി വന്നപ്പോൾ അവർ ഉറങ്ങുന്നതായി കണ്ടു. അവൻ പത്രോസിനോടു ചോദിച്ചു: എന്നോടൊപ്പം ഒരു മണിക്കൂർ ഉണർന്നിരിക്കാൻ നിങ്ങൾക്ക് സാധിച്ചില്ല, അല്ലേ? പ്രലോഭനത്തിൽ ഉൾപ്പെടാതിരിക്കാൻ നിങ്ങൾ ഉണർന്നിരുന്നു പ്രാർഥിക്കുക. ആത്മാവ് സന്നദ്ധം ശരീരമോ ദുർബലം. രണ്ടാം പ്രാവശ്യം അവൻ പോയി പ്രാർഥിച്ചു. 'എന്റെ പിതാവേ ഞാൻ ഇത് കുടിക്കാതെ ഈ പാന പാത്രം നീങ്ങിപ്പോകുക. സാധ്യമല്ലെങ്കിൽ നിന്റെ ഇഷ്ടം നിറവേറട്ടെ. അവൻ വീണ്ടും ശിഷ്യന്മാരുടെ അടുക്കൽ മടങ്ങിവന്നപ്പോൾ അവർ ഉറങ്ങുന്നതായി കണ്ടു. കാരണം അവരുടെ കണ്ണുകളിൽ നിദ്രാഭാരം തങ്ങി നിന്നിരുന്നു. അതുകൊണ്ട് അവൻ അവരെ വിട്ട് മൂന്നാം പ്രാവശ്യവും പോയി അതേ വാക്കുകൾ തന്നെ ആവർത്തിച്ചു പ്രാർഥിച്ചു.' (മത്തായി 26: 36 44)*

യേശു ക്രൂശിതനായപ്പോൾ വീണ്ടും വിലപിച്ചുകൊണ്ട് പ്രാർഥിച്ചു:

*ഒമ്പതാം മണിക്കൂർ വരെ നാട്ടിലെങ്ങും ഇരുട്ടു പരന്നു. 'ഏലി ഏലി ലമാ സബക്താനി' അതായത് 'എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്താണ് എന്നെ കൈവിട്ടത്' (മത്തായി 27:45,46)*

മേൽ ഉദ്ധരിച്ച ബൈബിൾ വാക്യത്തിൽ നിന്ന് യേശു സ്വയം ബലിയാവാൻ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല എന്ന് വ്യക്തം. അദ്ദേഹം അത്യധികം അസ്വസ്ഥനുമായിരുന്നു. ദൈവം തന്റെ സംപ്രീത ദാസന്റെ വിലാപങ്ങൾ കേട്ടു. അദ്ദേഹത്തെ കുരിശു മരണത്തിൽ നിന്ന് രക്ഷപ്പെടുത്തി.

## യോനയും യേശുവും അവരുടെ പ്രേഷിത ദൗത്യം പൂർത്തിയാക്കി.

യോനായും യേശുവും ജീവനോടെ അകത്ത് പ്രവേശിക്കുകയും ജീവനോടെ പുറത്ത് വരികയും ചെയ്തവരാണ്. യോന, തന്നെ

മത്സ്യം വിഴുങ്ങിയപ്പോൾ മത്സ്യത്തിന്റെ ഉദരത്തിൽ കുറച്ച് നേരം കഴിഞ്ഞു. അത് പോലെ യേശുവും ക്രുശീകരണത്തിന് ശേഷം കുരിശിൽ നിന്നും എടുക്കപ്പെട്ടപ്പോൾ ബോധരഹിതനായിരുന്നു അദ്ദേഹത്തെ കല്ലറയിൽ വെക്കപ്പെട്ടു. യേശു കുരിശിൽ നിന്ന് മരിക്കുകയും ഭൂമിയുടെ ഉദരത്തിൽ വെക്കപ്പെടുകയും പിന്നീട് ഉയിർത്തെഴുന്നേൽക്കുകയും ചെയ്തിരുന്നതെങ്കിൽ അത് യോനായുടെ അടയാളവുമായിയാതൊരു സാമ്യതയുമുണ്ടാകുമായിരുന്നില്ല.

## യോനായും യേശുവും ജീവനോടെ പ്രവേശിക്കുകയും ജീവനോടെ പുറത്തേക്ക് വരികയും ചെയ്തു.

യോനായുടെ യഥാർഥ അടയാളം, യോനാക്കും യേശുവിനും ഉണ്ടായ കടുത്ത പരീക്ഷണങ്ങൾക്ക് ശേഷമാണ് വളരെ വ്യക്തമായി വെളിപ്പെടുന്നത്. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) വിശദീകരിക്കുന്നത് കാണുക:

***'യോനാ പ്രവാചകന്റെ (അ) യഥാർഥ അടയാളം, അദ്ദേഹത്തിന് പ്രബോധന പ്രവർത്തനങ്ങൾക്കായി ഒരു നിശ്ചിത കാലം നൽകപ്പെടുകയും തന്റെ ബലഹീനതകളെ കുറിച്ച് ബോധവാനായ അതേ യോനാ തന്നെ വിജയിയായ ഒരു പരിഷ്ക്കർത്താവാണെന്ന് തെളിയിക്കുകയും ജനങ്ങൾ അദ്ദേഹത്തെ സ്വീകരിക്കുകയും അവർ സ്വയം ആന്തരികമായ ഒരു പരിവർത്തനം വരുത്തുകയും ചെയ്തു എന്നതാണ്. (Did jesus redeemed mankind? - Hadrath mirza Bashiruddin Mahmood ahamed .p.151)***

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) തുടരുന്നു:

***'മത്സ്യത്തിന്റെ വയറ്റിൽ അകപ്പെട്ടിരുന്നപ്പോൾ നീനവക്കാർ അദ്ദേഹത്തെ കണ്ടിരുന്നില്ല. അദ്ദേഹം മത്സ്യത്തിന്റെ ഉദരത്തിൽ ജീവിച്ചിരുന്നപ്പോഴും അവർ കണ്ടിരുന്നില്ല. മത്സ്യം അദ്ദേഹത്തെ വയറ്റിൽ നിന്നും പുറംതള്ളിയപ്പോഴും അവരദ്ദേഹത്തെ കണ്ടിരുന്നില്ല. യോന അവരിലേക്ക് തിരിച്ചെത്തിയപ്പോൾ, ഭയപ്പെട്ടോടിയ അതേ വ്യക്തിയെ തന്നെയാണ് അവർ കണ്ടത്.. ദൈവം ഒരുവൻ മാത്രമാണ് അദ്ദേഹത്തെ നിർബന്ധിച്ച് അവിടേക്ക് കൊണ്ടുവരികയും അദ്ദേഹത്തിന് വിജയം നൽകുകയും ചെയ്തത്. ഇത് ശക്തി പ്രതാപങ്ങളുടെ അധിപനായ ദൈവത്തിന്റെ ശക്തമായ ഒരടയാളമാണ്. നീനവയിലെ ജനങ്ങളിതിന് സാക്ഷ്യം വഹിക്കുകയുണ്ടായി. ഈസാ മസീഹും അപ്രകാരം വാദിക്കുകയുണ്ടായി. അതായത് 'യോനാ നീനവക്കാർക്ക് അടയാളമായിരുന്നത് പോലെ മനുഷ്യപുത്രനും ഈ തലമുറക്കും അടയാളമായി വരും' (ലൂക്കോസ് 11:30)***

യോനാ മത്സ്യത്തിന്റെ ഉദരത്തിൽ നിന്നും അതിജീവിക്കുകയും പ്രേഷിത പ്രവർത്തനങ്ങൾക്കായി നീനവയിൽ വരികയും ചെയ്തു. അത് പോലെ യേശു കുരിശ് മരണത്തിൽ നിന്ന് രക്ഷപ്പെടുകയും ബൈബിൾ പുതിയ നിയമത്തിൽ പറഞ്ഞത് പോലെ ഇസ്രയേൽ ഗൃഹത്തിലെ എല്ലാ ഗോത്രങ്ങളിലും വിജയകരമായ പ്രേഷിത പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

***'ഇസ്രയേൽ ഭവനത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്ക് മാത്രമാണ് എന്നെ അയച്ചിട്ടുള്ളത് ' (മത്തായി 15: 24)***

***'എന്നാൽ അവൻ അവരോട് പറഞ്ഞു: ദൈവ രാജ്യത്തിന്റെ സുവിശേഷം മറ്റു നഗരങ്ങളിലും എനിക്ക് പ്രസംഗിക്കണം. കാരണം ഇതിനാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്.' (ലൂക്കോസ്4: 44)***

***ഈ തൊഴുത്തിൽ പെടാത്ത വേറെ ആടുകളും എനിക്കുണ്ട്. അവയെയും എനിക്കു കൊണ്ട് വരണം. അവ എന്റെ സ്വരം കേൾക്കും. അങ്ങനെ ഒരു ആട്ടിൻ കൂട്ടവും ഒരു ഇടയനുമാകും' (യോഹന്നാൻ:10:16)***

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് (റ) എപ്രകാരമാണ് യേശുവിന്റെ ദൗത്യം യോനായുടെ ദൗത്യവുമായി സാമ്യമാകുന്നത് എന്ന് വിവരിക്കുന്നുണ്ട്.

........യോനാ പ്രവാചകനെ പോലെ ഈസാ മസീഹും ഇസ്രയേൽ ഗൃഹത്തിലെ കാണാതെ പോയ ഗോത്രങ്ങളുടെ അടുക്കലേക്ക് പോകുകയും അവർക്ക് ദൈവവചനം കേൾപ്പിക്കുകയും വേണം. നീനവയിലെ ജനതക്ക് യോനായുടെ വരവ് ഒരടയാളമായത് പോലെ കാണാതെപോയ ഗോത്രങ്ങൾക്ക് യേശു ഒരു അടയാള മാവുകയും വേണം (*Did jesus redeemed mankind ?- Hadrath mirza Bashiruddin Mahmood Ahamed .p.162*)

എന്നിരുന്നാലും ഹദ്റത്ത് യോനായുടേത് പോലെ ഹദ്റത്ത് മസീഹിന്റെ ദൗത്യം എളുപ്പമാ

യോനാ മത്സ്യത്തിന്റെ ഉദരത്തിൽ നിന്നും അതിജീവിക്കുകയും പ്രേഷിത പ്രവർത്തനങ്ങൾക്കായി നീനവയിൽ വരികയും ചെയ്തു. അത് പോലെ യേശു കുരിശ് മരണത്തിൽ നിന്ന് രക്ഷപെടുകയും ബൈബിൾ പുതിയ നിയമത്തിൽ പറഞ്ഞത് പോലെ ഇസ്രയേൽ ഗൃഹത്തിലെ എല്ലാ ഗോത്രങ്ങളിലും വിജയകരമായ പ്രേഷിത പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

യിരുന്നില്ല. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) അക്കാര്യം കൂടുതൽ വിശദീകരിക്കുന്നത് കാണുക.

*'ഹദ്റത്ത് യോനാ പ്രവാചകൻ നീനവയിലേക്ക് പോകാൻ ഭയപ്പെട്ടിരുന്നത് പോലെ ഹദ്റത്ത് ഈസാ മസീഹും അഫ്ഘാനിസ്ഥാനിലേക്കും കശ്മീരിലേക്കും പോകുവാൻ ഭയപ്പെട്ടിരുന്നു. അവിടേക്ക് പോകുന്നതോടെ ഈസാ മസീഹിന് തന്റെ ഭാഷ ഉപേക്ഷിക്കേണ്ടിവരും. അദ്ദേഹത്തിന്റെ ഉറ്റവരേയും ഉടയവരേയും വിട്ടുപോകേണ്ടി വരും. യേശുവിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ജനതക്കിടയിൽ ഫലസ്തീനിൽ തന്നെ താമസിച്ച് പ്രേഷിത പ്രവർത്തനങ്ങൾ നടത്തുക എളുപ്പമായിരുന്നു. യോനാ തന്റെ ദൗത്യത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ നോക്കിയപ്പോൾ ദൈവം ചില സാഹചര്യങ്ങൾ സൃഷ്ടിച്ചു കൊണ്ട് അദ്ദേഹത്തെ നീനവയിലേക്ക് കൊണ്ട് വരാൻ സമ്മർദം ചെലുത്തുകയാണുണ്ടായത്. സർവശക്തനായ അല്ലാഹുവിൽ നിന്ന് ഒഴിഞ്ഞുമാറുന്നത് ഉചിതമല്ല എന്ന ബോദ്ധ്യം അദ്ദേഹത്തിൽ ദൈവം സൃഷ്ടിച്ചു. ദൈവം ഏവിടേക്കാണോ പോകണമെന്ന് ഉദ്ദേശിച്ചത് അത് അദ്ദേഹം ഏറ്റെടുക്കേണ്ടതുണ്ടായിരുന്നു. യേശുവിന്റെ കാര്യത്തിലും അപ്രകാരം തന്നെയായിരുന്നു. സർവശക്തനായ അല്ലാഹു അദ്ദേഹത്തെ കശ്മീരിലേക്കും അഫ്ഘാനിസ്ഥാനിലേക്കും പോവാൻ യോനയെ നിർബന്ധിച്ചത് പോലെയുള്ള സമ്മർദ്ദങ്ങൾ നിമിത്തമാക്കുകയായിരുന്നു. ..... എപ്പോഴാണ് നീനവയിലേക്ക് പ്രേഷിത പ്രവർത്തനത്തിനായി യോനാ പോയത്? മത്സ്യത്തിന്റെ ഉദരത്തിൽ നിന്ന് പുറത്ത് വന്നതിന് ശേഷമാണ് എന്നാണ് അതിനുത്തരം. അപ്രകാരം യേശു മിശിഹായുടെ യഥാർഥത്തിലുള്ള ദൗത്യകാലം ആരംഭിക്കുന്നത് അദ്ദേഹം കല്ലറയിൽ നിന്ന് എഴുന്നേറ്റു വന്നതിന് ശേഷമാണ്. അദ്ദേഹം കാണാതെ പോയ ഇസ്രയേൽ ജനത്തെ ഒരുമിച്ചു കൂട്ടിയില്ലായിരുന്നുവെങ്കിൽ അദ്ദേഹമൊരു കള്ളവാദിയാണെന്ന് തെളിയിക്കപ്പെടുമായിരുന്നു. (അത്തരം തെറ്റായ വിശ്വാസത്തിൽ നിന്ന് നാം ദൈവത്തിൽ അഭയം തേടുന്നു.) (Did jesus redeemed mankind? - Hadrath mirza Bashiruddin mahmood ahamed .p.162, 163, 164)*

## യേശു യോനായുടെ അടയാളം പൂർത്തിയാക്കുന്നു.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) യോനായുടെ വാഗ്ദത്ത അടയാളത്തെ പരാമർശിച്ചു കൊണ്ട് പറയുന്നു:

*'ഹദ്റത്ത് ഈസാ മസീഹ് ഒരു സത്യപ്രവാചകനായിരുന്നതിനാൽ, താൻ ഏതൊരുവന്റെ പ്രിയദാസനാണോ ആ സത്യേക ദൈവം തീർച്ചയായും തന്നെ ശാപമരണത്തിൽ നിന്ന് രക്ഷിക്കുമെന്ന് അദ്ദേഹത്തിന് ബോധിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നു. തന്മൂലം അദ്ദേഹം തനിക്ക് ദൈവത്തിൽ നിന്നുമുണ്ടായ വെളിപാടനുസരിച്ച് ഒരു പ്രവചനമെന്ന നിലയിലാണ് ഈ ഉപമ എടുത്ത് പറഞ്ഞിരിക്കുന്നത്. താൻ കുരിശിൽ വെച്ച് മരിക്കുകയില്ലെന്നും ആ ശാപമരണത്തിന്മേൽ പ്രാണൻ വിടുകയില്ലെന്നും മറിച്ച് യോനാ പ്രവചകനെ പോലെ മോഹാലസ്യപ്പെടുക മാത്രമാണ് ഉണ്ടാകുകയെന്നും അദ്ദേഹം പ്രസ്തുത ഉപമകൊണ്ട് സൂചിപ്പിച്ചിരിക്കുകയാണ്. തന്നെയുമല്ല, താൻ ഭൂമിയുടെ വയറ്റിൽ നിന്ന് പുറത്ത് വന്നതിന് ശേഷം തന്റെ ജനങ്ങളുമായി കാണുകയും യോനായെ പോലെ താൻ അവരുടെ ഇടയിൽ ബഹുമാനിതനായി ഭവിക്കുകയും ചെയ്യുമെന്ന് കൂടി അതിൽ സൂചിതമായിരിക്കുന്നുണ്ട്. അപ്രകാരം ഈ പ്രവചനം നിവൃത്തിയാവുകയും ചെയ്തു.*

*എങ്ങനെയെന്നാൽ ഭൂമിയുടെ ഉദരത്തിൻ നിന്ന് പുറത്തുവന്നതിൽ പിന്നെ മിശിഹാ കശ്മീർ, തിബത്ത് തുടങ്ങിയ പൂർവ ദേശങ്ങളിൽ വസിക്കുന്നുണ്ടായിരുന്ന തന്റെ ജനങ്ങളുടെ അടുക്കൽ അതായത് അസ്സൂറിയാ രാജാവായിരുന്ന ശാലമൻസർ (ക്രി. മു 721 ൽ സാമിരിയ്യാ (സുമേറിയൻ) യിൽ നിന്ന് തടവുകാരായി പിടിച്ചു കൊണ്ടു പോയ പത്തു ഗോത്രക്കാരിൽ പെട്ട ഇസ്രായേൽ സന്തതികളുടെ അടുക്കൽ ചെല്ലുകയുണ്ടായി. ആ പത്തു ഗോത്രക്കാർ ഇന്ത്യയിൽ വന്നു ഈ രാജ്യത്തിലെ വിവിധ ഭാഗങ്ങളിൽ കുടിയേറി പാർക്കുന്നുണ്ടായിരുന്നു. അതിനാൽ മശീഹാ ഈ പ്രദേശങ്ങളിൽ സഞ്ചരിച്ചിരുന്നിരിക്കേണ്ടതാവശ്യമാണ്. അദ്ദേഹത്തിന് ലഭിച്ച ദിവ്യദൗത്യത്തിന്റെ പരമലക്ഷ്യം, കാണാതെ പോയ ആടുകളായ യഹൂദ ഗോത്രക്കാരെ കണ്ടുപിടിച്ച് അവർക്ക് സന്ദേശം എത്തിച്ചു കൊടുക്കുക എന്നുള്ളതായിരുന്നു. ആ കുടിയേറിയ ജൂത വർഗക്കാർ തന്നെയായിരുന്നു ഇസ്രയേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകൾ. അവർ ഈ പൂർവ രാജ്യങ്ങളിൽ താമസമുറപ്പിച്ചതിൽ പിന്നെ തങ്ങളുടെ പൂർവിക മതം ഉപേക്ഷിക്കുകയും അവരിൽ ഭൂരിഭാഗവും ബുദ്ധമതം അവലംബിക്കുകയും ചെയ്തു. ക്രമേണ വിഗ്രഹാരാധകരായി അധഃപതിക്കുകയും ചെയ്തു. കശ്മീർ നിവാസികൾ വാസ്തവത്തിൽ ജൂതന്മാരായിരുന്നുവെന്നും അസൂറിയാ രാജാവിന്റെ ആക്രമണഫലമായി ചിതറിപ്പോകുകയും ഈ രാജ്യത്ത് കുടിയേറിപ്പാർത്തു തുടങ്ങുകയും ചെയ്തിട്ടുള്ളവരായിരുന്നു എന്നും അനേകം പണ്ഡിതന്മാരുടെ പ്രമാണങ്ങളെ ഉദ്ധരിച്ച് കൊണ്ട് പാശ്ചാത്യ സഞ്ചാരിയായ ഡോ. വില്യം ബർണിയർ തന്റെ സഞ്ചാരക്കു*

*റിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (Hadrath mirza Ghulam Ahmad 'jesus in india ' p. 17, 18)*

### ഉപസംഹാരം

യേശു കുരിശിൽ മരിച്ചിട്ടില്ല എന്ന യാഥാർഥ്യത്തിലാണ് യോനായുടെ അടയാളം വ്യക്ത മായും പുലരുന്നത്. വാസ്തവ ത്തിൽ അദ്ദേഹം വൃദ്ധനാകുന്നത് വരെ തന്റെ ദൈവത്താൽ നിയോഗിതമായ പ്രേഷിത യാത്ര തുടരുകയാണുണ്ടായത്. വിശുദ്ധ ഖുർആൻ പറയുന്നു:

***'നാം ഇബ്നു മറിയമിനേയും അദ്ദേഹത്തിന്റെ മാതാവിനേയും ഒരു അടയാളമാക്കിയിരിക്കുന്നു. നാം അവർക്ക് രണ്ട് പേർക്കും നിവാസ യോഗ്യവും ഒഴുകുന്ന വെള്ളമുള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് അഭയം നൽകി.'(3:51)***

***'മേൽ കൊടുത്ത വചനം അർഥമാക്കുന്നതെന്തെന്നാൽ ദൈവത്തിന്റെ ദൂതന്മാർ ആദ്യം നിഷേധിക്കപ്പെടുകയും അവസാ നം അവർ വിജയിയാവുകയും ചെയ്യുമെന്നാണ്. അവരുടെ നിഷേധകർ ഈ ദൈവിക നിയമത്തിന്നനുസൃതമായി ദുഃഖി തരായി തീരും. അവസാനത്തെ ഇസ്റയേലി പ്രവാചകനായ യേശു തന്റെ എതിരാളികളാൽ കടുത്ത പീഢനങ്ങൾക്കിരയാവുകയും അവർ അദ്ദേഹത്തെ കുരിശിൽ തറക്കുകയും ചെയ്തു. പക്ഷേ ദൈവത്തിന്റെ നിയമവും വാഗ്ദാനവുമനുസരിച്ച് ദൈവം അദ്ദേഹത്തെ ശപിക്കപ്പെട്ട കുരിശു മരണത്തിൽ നിന്ന് രക്ഷിച്ചു. അദ്ദേഹത്തിന്റെ ദിവ്യദൗത്യം ആദ്യകാലത്ത് പ്രത്യക്ഷത്തിൽ പരാജയമാണെന്ന് തോന്നിയെങ്കി ലും ദൈവം അദ്ദേഹത്തിന് തന്റെ മാതാവിനോടൊപ്പം ഹരിതാഭവും ഒഴുകുന്ന ജലമുള്ളതുമായ ഒരു ദേശത്ത് അഭയം നൽകി. അദ്ദേഹ ത്തിന്റെ ദൗത്യം പുരോഗമിച്ച് പുഷ്ക്കലമാവുകയും മനുഷ്യാ യുസ്സിനനുവദിച്ച പൂർണമായ പ്രായത്തിൽ അദ്ദേഹം അവിടെ വെച്ച് ദിവംഗതനാകുകയും ചെയ്തു. യേശുവിന്റെ മരണം അദ്ദേഹത്തിന്റെ ജനനം പോലെ തന്നെ വിവാദാത്മകവും ആശയ ക്കുഴപ്പവും സംശയങ്ങളും ഉണ്ടാക്കുന്നതാണ്. അദ്ദേഹത്തിന്റെ സംഭവബഹുലമായ അവസാന കാല ജീവിതം എങ്ങനെ എവിടെ വെച്ച് അവസാനിച്ചുവെന്നത് വിവാദമായി തുടരുകയാണ്. അദ്ദേഹം എങ്ങനെ മരിച്ചു വെന്നതു ക്രിസ്ത്യൻ വിശ്വാസ ത്തിൽ ഒരു ചോദ്യചിഹ്നമായി നിൽക്കുന്നു. (The holy Quran with English translation and commentary p. 1804)***

യേശു കുരിശിൽ വെച്ച് മരിച്ചിട്ടില്ല എന്നത് തീർച്ചയാണ്. പിന്നെയെവിടെ നിന്നാണ് അദ്ദേഹം മനുഷ്യരാശിക്ക് വേണ്ടി കുരിശിൽ വെച്ച് മരിച്ചുവെന്ന വിശ്വാസം വന്നത്? പോൾ (പൗലൂസ് അപ്പോസ്തലൻ) ആണ് യേശു കുരിശിൽ മരിച്ചുവെന്ന വിശ്വാസ ത്തിലൂടെ മാത്രമേ മാനവരാശി രക്ഷിക്കപ്പെടുകയുള്ളു എന്ന വിശ്വാസം കെട്ടിച്ചമച്ചത്. ബൈബിൾ പറയുന്നു:

***'അതുകൊണ്ട് കർത്താവായ യേശു എന്ന് ചുണ്ടുകൾ കൊണ്ട് ഏറ്റു പറയുകയും അവനെ മരിച്ചവരിൽ നിന്ന് ദൈവം ഉയർപ്പിച്ചുവെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും, കാരണം മനുഷ്യൻ സ്വഹൃദയം കൊണ്ട് വിശ്വസിക്കുന്നു. അങ്ങനെ നീതീ കരിക്കപ്പെടുന്നു, തന്റെ ചുണ്ടുകൾ കൊണ്ട് ഏറ്റു പറയുന്നു. അങ്ങനെ രക്ഷിക്കപ്പെടുന്നു. അവനിൽ വിശ്വസിക്കുന്ന ഒരുവനും ലജ്ജിത നാകുകയില്ല എന്ന് വിശുദ്ധ ലിഖിതം പറയുന്നു. ഇതിൽ യഹൂദനെന്നോ ഗ്രീക്കുകാരനെ ന്നോ ഉള്ള ഭേദം ഇല്ല. കർത്താവ് എല്ലാവരുടെയും കർത്താവാകു ന്നു. തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടേയും മേൽ അവൻ തന്റെ സമൃദ്ധി വർഷിക്കുന്നു. കാരണം കർത്താവിന്റെ നാമം വിളിച്ച് അപേക്ഷിക്കുന്ന ഏവരും രക്ഷിക്കപ്പെടും.' (റോമർ 10: 9 13)***

എന്തായിരുന്നാലും യേശു കുരിശിൽ വെച്ച് മരിച്ചില്ലെങ്കിൽ പോളിന്റെ ക്രിസ്തു മതത്തെ സംബന്ധിച്ച നിലപാട് തെറ്റാണെന്ന് വരും. അദ്ദേഹത്തിന്റെ വാദം മാനവരാശിയുടെ പാപത്തിന് വേണ്ടി യേശു കുരിശിൽ ബലി യായി എന്നാണ്. യേശുവിന്റെ കുരിശ് മരണത്തോടെ ന്യായപ്രമാ ണം അവസാനിച്ചു എന്നാണ് പോളിന്റെ പക്ഷം. അതിനർഥം മനുഷ്യന് നിയമം അനുസരി ക്കേണ്ടതില്ല. യേശുവിലുള്ള വിശ്വാസം മാത്രം മോക്ഷത്തിലേക്ക് നയിക്കും എന്നാണ്. ബൈബിൾ പറയുന്നു: ***'കാരണം ക്രിസ്തു നിയമത്തിന്റെ പൂർത്തീകരണ മായിരിക്കെകൊണ്ട് വിശ്വസിക്കുന്ന ഏവനും നീതികരിക്കപ്പെടും' (റോമക്കാർ 10:4)***

യേശു കുരിശിൽ വെച്ച് മരിച്ചിട്ടില്ല എന്ന് വിശ്വസിക്കുന്ന അ നേകം പേർ ലോകത്തുണ്ട്. അദ്ദേഹം സ്വയ ഇഷ്ടപ്രകാരം ബലിയായിട്ടില്ല. അദ്ദേഹം ലോക ത്തിന്റെ പാപത്തിന് വേണ്ടിയും ബലിയായിട്ടുമില്ല എന്നാണ്. അദ്ദേഹം ദൈവത്തിന്റെ വലത് ഭാഗത്ത് ഇരിക്കുന്നുമില്ല. യേശു അദ്ദേഹത്തിന്റെ ദൗത്യം വിജയ കരമായി പൂർത്തിയാക്കുകയും ഇസ്ലാമിന്റെ വഴിയിലേക്ക് പാത യൊരുക്കുകയും ചെയ്ത ദൈവ ത്തിന്റെ പല പ്രവാചകന്മാരിൽപ്പെട്ട ഒരു പ്രവാചകനാണ്. ഇസ്ലാമിൽ യഥാർഥ മോക്ഷത്തിന് ഒരു ശുപാർശകന്റേയും മധ്യസ്ഥന്റെ യും ആവശ്യമില്ല. അത് ഏതൊരു വ്യക്തിക്കും സർവഗുണങ്ങളു ടെയും സ്റോതസ്സായ ജീവിക്കുന്ന ദൈവത്തിൽ വിശ്വസിച്ചും ആത്മാർഥമായ ആരാധന കൊണ്ടും നേടിയെടുക്കാവുന്നതാ ണ്.

# നല്ല ആഹാരം: വിശുദ്ധ ഖുർആന്റെ മാർഗ്ഗ ദർശനം

നല്ലതു തിന്നുക കുടിക്കുക എന്നതിന്റെ പ്രാധാന്യം ശാരീരികമെന്ന പോലെ ആത്മീയമായും ബന്ധപ്പെട്ടതാണ്. ആരോഗ്യവും സന്തുലിതവുമായ ജീവിതം നിലനിർത്താൻ എന്താണ് ഭക്ഷിക്കേണ്ടത് എന്ത് ഭക്ഷിച്ചു കൂടാ എന്നീ കാര്യത്തിൽ വിശുദ്ധ ഖുർആൻ വളരെയധികം മാർഗ്ഗദർശനം നൽകുന്നുണ്ട്.

ഡോ. ലത്തീഫ് ഖുറേശി, യു കെ.

### ആഹാരത്തിലെ ഘടകങ്ങൾ

ശരീരത്തെ ആരോഗ്യത്തോടെ നിലനിർത്താൻ നല്ലതും സന്തുലിതവുമായ ആഹാരം സുപ്രധാനമാണ്. ആഹാരത്തിൽ പ്രാഥമികമായുണ്ടാകേണ്ട ഘടകം ദ്രാവകമാണ്. മുഖ്യമായും ജലം. ശരീരത്തിന്റെ മർമ പ്രധാനമായ പ്രവർത്തനങ്ങൾക്ക് ഇത് ആവശ്യമാണ്. രണ്ടാമത്തെ പരിഗണന ആഹാരത്തിൽ നിന്ന് ലഭിക്കുന്ന ഊർജമാണ്. ഇവയാകട്ടെ പ്രായം, ലിംഗഭേദം ഒരു വ്യക്തിയുടെ ശാരീരിക പ്രവർത്തനങ്ങളുടെ അളവ് എന്നിവയെ ആശ്രയിച്ചിരിക്കും. ദിവസന്തോറും വ്യത്യസ്തമായേക്കും. ശരീരത്തിൽ നടക്കുന്ന ജീവിതാധാരമായ പ്രക്രിയകൾക്കാവശ്യമായ ഊർജം ലഭ്യമാക്കുന്നത് പ്രധാനമായും ഗ്ലൂക്കോസ് ആണ്. വിവിധ തരം ധാന്യങ്ങൾ, പച്ചക്കറികൾ എന്നിവയിൽ കാണപ്പെടുന്ന സ്റ്റാർച്ച് അഥവാ സങ്കീർണമായ കാർബോ ഹൈഡ്രെറ്റ് തന്മാത്രകളുടെ വിഘടനം മൂലമാണ് പ്രധാനമായും ഗ്ലൂക്കോസ് ലഭ്യമാകുന്നത്. ഗ്ലൂക്കോസ് ഓക്സിജനോടൊപ്പം രക്തത്തിൽ കൂടി ശരീരത്തിന്റെ എല്ലാ കോശവ്യൂഹങ്ങളിലേക്കും നിരന്തരം പരിക്രമണം നടത്തുകയും ദിവസം മുഴുവനും ആവശ്യമായ ഊർജം പ്രദാനം ചെയ്യുകയും ചെയ്യുന്നു. ശരീരോർജത്തിന്റെ ആവശ്യത്തിൽ കവിഞ്ഞ് ഭക്ഷണവും കൊഴുപ്പുരൂപത്തിൽ ശരീരത്തിൽ സൂക്ഷിക്കപ്പെടുന്നു. ശരീരത്തിൽ രാസ പ്രവർത്തനങ്ങൾ നടക്കുമ്പോൾ തൂക്കത്തിന്റെ അടിസ്ഥാനത്തിൽ കാർബോഹൈഡ്രേറ്റുകളേയും ഊർജം പ്രദാനം ചെയ്യുന്ന വസ്തുക്കളേയും അപേക്ഷിച്ച് കൊഴുപ്പ് നൽകുന്നത് ഇരട്ടി കലോറിയാണ്. അതിനാൽ കുറഞ്ഞതോതിൽ മാത്രമേ ഇത് ശരീരത്തിൽ സംഭരിക്കപ്പെടേണ്ടതുള്ളു. വളർച്ചാപ്രക്രിയക്കും തേയ്മാനം തീർക്കാനും പകരം വെക്കാനും പ്രോട്ടീൻ ആവശ്യമാണ്. പ്രോട്ടീൻ നിർമിക്കാൻ മനുഷ്യ ശരീരം പ്രാപ്തമാണെങ്കിലും അതിനാവശ്യമായ അമിനോ ആസിഡുകൾ വേണം. ചിലവ ശരീരത്തിനകത്ത് തന്നെ നിർമിക്കപ്പെടുന്നു. ചിലവ മാംസത്തിൽ നിന്നും പച്ചക്കറികളിൽ നിന്നും ലഭിക്കുന്നു. പ്രത്യേകിച്ച് പയർ വർഗങ്ങളിൽ നിന്നും ലഭിക്കുന്നു. പച്ചക്കറികളിൽ നിന്ന് ലഭിക്കുന്ന പ്രോട്ടീൻ മാത്രം ശരീര വളർച്ചക്ക് മതിയാവുന്നില്ല. ചില തരം അമിനോ ആസിഡുകൾ പച്ചക്കറികളിൽ നിന്ന് ലഭിക്കുന്നില്ല. അവ മൃഗ പ്രോട്ടീനുകളിൽ നിന്നാണ് ലഭിക്കുന്നത്.

നല്ല ആഹാരം ശരീരത്തിനാവശ്യമായ ലവണങ്ങളും ഇലക്ട്രോലൈറ്റുകളും പ്രദാനം ചെയ്യുന്നു. എല്ലുകൾക്ക് ശക്തി നൽകുന്ന ഒരു ലവണമാണ് കാൽസിയം. അത് പാലിൽ നിന്നു ലഭിക്കുന്നു. തുടക്കം മുതൽക്കേ ഇത് ശരീരത്തിന് ആവശ്യവുമാണ്. ശരീരത്തിൽ പ്രധാന പ്രവർത്തനം നടത്തുന്ന ഒരു ലവണമാണ് ഇരുമ്പ്. ശരീരത്തിൽ ഇരുമ്പിന്റെ സംഭരണി തന്നെയുണ്ട്. ആഹാരത്തിൽ കൂടി ഇരുമ്പ് സംഭരണി നിറക്കേണ്ടതുണ്ട്. ശരീരത്തിൽ വളരെ പ്രധാന കൃത്യങ്ങൾ നിർവഹിക്കുന്ന സിങ്ക്, മഗ്നീഷ്യം, കോബാൾട്ട് എന്നീ ലവണങ്ങളാണ്. മാംസവും പുത്തൻ പഴങ്ങളും പച്ചക്കറികളും ഇവയെ ശരീരത്തിന് പ്രദാനം ചെയ്യുന്നു. ശരീര ടിഷ്യൂ കോശങ്ങൾക്കിടയിലും പുറത്തും അനിവാര്യമായ ധർമങ്ങൾ നിർവഹിക്കുന്ന ഇലക്ട്രോലൈറ്റുകളാണ് സോഡിയവും പൊട്ടാസ്യവും. അവയുടെ കേന്ദ്രീകരണം ഒരു പ്രത്യേക പരിധിക്കുള്ളിൽ സ്ഥിരമായി നിലകൊള്ളുന്നു. വളരെ നല്ല സന്തുലിതാവസ്ഥ നിലനിർത്തുന്നതിനാവശ്യമായ സങ്കീർണമായ ഒരു

വ്യവസ്ഥയുണ്ട്. വൃക്കകളും ഉദരവും മറ്റു നിരവധി അവയവങ്ങളും ഇക്കാര്യത്തിൽ പ്രധാന പങ്കു വഹിക്കുന്നു. കറിയുപ്പും പഴങ്ങളും പച്ചക്കറികളുമാണ് ഈ ഇലക്ട്രോലൈറ്റുകൾ ശരീരത്തിന് നൽകുന്നത്.

ജീവകങ്ങൾ (vitamin) രണ്ടു വിധമുണ്ട്. ദീർഘകാല ഉപയോഗത്തിന് ശരീരത്തിൽ സംഭരിച്ചു വെക്കപ്പെടുന്ന ജീവകമാണ് ഒന്ന്. അവയെ കൊഴുപ്പിൽ ലയിപ്പിക്കുന്ന ജീവകങ്ങൾ എന്ന് പറയുന്നു. ഇവ പ്രധാനമായും ജീവകങ്ങൾ എ, ഡി, കെ എന്നിവയാണ്. പാൽ, മത്സ്യം, എണ്ണ എന്നിവയിൽ നിന്നാണ് ഇവ ലഭിക്കുന്നത്. ശരീരത്തിൽ പരിമിതമായി സംഭരിച്ചു വെക്കപ്പെടുന്നതിനാൽ പതിവായി നൽകപ്പെടേണ്ട മറ്റു ജീവകങ്ങളുമുണ്ട്. ഇവയെ ജലത്തിൽ ലയിക്കുന്ന ജീവകങ്ങൾ എന്ന് പറയുന്നു. ഏകദേശം പന്ത്രണ്ടോളം വരുന്ന ബി കോംപ്ലക്സ് ജീവകങ്ങളും ജീവകം ബിയുമാണവ. പുത്തൻ പച്ചക്കറികളും പഴങ്ങളുമാണ് ഈ ജീവകങ്ങൾ നൽകുന്നത്.

ഔഷധ ഫലങ്ങൾ ഉള്ള ചില വസ്തുക്കളും ഭക്ഷണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചായ, കാപ്പി, ആൾക്കഹോൾ ഇല്ലാത്ത കോള പാനീയങ്ങൾ, ആൾക്കഹോളിക പാനീയങ്ങൾ, സിഗരറ്റ്, ചുരുട്ട് പുകയിലയുടെ മറ്റു ഉൽപന്നങ്ങൾ എന്നിവ നിരവധി രാജ്യങ്ങളിൽ ആഹാരത്തിന്റെ ഭാഗമായി ഉപയോഗിക്കപ്പെടുന്നു. ഇവ തലച്ചോറിന് മേൽ പ്രകടമായ ഫലങ്ങളുളവാക്കുന്നു. കഫീനും ചായയുടെ ഒരു ഘടകവും കാപ്പിയും കോള പാനീയങ്ങളും മനുഷ്യന്റെ തലച്ചോറിനെ ഉദ്ദീപിപ്പിക്കുന്നു. അവ തലച്ചോറിലുണ്ടാക്കുന്ന ഉത്തേജക ഗുണങ്ങളുടെ ഫലമായി ഒരു ഉണർവും ഉന്മേഷവും ഉണ്ടാകുന്നു. ഇതൊരു ശീലമാവുകയും ചിലർ അവക്കടിമപ്പെടുകയും ചെയ്യുന്നു. ആൾക്കഹോളിക്ക് പാനീയങ്ങളുടെ ഒരു ഘടകമായ ഈതൈൽ ആൾക്കഹോൾ മനുഷ്യ മസ്തിഷ്ക്കത്തിന് നിന്മാവസ്ഥയുണ്ടാക്കുന്നു. തുടക്കത്തിൽ സുഖത്തിന്റേയും വിശ്രമത്തിന്റേയും പ്രതീതിയുണ്ടാക്കുന്നു. തുടർന്ന് അത് തലച്ചോറിന്റെ പ്രവർത്തനങ്ങൾ ക്രമരഹിതമാക്കുന്നു. പിന്നീട് അബോധാവസ്ഥയിലേക്കും മരണത്തിലേക്ക് പോലും നയിക്കുന്നു. ഇതൈയിൽ ആൾക്കഹോൾ ശീലമുണ്ടാക്കുന്നതും അടിമപ്പെടുത്തുന്നതുമായ വസ്തുവാണ്. അതിന്റെ വിഷമയമായ ദൂഷ്യഫലങ്ങൾ കരൾ, ഹൃദയം, തലച്ചോർ എന്നിവയെ ബാധിക്കുന്നു.

പുകയിലയിൽ അടങ്ങിയിരിക്കുന്ന നിക്കോട്ടിൻ നാഡീവ്യവസ്ഥ്യയിൽ സങ്കീർണമായ ഫലങ്ങളുണ്ടാക്കുന്നു. അത് ശല്യമുണ്ടാക്കുന്നതും അടിമപ്പെടുത്തുന്നതുമാണ്. അർബുദം, ഹൃദ്രോഗം മുതലായവക്ക് കാരണമായ വിഷവസ്തുക്കളടങ്ങിയ രാസവസ്തുക്കളിൽ നിക്കോട്ടിൻ അടങ്ങിയിരിക്കുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്.

നാം കഴിക്കുന്ന ഭക്ഷണം മുഴുവൻ ദഹിക്കുന്നില്ല. എന്നാൽ ഉദരത്തിൽ അത് മറ്റു ചില പ്രധാന ധർമങ്ങൾ നിർവഹിക്കുന്നു. നാരുകളും സെല്ലുകളും അത്തരത്തിലുള്ളതാണ്. അവ ധാന്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവയിൽ കണ്ടുവരുന്നു. അവ ഭക്ഷണത്തിന്റെ അളവ് കൂട്ടുകയും ഉദരത്തിൽ നിന്നും പല വസ്തുക്കളും പ്രത്യേകിച്ച് പഞ്ചസാര ആഗിരണം ചെയ്യുന്നതിനെ ദൃഢമാക്കാൻ സഹായിക്കുകയും ചെയ്യുന്നു.

പലപ്പോഴും നാം ഭക്ഷണത്തിൽ ചേർക്കുന്ന സുഗന്ധ ദ്രവ്യങ്ങൾ അതിനെ സ്വാദിഷ്ടമാക്കുന്നു. സവാള, വെള്ളുള്ളി, ഇഞ്ചി, പൊതിന ചപ്പ്, ഗ്രാമ്പൂ, മല്ലി, ഏലക്കാ തുടങ്ങിയ സാധനങ്ങൾ കൂടുതൽ നല്ല മണം ഉണ്ടാകാൻ വേണ്ടിയാണ് നാം ചേർക്കുന്നത്. മത്സ്യം, സമുദ്രോൽപന്നങ്ങൾ മുതലായവയുടെ രൂക്ഷമായ ഗന്ധം മറച്ചു വെക്കാനാണ് നാമിത് ഉപയോഗിക്കുന്നത്. ചില വസ്തുക്കൾ നാം ചേർക്കുന്നത് നിറം നൽകപ്പെടുവാനാണ്. മഞ്ഞൾ, കുങ്കുമപ്പൂ, ചുകന്ന മുളക് എന്നിവ ഈ വിഭാഗത്തിൽ പെടുന്ന പ്രകൃതി വസ്തുക്കളാണ്. ഇപ്പോൾ സിന്തറ്റിക്ക് വസ്തുക്കളും ഉപയോഗത്തിലുണ്ട്. തേൻ, പഞ്ചസാര, ലാക്റ്റോസ് മുതലായവ മധുരത്തിന് വേണ്ടി നാം ഉപയോഗിക്കുന്നു. ഭക്ഷണ സാധനങ്ങൾ സൂക്ഷിച്ചു വെക്കാനും ഇത് ഉപയോഗിക്കുന്നു. എന്നാൽ ഭക്ഷ്യ വ്യവസായത്തിൽ ഇപ്പോൾ മധുരത്തിന് വേണ്ടിയും ഭക്ഷണ സാധനങ്ങൾ സൂക്ഷിച്ചു വെക്കുന്നതിനും പൊതുവിൽ നിരവധി രാസവസ്തുക്കൾ ഉപയോഗിക്കുന്നു.

### സന്തുലിതാഹാരം

ദോഷ ഫലങ്ങളുളവാക്കാതെ എല്ലാം അടങ്ങിയ ആഹാരത്തിനാണ് സന്തുലിതാഹാരം എന്ന് പറയുന്നത്. ദിനേന ആവശ്യമുള്ള ദ്രാവകങ്ങൾ, ഊർജം, വിറ്റാമിനുകൾ, ലവണങ്ങൾ തുടങ്ങിവയിലെല്ലാം സന്തുലിതാഹാരത്തിൽ അടങ്ങിയിരിക്കണം. ഓരോ മനുഷ്യനും അയാളുടെ പ്രായം, ലിംഗഭേദം, ഉയരം, പ്രവർത്തനങ്ങൾ എന്നിവക്കനുസരിച്ചുള്ള ആവശ്യങ്ങൾ ഉണ്ട്. ഒരു നവജാത ശിശുവിന്റെ സന്തുലിതാഹാരം പ്രായ പൂർത്തിയായ ഒരാളിൽ നിന്നും വ്യത്യസ്തമായിരിക്കും. ഒരു മുഴു സമയ തോട്ടക്കാരന്റെ ആവശ്യങ്ങളും ഒരു ഓഫീസ് ജോലിക്കാരന്റെ ആവശ്യങ്ങളും വ്യത്യസ്തമായിരിക്കും. ഗർഭിണിയുടെ ആവശ്യങ്ങൾ ഗർഭിണിയല്ലാത്ത സ്ത്രീയുടെതിൽ നിന്ന് വ്യത്യസ്തമായിരിക്കും. ഒരു നവജാത ശിശുവിന്റെ ഏറ്റവും അനുയോജ്യവും സന്തുലിതവുമായ ആഹാരം മുലപ്പാലാണ്. ജലം, കലോറി, പ്രോട്ടീനുകൾ അമ്മയിൽ നിന്നും

ശിശുവിലേക്ക് മാറുന്നതിന്റെ ഫലമായി ഉണ്ടാവുന്ന നിരവധി രോഗങ്ങളിൽ നിന്ന് ശിശുവിനെ മുലപ്പാൽ സംരക്ഷിക്കുന്നു. അതിനാൽ ശിശുവിനെ സംബന്ധിച്ചിടത്തോളം ഇതാണ് ഏറ്റവും സന്തുലിതമായ ആഹാരം.

ഗർഭിണിയായ ഒരു സ്ത്രീയുടെ സന്തുലിതാഹാരം എന്ന് പറയുമ്പോൾ ഗർഭപാത്രത്തിൽ വളരുന്ന ശിശുവിന്റെ ആവശ്യങ്ങളും കൂടി പരിഗണിക്കണം. എന്നാൽ അടിസ്ഥാന തത്ത്വം മേൽ വിവരിച്ചത് തന്നെയാണ്. ശാരീരികമായ വർധിച്ച പ്രവർത്തനം വർധിച്ച രീതിയിലുള്ള ഗ്ലൂക്കോസ് ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിന് ആരോഗ്യത്തെ സംബന്ധിച്ചിടത്തോളം ഗുണകരമായ ഫലങ്ങളുണ്ട്. പ്രവർത്തനങ്ങൾ വർധിക്കുമ്പോൾ കൂടുതൽ ഊർജം ആവശ്യമായി വരുന്നു.

കുട്ടികൾക്കും മുതിർന്നവർക്കും ആണിനും പെണ്ണിനും വൃദ്ധർക്കുമുള്ള സമീകൃതാഹാരത്തിൽ മായം ചേർക്കാത്ത ശുദ്ധമായ കുടിവെള്ളം ഉണ്ടായിരിക്കണം.

ഒരു വ്യക്തിയുടെ സാഹചര്യമനുസരിച്ച് മതിയായ കാർബോഹൈഡ്രേറ്റ്, കൊഴുപ്പ്, പ്രോട്ടീനുകൾ എന്നിവ മുഖേന കലോറി ആവശ്യങ്ങൾ നിറവേറ്റപ്പെടണം പുത്തൻ പഴങ്ങളും പച്ചക്കറികളും പതിവായി ഭക്ഷിക്കണം. പാലിൽ ധാരാളം കാൽസിയവും പ്രോട്ടീനുമുള്ള തിനാൽ കുട്ടികൾക്കും മുതിർന്നവർക്കും അത് വളരെ ഉപകാര പ്രദമാണ്. സമുദ്രോൽപന്നങ്ങളും മത്സ്യവും ധാരാളം പ്രോട്ടീനുകളുടെയും ജീവകങ്ങളുടെയും എണ്ണകളുടേയും സ്രോതസ്സാണ്. നല്ല ആരോഗ്യം നിലനിർത്താൻ ഇവ ആവശ്യമാണ്. ഇത്തരം വസ്തുക്കൾ നന്നെ കുറഞ്ഞാലും വളരെ കൂടുതലായാലും ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു. ദോഷഫലങ്ങളുണ്ടാക്കുന്ന വസ്തുക്കൾ ആഹാരത്തിന്റെ ഭാഗമാക്കരുത് . അതേ പ്രകാരം സുഗന്ധദ്രവ്യങ്ങൾ, നിറം കൊടുക്കുന്ന വസ്തുക്കൾ, ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കാനുപയോഗിക്കുന്ന വസ്തുക്കൾ (പ്രിസർവേറ്റേഴ്സ്) എന്നിവ വർജിക്കുന്നതാണ് നല്ലത്. ഔഷധപരമായ ആവശ്യത്തിനല്ലെങ്കിൽ ആഹാരത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആന്റെ മാർഗ ദർശനമെന്താണ്?

## കഴിക്കാവുന്ന ആഹാരം

ആഹാരത്തെ സംബന്ധിക്കുന്ന നിരവധി മാർഗ ദർശനങ്ങൾ വിശുദ്ധ ഖുർആനിലുണ്ട്. എന്താണ് ഭക്ഷിക്കേണ്ടത് എന്നതിനെക്കുറിച്ചുള്ള പ്രതിപാദനമാണ് പ്രധാനപ്പെട്ട ഒരു കാര്യം. ഇത് വിശുദ്ധ ഖുർആനിലെ നിരവധി സ്ഥലങ്ങളിൽ ആവർത്തിച്ച് പറഞ്ഞിരിക്കുന്നു.

താഴെ കൊടുത്തിരിക്കുന്ന സൂക്തം ഇത് വ്യക്തമായി വിവരിക്കുന്നു.

***'മനുഷ്യരേ, ഭൂമിയിലുള്ളതിൽ നിന്ന് നിയമാനുസൃതവും ശുദ്ധവുമായത് നിങ്ങൾ ഭക്ഷിക്കുവീൻ'. (2:169)***

അറബി ഭാഷയിൽ ഉപയോഗിച്ച പദം തയ്യിബ് എന്നാണ്. അതായത് പരിശുദ്ധമായത്, നല്ലത് എന്നൊക്കെയാണ് അതിന്റെ അർഥം. ആരോഗ്യകരം, വൃത്തിയുള്ളത്, ശുദ്ധമായത് എന്നൊക്കെ തർജമ നൽകാവുന്നതാണ്. ഇത് ആധുനിക ആരോഗ്യ ശാസ്ത്രത്തിലുള്ള വളരെ പ്രധാനപ്പെട്ട ഒരു തത്ത്വമാണ്. രോഗബീജങ്ങൾ സംക്രമിച്ച് ദ്രാവകങ്ങൾ കഴിച്ചാലുണ്ടാകാവുന്ന ഗുരുതരമായ രോഗങ്ങൾ (കോളറ, ഡിസൻട്രി, ടൈഫോയ്ഡ്, ഹൈപ്പറ്റൈറ്റിസ് എന്നിവ) ബാധിക്കുന്നു. വെള്ളത്തിലടങ്ങിയ രോഗാണുക്കൾ നശിപ്പിക്കാൻ ഇപ്പോൾ സംവിധാനമുണ്ട്. പാലിലെ രോഗാണുക്കളെ നശിപ്പിക്കാൻ അത് പാസ്ചറൈസ് ചെയ്യുന്നു. പഴുക്കാത്തതും കേടുവന്നതുമായ പഴങ്ങളും പച്ചക്കറികളും നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. രോഗാണു ബാധിച്ച മാംസവും ക്രീമും ഭക്ഷണത്തെ വിഷമയമാക്കുന്നു. വിശുദ്ധ ഖുർആൻ നൽകുന്ന മാർഗ ദർശനത്തിൽ ഈ സാദ്ധ്യതകളെയെല്ലാം പരിഗണിക്കുന്നു.

***'തങ്ങൾക്ക് ഭക്ഷിക്കുന്നതിനായി അനുവദിക്കപ്പെട്ടിട്ടുള്ളതെന്താണെന്ന് അവർ നിന്നോട് ചോദിക്കുന്നു. പറയുക (എല്ലാ) പരിശുദ്ധ വസ്തുക്കളും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു.'(5:5)***

തയ്യിബത്ത് എന്ന് അറബി പദമാണ് വീണ്ടും ഉപയോഗിക്കപ്പെട്ടിരിക്കുന്നത്.

ശരീരത്തിന് ഏറ്റവും ആവശ്യമായ വെള്ളത്തിന്റെ പ്രാധാന്യത്തെപ്പറ്റി താഴെ പറയുന്നു:

***' ജീവനുള്ള എല്ലാ വസ്തുക്കളേയും നാം വെള്ളത്തിൽ നിന്നും ഉണ്ടാക്കുകയും ചെയ്തു.'(21: 31)***

താഴെ പറയുന്ന സൂക്തങ്ങൾ പാലിനെ പരിശുദ്ധമായ ആഹാരമായി വിവരിച്ചിരിക്കുന്നു.

***'തീർച്ചയായും കന്നുകാലികളിൽ നിങ്ങൾക്കൊരു പാഠമുണ്ട്. അവയുടെ വയറുകളിൽ ഉള്ളതിൽ നിന്ന് ശുദ്ധവും കുടിക്കുന്നവർക്ക് രുചികരമായ പാൽ നാം നിങ്ങളെ കുടിപ്പിക്കുന്നു.' (16:67)***

കന്നുകാലികൾ ഭക്ഷിക്കുന്ന പുല്ലും മറ്റു സസ്യങ്ങളും എങ്ങനെയാണ് സ്വാദിഷ്ടവും പോഷകങ്ങളടങ്ങിയതുമായ പാലാക്കി മാറ്റുന്നതെന്ന് ഈ സൂക്തത്തിൽ വളരെ മനോഹരമായി വിവരിച്ചിരിക്കുന്നു. പാലിൽ പ്രോട്ടീനും പഞ്ചസാരയും കൊഴുപ്പും കാൽസിയവും അടങ്ങിയിരിക്കുന്നു.

ശിശുക്കൾക്കും കൗമാരക്കാർക്കും യുവാക്കൾക്കും പാൽ നൽകേണ്ടതിന്റെ പ്രാധാന്യം താഴെ സൂക്തങ്ങളിൽ വിവരിച്ചിരിക്കുന്നു.

***'മാതാപിതാക്കന്മാർക്ക് നന്മ ചെയ്യണമെന്ന് നാം മനുഷ്യന് താക്കീത് നൽകിയിരിക്കുന്നു.***

**ശേഷം പേജ് 43 ൽ**

# പ്രകൃതിദുരന്തങ്ങളുടെ നാനാർത്ഥങ്ങൾ

എ. എം. മുഹമ്മദ് സലീം

ധാർമികമായി അധഃപതിച്ച സമൂഹങ്ങളെ സംസ്ക്കരിക്കാൻ ദൈവം പ്രവാചകന്മാരെ അയക്കുന്നു. അധാർമികതയിൽ മുഴുകി നിൽക്കുന്ന ധിക്കാരികളായ അത്തരം ജനത കാരുണ്യവാനായ ദൈവത്തിന്റെ രക്ഷയുടെ വഴി തിരസ്ക്കരിച്ച് നാശത്തിന്റെ വഴി സ്വയം തിരഞ്ഞെടുക്കുന്നു. അവർ പ്രകൃതി ദുരന്തങ്ങൾക്ക് വിധേയരായി ശിക്ഷിക്കപ്പെടുന്നു. വിശുദ്ധ ഖുർആനിലും മറ്റു ദൈവിക ഗ്രന്ഥങ്ങളിലും പ്രതിപാദിക്കപ്പെട്ടവർ പൊതുവേ പുലർത്തുന്ന ചരിത്ര വീക്ഷണമാണിത്. 26 നാഗരികതകളുടെ ചരിത്രം പഠിച്ചതിന് ശേഷം വിശ്വപ്രസിദ്ധ ബ്രിട്ടീഷ് ചരിത്ര പണ്ഡിതനും ദാർശനികനുമായ ആർനോൾഡ് ജോസഫ് ടോയൻബി (1889- 1975) ചരിത്ര നിയമത്തെ പറ്റിയുള്ള മതവിശ്വാസികളുടെ ഈ നിയമം അംഗീകരിക്കുകയും പിന്തുണക്കുകയുമാണ് ചെയ്തത്. 12 വാല്യങ്ങളുള്ള A Study of History (1934-61) എന്ന ഗ്രന്ഥത്തിൽ പറയുന്നത് ധാർമികവും സാംസ്കാരികവുമായ വെല്ലുവിളികളെ നേരിടാനാവാതെയാണ് നാഗരികതകൾ നശിക്കുന്നത് എന്നാണ്. 1940-50 കളിൽ ലോകത്ത് ഏറ്റവും ആദരപൂർവം ചർച്ച ചെയ്യപ്പെട്ട ചരിത്രകാരൻ ടോയൻബിയാണെന്നും നാം ഓർക്കണം. നാഗരികതകളുടെ ഉത്ഥാനപതനങ്ങൾക്ക് കാരണമായി ഒരു അദൃശ്യ ധാർമിക നിയമം പ്രവർത്തിക്കുന്നു എന്നാണ് അദ്ദേഹത്തിന്റെ വീക്ഷണത്തിന്റെ ചുരുക്കം. അല്ലാതെ വെറും ഭൗതിക സാഹചര്യങ്ങൾ കൊണ്ട് മാത്രമല്ല നാഗരികതകൾ നശിക്കുന്നത്. അതോടൊപ്പം നാം മനസ്സിലാക്കേണ്ട മറ്റൊരു യുക്തിശാസ്ത്രം. വിഷം കഴിച്ചാൽ മനുഷ്യൻ മരിക്കും അതുകൊണ്ട് മരിക്കുന്നവരെല്ലാം വിഷം കഴിക്കുന്നത് കൊണ്ടാകണമെന്നില്ല ധാർമികമായും സാംസ്കാരികമായും അധഃപതിക്കുകയും ദൈവത്താൽ താക്കീത് ചെയ്യപ്പെടുകയും ചെയ്ത ജനതകൾക്ക് നാശം സംഭവിക്കും എന്ന് ഉറപ്പാണ്. പക്ഷേ സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങളെല്ലാം ദൈവ ശിക്ഷയാണെന്ന് കരുതുന്നതും ശരിയല്ല.

നാം ഇവിടെ ഭൂകമ്പങ്ങളെക്കുറിച്ചാണല്ലോ ചർച്ചചെയ്യുന്നത്. ഭൂകമ്പങ്ങൾ ആത്മീയമായും ഭൗതികമായും പരിസ്തികമായും മനുഷ്യന് ഒരു പാട് പാഠങ്ങൾ നൽകുന്നു. നേരത്തെ പറഞ്ഞത് പോലെ കുറ്റവാളികളായ സമൂഹങ്ങൾക്ക് ലഭിക്കുന്ന ശിക്ഷയാണ് പ്രകൃതികോപങ്ങൾ എന്ന് എല്ലാ പ്രകൃതി കോപങ്ങളെ പറ്റിയും നമുക്ക് പറയാനാവില്ല. തീർച്ചയായും ധാർമികകുറ്റങ്ങൾ കൊണ്ടുള്ളതാവട്ടെ അല്ലാത്തതാകട്ടെ ഏത് വിധത്തിലുള്ള പ്രകൃതി കോപമായാലും മനുഷ്യ സമൂഹത്തിന് അത് വലിയ ദുരിതങ്ങൾ സമ്മാനിക്കുന്നു. അതെല്ലാം തന്നെ പ്രാഥമികമായി മനുഷ്യൻ തന്നെ വരുത്തിവെക്കുന്നതാണെന്നോർക്കണം. ഭൂമി കുലുങ്ങുന്നത് കൊണ്ട് മാത്രം ആളുകൾ മരിക്കുന്നില്ല. ഭൂകമ്പവും മറ്റു പ്രകൃതി കോപങ്ങൾ ഉണ്ടാവുമ്പോഴും ആ പ്രദേശത്തെ ബഹുഭൂരിപക്ഷം ജീവജാലങ്ങൾക്കും ജീവഹാനി സംഭവിക്കുന്നുമില്ല. നാശം മുഴുവൻ സംഭവിക്കുന്നത് മനുഷ്യൻ നിർമിച്ച കെട്ടിടങ്ങൾ പതിച്ചാണ്. അല്ലാഹു ഖുർആനിൽ പറയുന്നു: ***'മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു അവർ മടങ്ങുന്നതിന് വേണ്ടി'*** *(30: 42)*

ഭൂകമ്പകങ്ങൾക്ക് കാരണം ഭൂഫലകങ്ങളുടെ നീക്കങ്ങളാണെന്ന (പ്ലെയിറ്റ് ടാക്റ്റോണിക്ക്) സിദ്ധാന്തം 1912 ൽ ആൽഫ്രഡ് വെഗ്നർ എന്ന ശാസ്ത്രജ്ഞനാണ് മുന്നോട്ടു വെച്ചത്. അതിന്ശേഷം ഈ സിദ്ധാന്തം വളരെയേറെ മുന്നോട്ടുപോയെങ്കിലും പ്ലെയിറ്റ് ടാക്റ്റോണിക്സിന്റെ യഥാർഥ കാരണങ്ങൾ ഇന്നും അജ്ഞാതമാണ്. ഭൂമി നിർമ്മിക്കപ്പെട്ടിരിക്കുന്നത് 7 വൻ ഭൂഫലകങ്ങളും 20 ചെറിയ ഭൂഫലകങ്ങളും കൊണ്ടാണ്. അവ പരസ്പരം അകലുകയും അടുക്കുകയും ചെയ്യുന്ന പ്രതിഭാസമാണ് പ്ളെയിറ്റ് ടാക്റ്റോണിക്സ്. അതിന് മുമ്പ് ഭൂമി ഏകശിലാ ഘടനയുള്ള ഒരു ഖണ്ഡമായിട്ടാണ് കരുതിപ്പോന്നത്. ഭൂഖണ്ഡങ്ങളുടെ രൂപീകരണം, ഭൂകമ്പങ്ങൾ, അഗ്നിപർവ്വതങ്ങൾ, പർവ്വതങ്ങളുടെ വളർച്ച ഇവയെല്ലാം സംഭവിക്കുന്നത് ഈ ഭൗതിക പ്രതിഭാസത്തിന്റെ ഫലമായിട്ടാണ്. നമ്മുടെ കാൽചുവട്ടിൽ നിരന്തരം നടന്നുകൊണ്ടിരിക്കുന്ന ഇത്തരം നിർമാണാത്മകവും

സംഹാരാത്മകവുമായ ഭൗമപ്രതിഭാസങ്ങളെപ്പറ്റി ഭൂമിയുടെ സ്രഷ്ടാവായ അല്ലാഹു വിശുദ്ധ ഖുർആനിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. ദൈവത്തിന്റെ സൃഷ്ടി വൈഭവത്തെക്കുറിച്ച് മനുഷ്യൻ മനസ്സിലാക്കി അവന് സ്തോത്രം ചെയ്യാനാണ് ഈ വചനങ്ങളിലൂടെ അല്ലാഹു ഉദ്ദേശിക്കുന്നത്. ഖുർആൻ പറയുന്നു:

**ഭൂമിയിൽ അടുത്തടുത്ത് കിടക്കുന്ന പല ഖണ്ഡങ്ങളുമുണ്ട് (13:5) അവൻ ഭൂമിയിൽ അടിയുറച്ച മലകൾ സ്ഥാപിച്ചിരിക്കുന്നു; നിങ്ങളേയും കൊണ്ട് ഭൂമികുലുങ്ങാതിരിക്കാൻ വേണ്ടി (16:16) പർവതങ്ങൾ ഉറച്ചുനിൽക്കുന്നതായി നീ കാണുന്നു. എന്നാൽ അവ മേഘങ്ങൾ ചലിക്കുന്നത്പോലെ ചലിക്കുന്നതാണ്. എല്ലാ വസ്തുക്കളേയും സൃഷ്ടിച്ചു ബലപ്പെടുത്തിയിരിക്കുന്ന അല്ലാഹുവിന്റെ പ്രവർത്തനമാണിത് (27:89).**

ഭൂകമ്പങ്ങളെക്കുറിച്ച് മനുഷ്യർ എത്രതന്നെ മനസ്സിലാക്കിയാലും ഭൂകമ്പങ്ങളുടെ കാരണവും അതിന്റെ അളവും സംഭവിക്കുന്ന സമയവും അപ്രവചനീയമായി തന്നെ തുടരാനാണ് സാധ്യത. കാരണം ഭൗമ ഫലകങ്ങളുടെ ബലതന്ത്രത്തിന്റെ എല്ലാ ഘടകങ്ങളും നിർണയിച്ചു ഗണിച്ചെടുക്കാൻ മനുഷ്യന് സാധ്യമല്ല. സൂക്ഷ്മകണങ്ങളെ (Particle physics) പറ്റിയുള്ള ശാസ്ത്രം മുതൽ ഖഗോള ശാസ്ത്രം വരെയുള്ള മേഖലകളിൽ ഈ അപ്രവചനീയതയെ അഥവാ അരേഖീയത (Non Linearity)യെ സംബന്ധിച്ച് ശാസ്ത്രത്തിന് ബോദ്ധ്യം വന്നിരിക്കുന്നു. എല്ലാ ഭൗതിക പ്രവർത്തനങ്ങളും നാം അറിഞ്ഞുകഴിഞ്ഞു, അല്ലെങ്കിൽ നമുക്ക് അറിയാൻ കഴിയുന്ന നിശ്ചിത നിയമങ്ങൾ പ്രകാരമാണ് സംഭവിക്കുന്നത് എന്നായിരുന്നു ക്ലാസ്സിക്കൽ ഭൗതികശാസ്ത്രം ധരിച്ചിരുന്നത്. അതായത് ഒരു വസ്തുവിന്റെ അല്ലെങ്കിൽ ഒരു വ്യൂഹത്തിന്റെ ചലനത്തിൽ, പ്രാരംഭികാവസ്ഥ എത്ര കൃത്യമായി അറിയുന്നുവോ അതേ കൃത്യതയോടെ അതിന്റെ ഭാവി അവസ്ഥകളും പ്രവചിക്കാൻ കഴിയുമെന്നാണ് ക്ലാസിക്കൽ ഭൗതികത്വത്തിന്റെ നിലപാട്. ഈ ദർശനധാരക്കാണ് നിർണ്ണയതത്വം അഥവാ നിശ്ചിത തത്വം (Determinism) എന്ന് പറയുന്നത്. ഭൗതികശാസ്ത്രത്തിന്റെ ക്ലാസിക്കൽ കാലഘട്ടത്തിലുണ്ടായിരുന്ന നിർണിത തത്വം ക്വാണ്ടം തിയറിയുടെ വരവോടെ ചോദ്യം ചെയ്യപ്പെടുകയുണ്ടായി. അതായത് ഒരു ഭൗതിക പിണ്ഡത്തിന്റെ അസ്തിത്വം നിർണയിക്കണമെങ്കിൽ അതിന്റെ സ്ഥാനവും വേഗതയും അറിയേണ്ടതുണ്ട്. എന്നാൽ സൂക്ഷ്മകണങ്ങളെ ഈ ഭൗതിക മാനദണ്ഡങ്ങളുപയോഗിച്ച് അളക്കാൻ സാധ്യമല്ല. ഉദാഹരണത്തിന് ചലിച്ചുകൊണ്ടിരിക്കുന്ന ഇലക്ട്രോണിന്റെ സ്ഥാനം എത്ര കൂടുതൽ കൃത്യമായി അളക്കാൻ ശ്രമിക്കുന്നുവോ അത്രയും കൂടുതൽ തെറ്റായിരിക്കും അതിന്റെ വേഗതയെ സംബന്ധിച്ച അറിവ്. അപ്രകാരം വേഗത കൃത്യമായി നിർണ്ണയിക്കാൻ ശ്രമിച്ചാൽ സ്ഥാനത്തെ സംബന്ധിച്ച അകൃത്യതയായിരിക്കും ഫലം. സ്ഥാനത്തിന്റെയും ചലനത്തിന്റെയും അടിസ്ഥാനത്തിൽ അനിശ്ചിതവും ചലനാത്മകവുമായ നിരവധി ഘടകങ്ങൾ സംയോജിക്കുമ്പോൾ അതിന്റെ ഫലവും ഒരു നിശ്ചിതസ്ഥലകാലത്തിൽ സംഭവിക്കുമെന്ന് ഉറപ്പിച്ചു പറയാൻ സാധ്യമല്ല. ഈ കണ്ടെത്തലോടെ സ്ഥാനം പോകുമ്പോൾ അനിശ്ചിതത്വവും അരേഖീയതയും അപ്രവചനീയതയും അവഗണിക്കാൻ സ്ഥാനത്തിന്റേയും ചലനത്തിന്റേയും അടിസ്ഥാനത്തിലുള്ള പ്രതിഭാസങ്ങൾ പ്രവചിക്കാമെന്ന ഭൗതികശാസ്ത്രത്തിന്റെ അവകാശവാദത്തിന് ഇളക്കം തട്ടുകയുണ്ടായി. പദാർത്ഥങ്ങൾ നിർമ്മിച്ചിരിക്കുന്ന അതിസൂക്ഷ്മ കണങ്ങൾ പദാർത്ഥങ്ങളെ സംബന്ധിക്കുന്ന ഭൗതിക നിയമങ്ങൾക്ക് വഴങ്ങുന്നില്ല എന്ന അറിവ് ആധുനിക കാലത്ത് ഭൗതിക ശാസ്ത്രത്തിന്നേറ്റ മറ്റൊരു പ്രഹരമാണ്. അനിശ്ചിതത്വം, സംഭവ്യത (probability) അതായത് സംഭവിക്കുമോ ഇല്ലയോ എന്ന സാധ്യത, സ്ഥാനം നിർണ്ണയിക്കാൻ സാധിക്കായ്ക മുതലായ പ്രതിഭാസങ്ങൾ ഭൗതിക ശാസ്ത്രം അംഗീകരിച്ചു കഴിഞ്ഞു. ഇത്തരം പരികല്പനകളുടെ അടിസ്ഥാനത്തിൽ അനിശ്ചിതത്വം എന്നത് അദൃശ്യങ്ങളിൽക്കൂടി വേരുകളുള്ള ഒരു സ്ഥൂല യാഥാർത്ഥ്യമാണെന്ന തിരിച്ചറിവ് ശാസ്ത്രത്തിന് കൈവന്നിട്ടുണ്ട്. ആധുനിക ശാസ്ത്രത്തിൽ ഉടലെടുത്ത 'കയോസ് സിദ്ധാന്തം' അഥവാ 'അവവ്യവസ്ഥാസിദ്ധാന്തം' അതാണ് വ്യക്തമാക്കുന്നത്. എല്ലാം പ്രവചനത്തിന് വിധേയമാണെന്ന നിർണിത ശാസ്ത്രവാദത്തിന്റെ ശവപ്പെട്ടിയിൽ അടിച്ചിറക്കിയ മറ്റൊരു ആണിയാണ് കയോസ് സിദ്ധാന്തം.

ഖഗോള ബലതന്ത്രത്തിൽ ഏറെ ശ്രദ്ധ പിടിച്ചു പറ്റിയ ഒരു വിഷയമായിരുന്നു മൂന്നു വസ്തുക്കളുടെ ചലനം. രണ്ട് വസ്തുക്കൾ നിശ്ചിത വേഗത്തിൽ പരസ്പരം ആകർഷിച്ച് ചുറ്റിത്തിരിയുമ്പോൾ അത് നമുക്ക് കൃത്യമായി പ്രവചിക്കാൻ സാധിക്കുന്നു. എന്നാൽ മൂന്നാമതൊരു ഗുരുത്വാകർഷണ വസ്തു കൂടി ഈ ചലനത്തിൽ പങ്കെടുക്കുമ്പോൾ പ്രവചനം സങ്കീർണ്ണവും അസാധ്യവുമാവും. ചലനത്തിൽ പങ്കെടുക്കുന്നത് വിവിധങ്ങളായ വലിപ്പവും ശക്തിയുമുള്ള മൂന്നിൽ കൂടുതൽ വസ്തുക്കളാണെങ്കിൽ സങ്കീർണതകൾക്ക് മേൽ സങ്കീർണത സൃഷ്ടിച്ച് ഈ പ്രതിഭാസത്തെ കൂടുതൽ അപ്രവചനീയമാക്കിത്തീർക്കുന്നു. ഗോളചലനങ്ങളുടെ അതിസൂക്ഷ്മതലത്തിൽ ഈ അപ്രവചനീയതയുടെ വിരൽ സ്പർശമുണ്ട്. തിളയ്ക്കുന്ന വെള്ളത്തിലെ കോർക്കിന്റെ ചലനം, പുകച്ചുരുളുകളുടെ ചലനം, തിരമാലകളുടെ ചലനം, ഗ്ലാസ്സിന്റെ പൊട്ടിച്ചിതറൽ എന്നീ ഭൗതിക പ്രതിഭാസങ്ങൾ ഏതു രൂപത്തിൽ

സംഭവിക്കുമെന്ന് ശാസ്ത്രത്തിന് പ്രവചിക്കാൻ സാധ്യമല്ല. ആകാശത്തിലെ നക്ഷത്രങ്ങളുടെ വിന്യാസം തൊട്ട് കോശഘടനയിൽ വരെ പ്രപഞ്ചത്തിൽ മുഴുവൻ വ്യാപിച്ചു നിൽക്കുന്ന ഈ ക്രമരാഹിത്യ പ്രതിഭാസത്തിന്റെ സൂത്രവാക്യം ശാസ്ത്രത്തിന് പിടികിട്ടിയിട്ടില്ല. പ്രകൃതി പ്രതിഭാസങ്ങളെല്ലാം കുഴഞ്ഞ് മറിഞ്ഞതാണെന്നോ അസ്ഥിരമാണെന്നോ ഇതിന് അർത്ഥമില്ല. സംഭവിച്ചുകഴിഞ്ഞ ഈ യാഥാർഥങ്ങളെയാണ് ശാസ്ത്രം ക്രമരാഹിത്യം എന്നു പറയുന്നത്. വാസ്തവത്തിൽ ഇതാണ് ക്രമം. അതായത് ശാസ്ത്രത്തിന് പിടി കിട്ടാത്ത ദൈവത്തിന്റെ ക്രമം. അതിനെ ശാസ്ത്രമുണ്ടാക്കിയ ക്രമത്തിന്റെ സമവാക്യങ്ങളുടെ അടിസ്ഥാനത്തിൽ ക്രമരാഹിത്യം എന്നു വിളിക്കുന്നത് വിവരക്കേടാണെന്ന് ശാസ്ത്രത്തിന് ഇന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് ഈ ക്രമരാഹിത്യങ്ങളെ കയോസ് സിദ്ധാന്തം ഭവ്യതയോടെ 'ക്രമമില്ലായ്മയിൽ മറഞ്ഞിരിക്കുന്ന ക്രമം' എന്ന് വിളിക്കുന്നത്. ചുരുക്കത്തിൽ ഭൗതിക പ്രതിഭാസങ്ങളുടെ സൂക്ഷ്മ യാഥാർത്ഥ്യങ്ങളിലേക്ക് ദുർഭാവനക്കാരനും ദുർഭാഷിയും ദുർവൃത്തനും ആരോ അവൻ അതിനെ തൊട്ട് പേടിക്കാതെ സാധ്യമല്ല. ക്ലാസിക്കൽ ഭൗതികശാസ്ത്രത്തിന് ഇത് ഉൾക്കൊള്ളാൻ പ്രയാസമായിരുന്നു. ക്വാണ്ടം തിയറി ഇത് ചൂണ്ടിക്കാണിച്ചപ്പോൾ ഒരു ഭൗതിക ശാസ്ത്രജ്ഞൻ ആത്മഹത്യയ്ക്ക് ശ്രമിച്ചത് അതുകൊണ്ടാണ്.

അത്ഭുതകരമെന്ന് പറയട്ടെ ഭൂകമ്പങ്ങളടക്കമുള്ള പ്രകൃതി കോപങ്ങളെപറ്റിയും പ്രവാചകന്മാർ പ്രവചിക്കുകയും അത് അതേപടി പുലരുകയും ചെയ്യുമ്പോൾ അവർക്ക് ലഭിച്ച ദിവ്യവെളിപ്പാടുകളുടെ സ്രോതസ്സിനെയാണ് അത് സത്യപ്പെടുത്തുന്നത്. പ്രവചനങ്ങൾ പുലരുന്നത് നമ്മുടെ അനുഭവ യാഥാർത്ഥ്യങ്ങളാവുമ്പോൾ ശാസ്ത്രത്തിന് ഇത്തരം അതീത യാഥാർത്ഥ്യങ്ങൾക്ക് മുമ്പിൽ വിനയാന്വിതമായി നില്ക്കാനേ അവകാശമുള്ളൂ. കാരണം ഭൗതികമേഖലയിൽ തന്നെ വിശദീകരണങ്ങളില്ലാതെ അദൃശ്യങ്ങളിലും അനിശ്ചിതത്വത്തിലും ചൂഴ്ന്ന് നില്ക്കുന്ന, അതീത യാഥാർത്ഥ്യങ്ങൾക്ക് മുമ്പിൽ എത്തും പിടിയും കിട്ടാതെ അന്തം വിട്ടു നിൽക്കുന്ന ഭൗതിക ശാസ്ത്രത്തിന് വെളിപാടുകളിലൂടെ ലഭിക്കുന്ന പ്രവചനങ്ങൾ പുലർന്ന്, അനുഭവ യാഥാർത്ഥ്യങ്ങളായി മാറുമ്പോൾ അതിനെ നിഷേധിക്കാൻ അർഹതയും അവകാശവുമില്ല. അത് വിശകലനം ചെയ്യാനുള്ള രീതി ശാസ്ത്രം ശാസ്ത്രത്തിന്റെ കൈയിലില്ല.

ദൈവം സൃഷ്ടിച്ച പ്രകൃതിയുടെ ഭൗതിക നിയമങ്ങളിൽ തന്നെ ലീനമായി കിടക്കുന്ന നീതിയുടെ നിയമങ്ങളുമുണ്ട്. ദൈവത്തിന്റെ വിധിവരുമ്പോൾ അത് പ്രാവർത്തികമാവുന്നു. പാപങ്ങൾ ലോകത്ത് അധികരിക്കുമ്പോൾ പ്രകൃതി പ്രകമ്പിതവും പ്രകോപിതവുമാവുന്നു. പ്രവാചകന്മാരിലൂടെ ലോകത്ത് അവതരിപ്പിക്കപ്പെട്ട ധാർമ്മിക നിയമത്തിന്റെയും പ്രകൃതിയുടേയും സ്രഷ്ടാവ് ദൈവമാണ്. ദൈവത്തിന്റെ നീതിയും നിയമങ്ങളുമാണ് മനുഷ്യനെയും പ്രകൃതിയെയും ഭരിക്കുന്നത്. അതായത് പ്രകൃതിയും മനുഷ്യനും ഉൾപ്പെട്ട പ്രപഞ്ച സാകല്യത്തിന് ഒരു ധാർമ്മിക പരിപ്രേക്ഷ്യമുണ്ട് എന്ന് സാരം. സ്വതന്ത്ര ജീവിയായ മനുഷ്യന് വേണ്ടിയാണ് ദൈവം പ്രപഞ്ചം സൃഷ്ടിച്ചത്. മനുഷ്യൻ പരിധി ലംഘിച്ച് പാപങ്ങൾ ചെയ്ത് മാർഗ ഭ്രംശത്തിലാകുമ്പോൾ അല്ലാഹുവിന്റെ അധീനതയിലുള്ള പ്രകൃതി പ്രകോപിതയാകുന്നു. ദുരന്തങ്ങൾ വിതയ്ക്കുന്നു. ഇങ്ങനെ നാശവും ദുരന്തങ്ങളും ഉണ്ടാകുന്നതിന് മുമ്പ് ഒരു പ്രവാചകനെ അയച്ചു കൊണ്ട് കാരുണ്യവാനായ അല്ലാഹു ആ ജനതയെ താക്കീത് ചെയ്യുന്നു. ഇത് അല്ലാഹുവിന്റെ അലംഘനീയമായ ഒരു നിയമമാണെന്ന് ഖുർആൻ ആവർത്തിച്ചു പറയുന്നു. **"ഒരു ദൂതനെ അയയ്ക്കുന്നത് വരെ നാം ശിക്ഷിക്കാറില്ല''** (17:16) **'നിന്റെ നാഥൻ നാടുകളെ നശിപ്പിക്കുന്നവനല്ല; അവയുടെ കേന്ദ്രസ്ഥാനത്ത് നമ്മുടെ വചനങ്ങൾ ഓതിക്കേൾപ്പിക്കുന്ന ഒരു ദൂതനെ നിയോഗിച്ച് മുന്നറിയിപ്പു നൽകുന്നത് വരെ. നാട്ടുകാർ അക്രമികളാകുന്ന അവസ്ഥയിലല്ലാതെ നാം നാടുകളെ നശിപ്പിക്കാറില്ല'**(28:60) റസൂൽ തിരുമേനി(സ)യുടെ പ്രവചനപ്രകാരം ഈ കാലഘട്ടത്തിൽ ആഗതരായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ആധുനിക യുഗത്തിന്റെ സന്മാർഗ്ഗ ഭ്രംശങ്ങളേയും അപഥസഞ്ചാരങ്ങളേയും പാപത്തിന്റെ ആധിക്യത്തേയും നോക്കി ഭൂകമ്പം പോലെയുള്ള വമ്പിച്ച പ്രകൃതി കോപങ്ങളെപ്പറ്റി താക്കീത് നൽകുകയുണ്ടായി. ഭൂകമ്പങ്ങളടക്കമുള്ള പ്രകൃതികോപങ്ങൾ നമ്മുടെ ഹൃദയത്തിലും പ്രകമ്പനം സൃഷ്ടിക്കുന്നു. മരിച്ചവർക്ക് ഒരു നിമിഷം മാത്രമേ ദുരിതമനുഭവിക്കേണ്ടതുള്ളൂ. ലോകത്ത് ജീവിച്ചിരിക്കുന്ന സർവ്വ മനുഷ്യരിലും ഈ ദുരന്തങ്ങൾ ആധിയും ആശങ്കയും സൃഷ്ടിക്കുന്നു. മനുഷ്യനിർമ്മിതമായ ഒരു സുരക്ഷാ സംവിധാനത്തിനും അവനെ സഹായിക്കാൻ കഴിയാത്ത ഇത്തരം ഘട്ടങ്ങൾ മനുഷ്യന്റെ നിസ്സാഹയതയും നിസ്സാരതയും അവനെ ഓർമ്മിപ്പിക്കുന്നു. ദുരന്തങ്ങൾ മനുഷ്യനിൽ ദൈവചിന്ത ഉണർത്തുകയും മനുഷ്യഹൃദയം ആർദ്രചിത്തമായിത്തീരുകയും ചെയ്യുന്നു. സമൂഹത്തിന് അവരുടെ പാപകൃത്യ ങ്ങളെ സംബന്ധിച്ച് വീണ്ടുവിചാരത്തിന് അത് അവസരമൊരുക്കുകയും ചെയ്യുന്നു. പക്ഷേ ദുരന്തങ്ങൾ മനുഷ്യ മനസ്സിൽ ഉണർത്തുന്ന വീണ്ടു വിചാരങ്ങൾ അവനെ യഥാർഥ പരിഷ്ക്കരണത്തിലേക്ക് നയിക്കുമോ എന്നതാണ് പ്രശ്നം.

ഈ കാലഘട്ടത്തെ സന്മാർഗ

**ശേഷം പേജ് 43 ൽ**

# അധികാര ശക്തിയും ബലപ്രയോഗവും പ്രവാചകന്മാരുടെ മാർഗ്ഗമല്ല

അധികാര ശക്തിയും ആയുധപ്രയോഗവും കൊണ്ട് ഇസ്‌ലാമിനെ വിജയിപ്പിക്കാമെന്ന മൗലാന മൗദൂദിയുടെ സിദ്ധാന്തം വിശുദ്ധ ഖുർആന്റെയും മുഹമ്മദ് നബി(സ) ടെയും അദ്ധ്യാപനങ്ങൾക്ക് കടക വിരുദ്ധമാണ്. മൗലാന മൗദൂദിയുടെ തീവ്രമായ സന്മാർഗ്ഗവാദത്തിനും വിചിത്രമായ ഭീകരവാദത്തിനും കാരണം അദ്ദേഹത്തിന്റെ പ്രത്യേകമായ മാനസിക നിലയാണ്.

അതിനാൽ നീ ഉപദേശിക്കുക; നീ ഒരു ഉദ്ബോധകൻ മാത്രമാണ്. നീ അവരുടെ മേൽ അധികാരം നടത്തുന്നവനല്ല. (വിശുദ്ധ ഖുർആൻ. 88:22,23)

അത് (ജമാഅത്തെ ഇസ്‌ലാമി) ഒരു പ്രചാരണ പ്രസ്ഥാനമല്ല; പ്രബോധകരുടെയോ സുവിശേഷകരുടെയോ ഒരു സംഘടനയുമല്ല. എന്നാൽ അല്ലാഹുവിന്റെ പടയാളികളുടെ സംഘമാണ്. മൗലാന അബുൽ അഅ്‌ലാ മൗദൂദി (ഹഖീഖത്തെ ജിഹാദ്, ലാഹോർ 1964 പേ.58)

## ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

പത്തൊമ്പതാം നൂറ്റാണ്ടിൽ ഓറിയന്റലിസ്റ്റുകൾ ഇസ്‌ലാമിന്റെ വിശുദ്ധ പ്രവാചകനായ മുഹമ്മദ് നബി(സ)യുടെ ചിത്രം വരച്ചു കാട്ടിയത് ഊരിപ്പിടിച്ച ഖഡ്ഗം ഒരു കൈയ്യിലും മറുകൈയ്യിൽ ഖുർആനുമായി അറേബ്യൻ മരുസ്ഥലികളിലൂടെ പടയോട്ടം നടത്തി, നിസ്സഹായരായ ജനതയോട് രണ്ടിലേതെങ്കിലുമൊന്ന് തിരഞ്ഞെടുക്കാൻ കൽപ്പിച്ചു കൊണ്ടുള്ള മത ഭ്രാന്തനായ പടയാളിയുടെ ചിത്രമാണ്. എഡ്വേർഡ് ഗിബ്ബൺ പ്രചാരപ്പെടുത്തിയ ഘോരമായ ഈ ചിത്രത്തിന് ആധുനിക ഓറിയന്റലിസ്റ്റുകൾ തീക്ഷ്ണമായ നിറങ്ങൾ നൽകി. എന്നാൽ സുപ്രസിദ്ധ ജൂത പണ്ഡിതൻ ബെർനാഡ് ലൂയീസ് പോലും അദ്ദേഹത്തിന്റെ ശുഷ്ക്കമായ ബ്രിട്ടീഷ് നർമ്മോക്തി ഉപയോഗിച്ച് ആ ചിത്രത്തെ ഇങ്ങനെ വിലയിരുത്തേണ്ടിവന്നു.

***'വാൾ ഇടത് കൈയ്യിൽ പിടിക്കുന്ന ഒരു പടയാളി സമൂഹം ഇന്ന് നമുക്ക് സങ്കൽപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ അത് അസത്യം എന്ന് മാത്രമല്ല അസാധ്യം കൂടിയാണ്. മുസ്‌ലിം ആചാര പ്രകാരം ഇടത് കൈ അവിശുദ്ധ കർമ്മങ്ങൾ ചെയ്യാനാണ് ഉപയോഗിക്കുക. ആത്മാഭിമാനിയായ ഒരു മുസ്‌ലിമും ഖുർആൻ പൊക്കി പിടിക്കാൻ ഇടത് കൈ ഒരിക്കലും ഉപയോഗിക്കില്ല.***[3]

പക്ഷേ ഇതാ ഇവിടെ ഒരു ആത്മാഭിമാനിയായ മുസ്‌ലിം, മൗലാന മൗദൂദി അദ്ദേഹത്തിന്റെ വലം കൈയ്യിൽ ഊരിപ്പിടിച്ച വാളുമായി നിൽക്കുന്നു. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളിലും തിരുനബി (സ) യുടെ ചര്യയിലും അതിനു യാതൊരു പ്രസക്തിയുമില്ലെങ്കിലും മൗലാനാ വാൾ ഉയർത്തിപ്പിടിച്ചു തന്നെ നിൽക്കുകയാണ്.

തിരുനബി (സ) യുടെ

ഏറ്റവും കൂറുള്ള അനുയായിയാണ് താനെന്ന് അവകാശപ്പെടുന്ന മൗലാനാ തന്റെ യജമാനനെ കുറിച്ച് ഏറ്റവും ഭക്ത്യാദരപുരം സംസാരിക്കുമെന്നാണ് ഒരാൾ ന്യായമായും പ്രതീക്ഷിക്കുക. സൗന്ദര്യം എന്നത് ദൃഷ്ടാവിന്റെ വീക്ഷണമനുസരിച്ചായിരിക്കുമല്ലോ. പക്ഷേ ഇസ്ലാമിന്റെ ആധുനിക വിമർശകർ പോലും നിരാകരിച്ച തിരുമേനി(സ)യെക്കുറിച്ചുള്ള ദുരാരോപണങ്ങൾ മാത്രം മൗലാനാ ദർശിക്കുന്നതെന്തുകൊണ്ടാണ്? ഈ ചോദ്യത്തിന് മൂന്നു ഉത്തരങ്ങളാണുള്ളത്.

1. ഇസ്ലാമിനോട് കൂറുള്ള അനുയായി എന്ന മൗലാനാ മൗദൂദിയുടെ അവകാശവാദം വ്യാജമാണ്. അൽ ജിഹാദു ഫിൽ ഇസ്ലാം എന്ന കൃതിയുടെ ഉള്ളടക്കവും അദ്ദേഹത്തിന്റെ മറ്റു കൃതികളും വായിക്കുന്ന ഒരാൾ തിരുനബി (സ)യുടെ അദ്ധ്യാപനങ്ങളുമായി അവർക്ക് യാതൊരു ബന്ധവുമില്ല എന്ന യുക്തിപൂർണ്ണമായ നിഗമനത്തിലായിരിക്കും എത്തിചേരുക. അതുകൊണ്ട് തിരുനബി (സ) യുടെ കൂറുള്ള അനുയായിയാണ് താനെന്നുള്ള അദ്ദേഹത്തിന്റെ അവകാശ വാദം ശുദ്ധ നുണയാണ്. ഒരു പക്ഷേ മൗദൂദിയെ പറ്റി അതൊരു ഘോരമായ ആരോപണമായിരിക്കാം. മുഹമ്മദ് നബി (സ) യെ അവമതിക്കുന്നു എന്ന് ഈ ഗ്രന്ഥകർത്താവ് ഉൾക്കൊള്ളുന്ന ഒരു വിഭാഗത്തെ കുറിച്ച് (അഹ്മദികൾ) ദുരാരോപണം നിലവിലുണ്ട്. മൗലാന മൗദൂദിക്ക് തിരുനബി(സ) യോടുള്ള കൂറിനെ സംശയിക്കുന്ന അവസാനത്തെ ആളായിരിക്കണമല്ലോ ഞാൻ.

2. മൂല്യങ്ങളെപറ്റിയുള്ള മൗലാനായുടെ ധാരണ തലതിരിഞ്ഞതും അവ്യക്തവുമാണ്. വർണാന്ധത ബാധിച്ച ഒരാൾ പച്ചയിൽ നിന്നും ചെമപ്പിനെ വേർതിരിച്ചറിയാൻ ബുദ്ധിമുട്ടുന്നത് പോലെ തിന്മയിൽ നിന്ന് നന്മ വിവേചിച്ചറിയാൻ മൗലാന മൗദൂദി പാടുപെടുന്നു.

3. മൗലാനാ മൗദൂദിക്ക് മനോഗ്രസ്തി (Obsession) പിടികൂടിയിരിക്കുകയാണ്. രാഷ്ട്രീയാധികാരം പിടിച്ചുപറ്റാനുള്ള അദ്ദേഹത്തിന്റെ ഒടുങ്ങാത്ത ദുര ഒരു ഒഴിയാബാധയായി അദ്ദേഹത്തെ പിടികൂടിയിരിക്കുകയാണ്. 'മനോഗ്രസ്തി' എന്ന രോഗം നിർവ്വചിക്കപ്പെട്ടിരിക്കുന്നത് ഇങ്ങനെയാണ്. ഒരു ആശയം നിശ്ചയ ദാർഢ്യത്തോടു കൂടി നിരന്തരമായും സാധാരണ ഗതിയിൽ അത്യന്തം വികാരവായ്പ്പോടും പ്രാവർത്തികമാക്കാൻ എന്തെങ്കിലും ചെയ്യണമെന്ന കഠിനമായ ആഗ്രഹം. ഈ മാനസികാവസ്ഥയുടെ സാകല്യം മനോഗ്രസ്തി എന്ന രോഗവുമായി ബന്ധപ്പെട്ടതാണ്.[4]

പിയറി ജാനെറ്റ് വിലയിരുത്തുന്നത് മനോഗ്രസ്തി ബാധിച്ച രോഗികൾ തീവ്രവാദികളായ സന്മാർഗ്ഗവാദികളായിരിക്കും. സദാസമയവും കഠിനമായ ധർമ്മചിന്തയാൽ ആകുലചിത്തരും താൻ യോഗ്യനല്ല എന്ന ചിന്തയാൽ അസ്വസ്ഥനുമായിരിക്കും.[5]

ജാനെറ്റിന്റെ ആശയങ്ങളെ സംഗ്രഹിച്ചുകൊണ്ട് തന്റെ സ്വന്തം മാനദണ്ഡങ്ങൾ വെച്ചും ഏൽട്ടൻ മോയാ മനോഗ്രസ്തി ബാധിച്ചവരെ വിലയിരുത്തുന്നത് കാണുക സ്പഷ്ടമായ കാര്യങ്ങളെ ക്കുറിച്ച് അത്യദ്ധ്വാനം ചെയ്ത് പുനർവിചിന്തനം നടത്തുത്തുന്നതിൽ ഇവർ വിദഗ്ധരായിരിക്കും. ഊതിപ്പെരുപ്പിച്ച സൂക്ഷ്മതയോടെ അവർ ചെറിയ കാര്യങ്ങൾ വിവരിക്കുന്നു. എന്നിട്ട് വലിയ കാര്യങ്ങൾക്ക് അവ പകരം വെക്കുന്നു. ആ പ്രശ്നങ്ങൾ സ്വയം കൈകാര്യം ചെയ്യാൻ താൻ പര്യപ്തനല്ല എന്ന ബോധവും അവർക്കുണ്ട്.[6]

ഹൈദരാബാദിലെ മൗലാനാ മൗദൂദിയുടെ ബാല്യകാല സ്മൃതികളും യൗവനകാലത്തെ അനുഭവങ്ങളും നാം നേരത്തെ കാണുകയുണ്ടായി. തന്റെ സ്വഭാവരൂപീകരണത്തിന്നും രാഷ്ട്രീയാധികാരത്തെ പറ്റി ചിന്തിക്കാനും ഈ കാലഘട്ടം വഴിയൊരുക്കി. കുർട്ട് ലെവിൻ എന്ന മനശ്ശാസ്ത്രജ്ഞന്റെ നിരീക്ഷണ പ്രകാരം, ഒരു വ്യക്തിയുടെ സ്വഭാവം മനസ്സിലാക്കണമെങ്കിൽ അത് അദ്ദേഹത്തിന്റെ ജീവിതകാല പരിപ്രേക്ഷ്യത്തിൽ മനസ്സിലാക്കണം. ചിലർ അത് പ്രത്യേകം കാലഘട്ടമായും പ്രത്യേക സന്ദർഭമായും ബന്ധപ്പെടുത്തി കാണുന്നു. ലെവിന് താൽപര്യമുള്ള മേഖല വ്യക്തിയും അയാളുടെ മാനസിക പരിസ്ഥിതിയും അടങ്ങുന്ന ജീവിതസാകല്യമാണ്.[7] വുഡ്സ് വർത്തും ഷീഹനും ലെവിന്റെ സിദ്ധാന്തം കൂടുതൽ വിശദമാക്കുന്നത് കാണുക.:

മനശാസ്ത്രപരമായ (Psychological) അല്ലെങ്കിൽ പെരുമാറ്റ ശാസ്ത്രപരമായ (Behavioural) പരിസ്ഥിതി (Environment) തീർച്ചയായും ഒരു വ്യക്തിക്ക് അനുഭപ്പെട്ടതും ബോധ്യപ്പെട്ടതുമായ പരിസ്ഥിതിയാണ്. അതിനേക്കാളുപരിയായി ആ വ്യക്തിയുടെ വർത്തമാന കാല ആവശ്യങ്ങളും അർദ്ധ ആവശ്യങ്ങളുമായി ബന്ധപ്പെട്ടതു കൂടിയാണ്. അദ്ദേഹത്തിന് അനുഭവപ്പെകൊണ്ടിരിക്കുന്ന പല വസ്തുതകൾക്കും വർത്തമാന കാല പ്രസക്തിയില്ലാത്തതാണ്. അത് അദ്ദേഹത്തിന്റെ മാനസിക പരിതസ്ഥിതിയിൽ (Psychological Environment) മാത്രം നിലനിൽക്കുന്നതാണ്. മറ്റു ചില വസ്തുതകൾ പോസിറ്റീവോ നെഗറ്റീവോ ആയ സംയോജകങ്ങളാണ് (Valence). പോസിറ്റീവാണെങ്കിൽ അവ അയാളുടെ വർത്തമാനകാല ആവശ്യങ്ങളെ നിറവേറ്റുന്നു. നെഗറ്റീവ് ആണെങ്കിൽ തകർത്ത് തരിപ്പണമാക്കുമെന്ന് ഭീഷണിപ്പെടുത്തുന്നു. പോസിറ്റീവ് സംയോജകങ്ങൾ അയാളെ ആകർഷിക്കുന്നു. നെഗറ്റീവ് സംയോജകങ്ങൾ അയാളുമായി വികർഷിക്കുന്നു.[8]

മനശ്ശാസ്ത്രം (Psychology)

ഒരു ശുദ്ധ ശാസ്ത്രമല്ല. അത് വികസ്വരമായിക്കൊണ്ടിരിക്കുന്ന ശാസ്ത്രമാണ്. പക്ഷേ മൗലാനാ മൗദൂദിയുടെ മനോഗ്രസ്തിക്ക് ഈ വിശകലനം വളരെ അനുയോജ്യമാണ്. അദ്ദേഹത്തിന്റെ ഈ ഒഴിയാബാധക്ക് മറ്റു വിശദീകരണങ്ങളൊന്നുമില്ല. മറ്റെന്തെങ്കിലും വിശദീകരണങ്ങളുണ്ടെങ്കിൽ തന്നെ മൗലാനായുടെ ദർശനങ്ങളെ ഈ ഒഴിയാബാധ പിടികൂടിയിരിക്കുന്നു എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ദൈവത്തിന്റെ ശത്രുക്കൾ ഇതിന്മുമ്പേ നടന്നു നീങ്ങിയ വഴികളിലൂടെ ഇടറിയ കാൽവെപ്പുകളുമായി മൗലാനയും ധൃതിയിൽ നടന്നു നീങ്ങുകയും തപ്പിത്തടയുകയുമാണ്. ഈ മാനസിക ബാധ കൊണ്ടാണ് മതം ത്യജിക്കുന്നവനെ വധിക്കണം എന്ന സിദ്ധാന്തം ആവിഷ്ക്കരിക്കാൻ അദ്ദേഹം തയ്യാറായത്.

തങ്ങളുടെ പാരമ്പര്യ മതത്തിൽ നിന്ന് മാറിയതിന്റെ പേരിൽ പ്രവാചകന്മാർക്കും അവരുടെ അനുയായികൾക്കും ശത്രുക്കൾ എപ്പോഴും ആവശ്യപ്പെട്ടിരുന്ന ശിക്ഷയാണത്. നേരത്തെ പറഞ്ഞ മനോഗ്രസ്തി തന്നെയാണ് പ്രവാചകന്റെ തിരുകരങ്ങളിൽ ഖഡ്ഗം ചാർത്താൻ അദ്ദേഹത്തെ ധൃഷ്ടനാക്കിയത്. മൗലാനാ ഇങ്ങനെ ചെയ്തത് മൂലം മുഹമ്മദ് നബി (സ) യെ രക്തദാഹിയായ പ്രവാചകനായി ചിത്രീകരിക്കുന്ന ശത്രുക്കൾക്ക് കൂട്ടു നിൽക്കുകയാണ് ചെയ്യുന്നത്. അനുനയവും ബലപ്രയോഗവും പരസ്പരം യോജിച്ചു പോകാൻ സാദ്ധ്യമല്ലാത്ത വിരുദ്ധ മാർഗ്ഗങ്ങളാണെങ്കിൽ സംസ്ക്കരണത്തിന് വേണ്ടി മൗലാനാ വാൾ കൈയ്യിലെടുക്കുകയും മതപരിവർത്തനത്തിന് യുക്തിപരമായ അന്വേഷണത്തെ നിരാകരിക്കുകയുമാണ് ചെയ്യുന്നത്. അനുനയവും ബുദ്ധിപരമായ അന്വേഷണവും തനിക്ക് യോജ്യമല്ലാത്ത ദുഷ്ക്കര മാർഗ്ഗങ്ങളാണെന്നാണ് അദ്ദേഹം വിചാരിക്കുന്നത്. മക്കാ ജീവിതകാലത്ത് കഠിനമായ എതിർപ്പുകൾക്ക് മുമ്പിൽ പ്രവാചകൻ കാഴ്ച്ചവെച്ചത് പോലെ ദൈർഘ്യമേറിയ ത്യാഗങ്ങളും ക്ഷമാപൂർണമായ സഹനങ്ങളും അത് ആവശ്യപ്പെടുന്നു. അതുകൊണ്ട് അതൊരു നെഗറ്റീവ് സംയോജകമാണെന്ന് കരുതി മൗലാനാ തള്ളിക്കളയുന്നു. രാഷ്ട്രീയാധികാരത്തിലൂടെ ലഭിക്കുന്ന ശക്തി അദ്ദേഹത്തിന്റെ വർത്തമാന കാല ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതായി കാണുന്നു. അതുകൊണ്ട് അദ്ദേഹം അത് സ്വീകരിക്കുകയും അതിസാഹസികമായി ചിന്തിച്ചുകൊണ്ട് തിരുമേനിയുമായി (സ) ബന്ധിപ്പിക്കുകയും ചെയ്യുന്നു.

മൗദൂദിയുടെ മനോഗ്രസ്തിയെക്കുറിച്ച് പരാമർശിക്കുമ്പോൾ അദ്ദേഹത്തെ ഇകഴ്ത്തുവാൻ ഞാനുദ്ദേശിച്ചിരുന്നില്ല. മറിച്ച് എന്റെ യജമാനനായ റസൂൽ തിരുമേനി (സ)യുടെ തൃക്കരങ്ങളിൽ വാൾ അണയിക്കുക വഴി മൗദൂദിയാണ് തിരുനബി (സ) യെ ഇകഴ്ത്തിയത്. എല്ലായ്പ്പോഴും അദ്ദേഹം അതിന് വേണ്ടി നിലകൊള്ളുകയും ചെയ്യുന്നു. ഇസ്രയേൽ ഷേൻകറുടെ 'Coat of Many Colors' എന്ന ജൂതായിസത്തെക്കുറിച്ചുള്ള പുസ്തകം അവലോകനം ചെയ്തുകൊണ്ട് ഹഗ്ഗ് നിസെൻഡെൻ പറയുന്നു: മിസ്റ്റർ ഷേൻകർ അദ്ദേഹത്തിന്റെ മനോഗ്രസ്തി നാടകീയമാക്കുകയുണ്ടായി. അതായത് അദ്ദേഹം തന്റെ ജനതയുടെ ചരിത്രം രചിക്കുകയും അത് എല്ലാവർക്കും പ്രാപ്യമാക്കി തീർക്കുകയും എല്ലാവരെയും പ്രഭാവിതരാക്കി തീർക്കുകയും ചെയ്തു.[10] മൗലാനയെ പിടികൂടിയിരിക്കുന്ന ഈ മനോബാധ നല്ല കാര്യങ്ങൾക്ക് വേണ്ടി ഉപയോഗിച്ചിരുന്നുവെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു പോകുകയാണ്. അദ്ദേഹം ശക്തി പ്രയോഗിക്കുന്നതിനെ നിയമാനുസൃതമെന്ന് ന്യായീകരിക്കുക മാത്രമല്ല ചെയ്യുന്നത്. പരിഷ്ക്കരണത്തിന് അനിവാര്യം കൂടിയാണെന്ന് സമർത്ഥിക്കുകയും ചെയ്യുന്നു. അദ്ദേഹം പറയുന്നു:

***'യുക്തിചിന്തക്കും ഉദ്ബോധനങ്ങൾക്കും മുമ്പിൽ അവർ (ഇസ്ലാമിന്റെ ശത്രുക്കൾ) തങ്ങളുടെ താൽപര്യങ്ങൾ ബലികഴിക്കുമെന്ന് കരുതുന്നത് അസംഭവ്യമാണ്. ആകെകൂടി ഒരാൾക്ക് ചെയ്യാൻ കഴിയുക രാഷ്ട്രീയാധികാരവും ശക്തിയും ആർജ്ജിച്ചുകൊണ്ട്[11] അവരെ തിന്മയിൽ നിന്ന് ബലം പ്രയോഗിച്ച് തടഞ്ഞു നിർത്തുക മാത്രമാണ്.[12]***

പരിഹാസത്തിന്റെയും നിഷേധത്തിന്റെയും നീരസത്തിന്റെയും അപമാനത്തിന്റേയും മുന്നിൽ സഹനവും സ്ഥിരചിത്തതയും പാലിച്ചുകൊണ്ടുള്ള അനുനയത്തിന്റെ മാർഗ്ഗം പ്രയാസകരം തന്നെയാണ്. മൗദൂദി സാഹിബിന്റെ വാളിന്റെ പരിഷ്ക്കരണ മാർഗ്ഗങ്ങളാകട്ടെ കൂടുതൽ എളുപ്പവും ക്ഷിപ്രസാദ്ധ്യവുമാണ്. മറ്റേത് അതീവ പ്രയാസവും ദീർഘസമയം അവശ്യമുള്ളതുമാണ്. അയ്യൂബ് നബി (അ) യുടെ സഹനമാണ് അതിനാവശ്യം. എല്ലാ പരിഷ്ക്കർത്താക്കളും പരിഹാസത്തിനും നിഷേധത്തിനും പാത്രമായിട്ടുണ്ട്. വിശുദ്ധ ഖുർആൻ ആ ചിത്രം ഇങ്ങനെ വിവരിക്കുന്നു:

***'കുറ്റവാളികളായ ആളുകൾ സത്യവിശ്വാസികളെ പരിഹസിക്കുകയായിരുന്നു. അവരുടെ അടുത്തുകൂടെ ഇവർ(സത്യവിശ്വാസികൾ) കടന്നുപോവുമ്പോൾ അവർ പരസ്പരം പരിഹാസഭാവത്തിൽ നയന വിക്ഷേപം ചെയ്യുമായിമായിരുന്നു. അവർ (ഇവരെ കണ്ടാൽ തീർച്ചയായും ഇക്കൂട്ടർ വഴി പിഴച്ചവർ തന്നെയാണെന്ന് പരസ്പരം പറയുമായിരുന്നു. വാസ്തവത്തിൽ അവർ ഇവരുടെ മേൽ പാറാവുകാരായി അയക്കപ്പെട്ടിരുന്നില്ല.' (വി. ഖുർആൻ 83: 30)***

ദൈവം അയച്ച പരിഷ്ക്കർ

ത്താക്കളുടെ മാർഗ്ഗം എന്തുകൊണ്ട് മൗലാനാ തിരഞ്ഞെടുക്കുന്നില്ല എന്ന് മുകളിലുള്ള ഖർആൻ വചനം വ്യക്തമാക്കുന്നു. ജനങ്ങൾ പരിഷ്ക്കർത്താക്കളെ പരിഹസിച്ചു കൊണ്ട് പാറയുന്നത് നോക്കു. ഈ ജനതയുടെ ഒരേയൊരായുധം ഉപദേശമാകുന്നു. അവരാകട്ടെ വളരെ ബലഹീനരും. നാം ആഗ്രഹിക്കുന്ന ഏത് നിമിഷവും നമുക്കവരെ തകർത്ത് തരിപ്പണ മാക്കാവുന്നതേയുള്ളൂ. എന്നിട്ടും അവർ തങ്ങളുടെ ഉപദേശവും കൊണ്ടും യുക്തി സംവാദംകൊണ്ടും ജനങ്ങളെ അതിജയിക്കുമെന്ന് അവകാശപ്പെടുന്നു. അത്കൊണ്ട് മൗലാനാ സമാധാനപൂർണ്ണമായ വാദമുഖങ്ങളെല്ലാം നിരാകരിക്കുന്നു. അതിന് പകരമായി അദ്ദേഹത്തിന്റെ വാദമിങ്ങനെയാണ്.

***'ഭൂമുഖത്ത് നിന്ന് തിന്മയും അക്രമവും ഉന്മൂലനം ചെയ്യുവാനും ജനങ്ങളെ പരിഷ്ക്കരിക്കാനും ആഗ്രഹിക്കുന്ന ഒരാൾക്ക് വെറും സുവിശേഷ പ്രചാരണം കൊണ്ടും ധർമ്മോപദേശങ്ങൾ നൽകിയും അത് സാക്ഷാത്ക്കരിക്കാൻ സാദ്ധ്യമല്ല. അത് വൃഥാ യത്നമാണ്. അയാൾ തെറ്റായി പടുത്തുയർത്തിയ ഭരണകൂടത്തിനെതിരെ ഉയർന്നു വരണം. അയാൾ ഭരണം പിടിച്ചെടുക്കണം. തിന്മ പ്രവർത്തിക്കുന്നവരെ അധികാരത്തിൽ നിന്ന് നിഷ്ക്കാസനം ചെയ്യണം. പിന്നീട് ശക്തമായ തത്വങ്ങളിലധിഷ്ഠിതമായ നീതി നിഷ്ഠമായ ഒരു ഭരണക്രമം സ്ഥാപിക്കണം.'*** [13]

മാർക്സിസത്തെ ഉപജീവിച്ചു കൊണ്ടുള്ളതാണ് മൗദൂദിയുടെ ഈ പരിഷ്ക്കരണ സംരംഭം. അത് മനുഷ്യ വംശത്തെ രക്ഷിക്കുന്നതിനുള്ള ദൈവിക മാർഗ്ഗമല്ല. ദൈവിക മാർഗ്ഗത്തിൽ ഉപദേശം എന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ്. പൊതുവായി അധാർമ്മികത കൊടുമകൊള്ളുന്ന കാലഘട്ടങ്ങളിൽ പോലും **'സത്യം സ്വീകരിക്കാനും സ്ഥിരചിത്തത കൈകൊള്ളുവാനും പരസ്പരം ഉപദേശിക്കുന്നു'(103:4)** സത്യവിശ്വാസികളായിരിക്കും വിജയികളായിത്തീരുക. ആത്മീയവും ധാർമികവുമായ എല്ലാ വിപ്ലവ പരിവർത്തനങ്ങൾക്കും വേണ്ടി സത്യവും സഹനവും മുറുകെ പിടിച്ച് ജനങ്ങളെ അതിജയിക്കാനാണ് ദൈവം തന്റെ ദാസന്മാരോട് ആജ്ഞാപിച്ചതെന്ന് ബഹിർഭാഗസ്ഥമായ ചരിത്ര വീക്ഷണമുള്ളവർക്ക് പോലും കാണാനാവും. സഹനവും പ്രാർഥനയും മതാത്മക വിപ്ലവങ്ങളുടെ അവിഭാജ്യ ഘടകങ്ങളാണ്. ദൈവനിയുക്തവാദികൾ ദൈവിക വാഗ്ദാനങ്ങൾ സാക്ഷാത്ക്കരിക്കും. ***'സത്യ വിശ്വാസികൾക്കാണ് ശുഭ പര്യവസാനം'(7:129)*** എന്നാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

എല്ലാ ദൈവദൂതന്മാർക്കും മതപുനരുജ്ജീവനത്തിന് ഈയൊരു സമരായുധമാണ് സ്വീകരിച്ചത്. മാർക്സിയൻ രീതിയിലുള്ള ബലപ്രയോഗത്തിന് അവരെല്ലാവരും വെറുത്തിരുന്നു. വിശുദ്ധ ഖുർആൻ അത്തരത്തിലുള്ള ധാരാളം പ്രവാചകന്മാരുടേയും സുവിശേഷകന്മാരുടെയും ചരിത്രം പറയുന്നു. ഈ ദിവ്യ വിപ്ലവത്തിൽ നൂഹ് നബി(അ) യുടെ ആയുധം അനുനയവും ഉദ്ബോധനവു മായിരുന്നതായി കാണം. ഇബ്രാഹിം, ശുഐബ് (അ), സ്വാലിഹ് (അ) എന്നീ ദൈവദൂതന്മാരുടെയും പരിഷ്ക്കരണ മാർഗം ഇതുതന്നെയായിരുന്നു. ലൂത്ത് നബി (അ), മൂസാ നബി (അ) എന്നിവർ അവരുടെ ജനങ്ങൾക്ക് ഉപദേശകന്മാരായിട്ടായിരുന്നു അയക്കപ്പെട്ടിരുന്നത്. ഈസാ നബി (അ) അദ്ദേഹത്തിന്റെ സുവിശേഷം മുഖേനയായിരുന്നു വിപ്ലവം സൃഷ്ടിച്ചത്. എല്ലാറ്റിന്നുമുപരിയായി സാർവ്വ ലൗകിക അദ്ധ്യാത്മിക വിപ്ലവ ദൗത്യവുമായി അയക്കപ്പെട്ട എക്കാലത്തേയും പരിഷ്ക്കർത്താക്കളുടെ നായകനായ നമ്മുടെ യജമാനൻ മുഹമ്മദ് മുസ്തഫാ (സ) യുടെ പരിഷ്ക്കരണോപാധിയും, അനുനയവും ഉദ്ബോധനവും യുക്തിചിന്തയുമല്ലാതെ മറ്റൊന്നുമല്ല. മൗലാനാ വിശുദ്ധന്മാരായ ഈ ദൈവദൂതന്മാരുടെ പരമ്പരാഗത മാർഗ്ഗം അവഗണിക്കുക മാത്രമല്ല അതിന് കടക വിരുദ്ധമായ നിലപാടാണ് സ്വീകരിക്കുന്നത്. അദ്ദേഹം പറയുന്നത്, ഭൂമുഖത്ത് നിന്ന് തിന്മയും അക്രമവും ഉന്മൂലനം ചെയ്യാനും ജനങ്ങളെ പരിഷ്ക്കരിക്കാനും ആഗ്രഹിക്കുന്ന ഒരാൾക്ക് വെറും സുവിശേഷ പ്രചരണം കൊണ്ടും ധാർമികോപദേശങ്ങൾ നൽകിയും അത് സാക്ഷാത്ക്കരിക്കാൻ സാദ്ധ്യമല്ല അതൊരു വൃഥാ യത്നമാണ് എന്നാണ്.

മൗലാന മൗദൂദിയുടെ ഈ ആശയ പ്രമാണങ്ങളെ ദൈവദൂതന്മാർ അനുവർത്തിച്ചു വരുന്ന അഖണ്ഡ പാരമ്പര്യവുമായി നമുക്കൊന്ന് താരതമ്യം ചെയ്തു നോക്കാം. സ്പഷ്ടമായ മാർഗ്ഗഭ്രംശം നൂഹ് നബി (അ) പ്രചരിപ്പിക്കുന്നു എന്ന് അദ്ദേഹത്തിന്റെ ജനത ആരോപിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു:

***'എന്റെ ജനമേ, എന്നിൽ യാതൊരു മാർഗ്ഗഭ്രംശവുമില്ല. എന്നാൽ ഞാൻ സർവലോക പരിപാലകനിൽ നിന്നുള്ള ഒരു ദൂതൻ മാത്രമാകുന്നു. എന്റെ നാഥന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ച് തരുന്നു. ഞാൻ നിങ്ങൾക്ക് സദുപദേശം നൽകുന്നു. അല്ലാഹുവിൽ നിന്ന് നിങ്ങൾ അറിയാത്തത് ഞാൻ അറിയുകയും ചെയ്യുന്നു.' (വി. ഖുർആൻ 7: 62, 63)***

ഇതായിരുന്നു നൂഹിന്റെ ദൈവിക ദൗത്യത്തിന്റെ ചരിത്രം. എന്നാൽ മൗലാന മൗദൂദിയുടെ രീതിയനുസരിച്ച് നുഹ് നബി (അ) ഇങ്ങനെ പറയണമായുരുന്നു.

ഞാൻ ദൈവത്തിന്റെ ദൂതനാകുന്നു. നിങ്ങൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ശരി എന്നെ നിങ്ങളിലേക്ക് ചുമത്തപ്പെട്ടിരിക്കുന്നു. സത്യവിശ്വാസികളുടെ ഒരു സംഘം

അധികാരം അടുത്ത് തന്നെ കൈയേൽക്കുന്നതാണ്.

ആദ് ജനത ഹൂദ് നബി (അ) യോട് അദ്ദേഹം വിഡ്ഢിത്തത്തിൽ പെട്ടു പോയി എന്ന് പറഞ്ഞപ്പോൾ എന്റെ നിരുപദ്രവമായ ഉപദേശം കേട്ട് നിങ്ങൾ വഞ്ചിതരാവേണ്ട. നിങ്ങൾ എന്നെ ഒരു വിഡ്ഢിയായി ഗണിക്കേണ്ടതുമില്ല. നിങ്ങൾ എന്റെ യാഥാർത്ഥ്യം ദർശിച്ചിട്ടില്ല. ഞാൻ വാസ്തവത്തിൽ ഒരു മത ഭക്തനാണ്. ഒരു ദിവസം ഞാൻ ദൈവത്തിന്നെതിരെ നിൽക്കുന്ന ജനതയിൽനിന്നും അധികാരം പിടിച്ചെടുക്കും എന്നിട്ട് എന്റെ സച്ചരിതരായ ജനതക്ക് അത് നൽകും എന്ന് അദ്ദേഹം തീർച്ചയായും പറഞ്ഞില്ല. അതിനു പകരം അദ്ദേഹം പ്രവാചകന്മാരുടെ പാരമ്പര്യമനുസരിച്ച് പ്രതികരിക്കുകയാണുണ്ടായത്. അദ്ദേഹം പറഞ്ഞു:

***'എന്റെ ജനമേ, എന്നിൽ ഒരു വിഡ്ഢിത്തവും ഇല്ല. സർവ്വ ലോക നാഥനിൽ നിന്നുള്ള ഒരു ദൂതനാണ് ഞാൻ . എന്റെ നാഥന്റെ സന്ദേശം ഞാൻ നിങ്ങൾക്കെത്തിക്കുന്നു. ഞാൻ നിങ്ങളുടെ ആത്മാർത്ഥതയുള്ള ഒരു ഉപദേശകനാണ്.'(വി. ഖുർആൻ 7: 68, 69)***

സമൂദ് സമുദായം ആദ് സമുദായത്തെ പോലെ സ്വാലിഹി (അ)നെ നിഷേധിച്ചു. പല ആരോപണങ്ങളും നടത്തി. നൂഹി(അ)നെയും ഹൂദിനെ (അ)യും പോലെ അദേഹം പറഞ്ഞു:

***'എന്റെ ജനമേ എന്റെ നാഥന്റെ സന്ദേശം ഞാൻ നിങ്ങൾക്ക് എത്തിച്ചു. ഞാൻ നിങ്ങളോട് ആത്മാർത്ഥമായി ഉപദേശിക്കുകയും ചെയ്തു. പക്ഷേ നിങ്ങൾ ആത്മാർത്ഥമായി ഉപദേശിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല'(വി. ഖുർആൻ. 7:80)***

പിന്നീട് ദൈവം ലൂത്ത് നബി (അ) യെ അയച്ചു. അദ്ദേഹത്തിന്റെ അനുയായികളിലാരും പിഴച്ച ജനതയിൽ നിന്നും അധികാരം പിടിച്ചു പറ്റാൻ യാതൊരു ശ്രമവും നടത്തിയിട്ടില്ല. അവർക്ക് മേൽ ദൈവശിക്ഷ വന്നു പതിക്കുന്നത്വരെ അവരുമായി നൂഹ് നബി (അ) യുക്തി പൂർണ്ണമായ ഉദ്ബോധനങ്ങൾ തുടർന്നുകൊണ്ടിരുന്നു. ലൂത്തിന്റെ ജനതക്ക് ദൈവകോപം വന്നുഭവിക്കുന്നതിന് മുമ്പേ അദ്ദേഹം തന്റെ അനുയായികളുമായി ദൈവാനുമതിയോടെ അവരുടെ ഭവനങ്ങൾ വിട്ടിറങ്ങി. മർദ്ദകരെ സദാ സമയവും ജാഗ്രതപ്പെടുത്തിയിരുന്നു. ആ പ്രഭാതം വന്നണഞ്ഞു.

***'എന്നാൽ അത് (ശിക്ഷ) അവരുടെ അങ്കണത്തിൽ വന്നിറങ്ങുമ്പോൾ മുന്നറിയിപ്പ് നൽകപ്പെട്ടവരുടെ പുലരി വളരെ ചീത്തയായിരിക്കും.'(വി. ഖുർആൻ. 37: 178)***

വിശുദ്ധ ഖുർആൻ 7-ാം അദ്ധ്യായത്തിൽ വഴിപിഴച്ച ജനതയെ സൽപാന്ഥാവിലേക്ക് പ്രത്യാനയിക്കുവാൻ അവതീർണരായ പ്രവാചകന്മാരുടെ വൃത്താന്തങ്ങൾ തുടരുന്നു. ലൂത്തിന്റെ ചരിത്ര കഥനം നടത്തിയതിന് ശേഷം ശുഐബ് നബി (അ) അവരിൽ നിന്ന് മുഖം തിരിച്ചു കൊണ്ട് പറഞ്ഞു:

***'എന്റെ ജനമേ, ഞാൻ നിങ്ങൾക്ക് എന്റെ നാഥന്റെ സന്ദേശങ്ങൾ എത്തിച്ചിട്ടുണ്ട്. ഞാൻ നിങ്ങൾക്ക് സദുപദേശങ്ങൾ നൽകുകയും ചെയ്തു. എന്നിരിക്കെ സത്യ നിഷേധികളായ ജനതയെ സംബന്ധിച്ച് ഞാൻ എങ്ങനെ വ്യസനിക്കും?' (വി. ഖുർആൻ 7:94)***

വിശുദ്ധ ഖുർആൻ മൗലാന മൗദൂദിക്കും മറ്റു സർവ്വ മുസ്‌ലിംകൾക്കും ദൈവത്തിന്റെ വചനമാണല്ലോ. ദൈവദൂതന്മാർ തങ്ങളുടെ ഉപദേശങ്ങളും ഉദ്ബോധനങ്ങളും തിരസ്ക്കരിക്കപ്പെട്ടപ്പോൾ ദൈവത്തിന്നു മുമ്പിൽ കണ്ണുനീർ വാർക്കുകയും അവനോട് ഹൃദയപൂർവ്വമായ പ്രാർത്ഥനകൾ നടത്തുകയുമാണ് ചെയ്തത് എന്ന് വിശുദ്ധ ഖുർആൻ നമ്മോട് പറയുന്നു. പ്രവാചകന്മാർക്ക് അവരുടെ സന്ദേശത്തിൽ അചഞ്ചലമായ വിശ്വാസമുണ്ടായിരുന്നു. അവരുടെ ശത്രുക്കളിൽ നിന്നും ഭരണാധികാരം പിടി ച്ചെടുക്കുന്നതിന് പകരം അവർ സ്നേഹവും കാരുണ്യവുമാണ് നിരന്തരം പകർന്ന് നൽകിയത്. അവർ വളരെ മാന്യമായി യുക്തി സംവാദങ്ങളിലേർപ്പെട്ടു. വിനയാന്വിതരായി തങ്ങളുടെ സദുപദേശം തുടരുകയും അന്തിമ ഫലം ദൈവത്തിൽ അർപ്പിക്കുകയും ചെയ്തു. ദൈവം അവൻ ഏകൻ ഒരുവൻ മാത്രമാണ്. അവൻ ഇച്ഛിക്കുന്നവർക്കാണ് അവന്റെ ഭൂമി നൽകുന്നത്. എല്ലാ പ്രവാചകന്മാരുടെയും ആഗ്രഹങ്ങൾ മൂസാ നബി (അ) ഈ വചനങ്ങളിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു.

***'അല്ലയോ നാഥാ, നീ ഞങ്ങൾക്ക് സ്ഥിര ചിത്തത പ്രദാനം ചെയ്യേണമേ, അനുസരണയുള്ളവരായി നീ ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ.'(വി. ഖുർആൻ. 7:127)***

മൂസാ നബി (അ) അദ്ദേഹത്തിന്റെ ജനതയോട് ചെയ്ത ഉപദേശം

***'നിങ്ങൾ അല്ലാഹുവിന്റെ സഹായം അർത്ഥിക്കുകയും സഹനവും സ്ഥിരചിത്തതയും കൈകൊള്ളുക. കയും ചെയ്യുക.' (വി. ഖുർആൻ 7: 129)***

അവരോട് അദ്ദേഹം പറഞ്ഞു:

***ഭൂമി അല്ലാഹുവിന്റെതാണ്. എന്റെ അടിമകളിൽ താൻ ഇച്ഛിക്കുന്നവർക്ക് അവൻ അത് അനന്തരാവകാശമായി നൽകുന്നു. (വി. ഖുർആൻ. 7:129)***

ബലപ്രയോഗം മുഖേന പിടിച്ചെടുക്കുക എന്നത് സത്യ വിശ്വാസികൾക്ക് ചേർന്നതല്ല. നമുക്കറിയാവുന്നത് പോലെ

***'ശുഭപര്യവസാനം ദോഷ ബാധയെ സൂക്ഷിക്കുന്നവർക്കാണ്.' (വി. ഖുർആൻ 7:129)***

*'അല്ലാഹു ഇച്ഛരിച്ചിരുന്നു വെങ്കിൽ അവർ അല്ലാഹുവിന് കൂട്ടുകാരെ സംങ്കൽപ്പിക്കുമായി രുന്നില്ല. നാം നിന്നെ അവരുടെ മേൽ കാവൽക്കാരനുമാക്കിയിട്ടു മില്ല. നീ അവരുടെ കാര്യനിർവ്വാഹ കനുമല്ല.' (വി. ഖുർആൻ 6:108) എന്നാണ്.*

വിശുദ്ധ ഖുർആനിൽ പേരെ ടുത്ത് പറഞ്ഞതും അല്ലാത്തതുമായ പ്രവാചകന്മാരുടെ സുസ്ഥാപിത മായ പെരുമാറ്റ സമ്പ്രദായത്തിന് വിരുദ്ധമായി മൗലാനാ മൗദൂദി ദൈവത്തിന്റെ അടിയാറുകളെ നിർബന്ധിക്കാനും മർദിക്കുവാനു മുള്ള അധികാരം സ്വയം കൈയ്യേൽക്കുകയും ചെയ്യുന്നു. അങ്ങനെ ജമാഅത്തെ ഇസ്‌ലാമി അനീതിയും അരാജകത്വവും തിന്മയും അനുസരണക്കേടും ഭൂമുഖത്ത് നിന്നും വിപാടനം ചെയ്യും പോലും.[15] ***മതത്തിന്റെ പേരിൽ മനുഷ്യഹത്യ*** (തുടരും)

മൂസാ നബി (അ) ക്ക് ശേഷം ഈസാ നബി (അ) വന്നു. അദ്ദേഹത്തിന്റെ ജീവിത കാലം മുഴുവൻ സുവിശേഷങ്ങളുടെ ഉദ്ബോധനങ്ങളിൽ കഴിച്ചു കൂട്ടി. അദ്ദേഹം ഒരിക്കലും അധികാരം കൈയ്യാളാൻ യത്നിച്ചില്ല. എല്ലാറ്റി നുപരിയായി പ്രവാചക പ്രഭുവായ മുഹമ്മദ് നബി (സ) ഒരു ഉദ്ബേധകനും ഉപദേശകനുമായാ ണ് ജനത്തെ സന്മാർഗ്ഗത്തിലേക്ക് നയിക്കുവാൻ അയക്കപ്പെട്ടത്. ഒരു പോലീസുകാരനായോ പട്ടാളക്കാര നായോ അല്ല. അല്ലാഹു അദ്ദേഹ ത്തിന് താക്കീതുകാരൻ എന്ന പേരു നൽകിക്കൊണ്ട് പറഞ്ഞു:

*'നീ ഉപദേശിക്കുക, നിശ്ചയ മായും നീ ഉപദേശകൻ മാത്രമാണ്. അവരുടെ മേൽ നിർബന്ധം ചെലുത്താൻ നിനക്കധികാരമില്ല.' (വി. ഖുർആൻ 89: 22,25)*

പക്ഷേ മൗലാനാ ഊന്നുന്നത് അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും മത പ്രബോധ കരുടെയോ സുവിശേഷകരുടെ യോ ഒരു സംഘമല്ല എന്ന വസ്തുതയിലാണ്. 'മറിച്ച് അവർ ദൈവത്തിന്റെ പോരാളികളാ'ണെ ന്നാണ്. കാരണം, 'അവർ മനുഷ്യ രാശിക്കെതിരെ ഒരു സാക്ഷിയായേ ക്കാവുന്നതാണ്' ഈ പടയാളി കളുടെ ദൗത്യം ശക്തി ഉപയോഗിച്ച് അനീതിയും തിന്മയും അരാജക ത്വവും അനുസരണയില്ലായ്മയും ചൂഷണവും ലോകത്ത് നിന്ന് ഇല്ലായ്മ ചെയ്യലാണ്.[14]

ദൈവം അവന്റെ ഏറ്റവും മഹാനായ പ്രവാചകനോട് പറഞ്ഞത്

നാം നിന്നെ അവരുടെ മേൽ കാവൽക്കാരനാക്കിയിട്ടുമില്ല. നീ അവരുടെ കാര്യനിർവ്വാഹകനുമല്ല. (വി. ഖുർആൻ 6:108)

പക്ഷേ മൗലാനാ മൗദൂദി തനിക്കും തന്റെ അനുയായികൾ ക്കും പോലീസുകാരന്റെ സ്ഥാനം മാത്രമല്ല നൽകുന്നത് ഒരു ന്യായാധിപന്റെ അധികാരം കൂടി സംവരണം ചെയ്യുന്നു. ദൈവം അവന്റെ ഏറ്റവും മഹാനായ പരിഷ്ക്കർത്താവിന് അവിശ്വാസി കളുടെ ഹൃദയത്തിന്മേൽ ഭൗതികാ ധികാരം നൽകിയിട്ടില്ല. അതിന് പകരം മൗദൂദിക്കും അദ്ദേഹത്തിന്റെ അനുയായികൾക്കുമാണ് ദൈവം ഈ അധികാരങ്ങൾ നൽകിയത് എന്നത് അത്ഭുതകരമായിരിക്കുന്നു. കാരുണ്യത്തിന്റേയും വിനയത്തി ന്റേയും മൂർത്തിമദ്ഭാവമായിരുന്നു തിരുനബി (സ). ലോകത്തിന്നാക മാനം സൽപാന്ഥാവ് കാണിച്ചു കൊടുക്കാൻ താൻ നിമിത്തമായിതീ രേണമേ എന്ന് തീവ്രമായി പ്രാർത്ഥി ക്കുകയുണ്ടായി. എന്നാൽ ദൈവം പ്രതിവചിച്ചു:

*'ആളുകൾ വിശ്വാസികളായി തീരുന്നതിനായി നീ നിർബന്ധി ക്കുകയോ?' (വി. ഖുർആൻ 0: 100)*

വിശ്വാസികളെ സംബന്ധി ച്ചിടത്തോളം ദൈവം അവന്റെ പരിശുദ്ധ ദൂതരോട് പറഞ്ഞത്:

## റിയാ അഥവാ നാട്യം

റിയായുടെ ചലനം വളരെ പതുക്കെയാണ്. അത് ഒരു ഉറുമ്പിനേക്കാൾ മന്ദം ചലിക്കുന്നു. എല്ലാ അനുമോദനത്തിലും അധിക്ഷേപത്തിലും റിയയുടെ ഒരംശം അടങ്ങിയിരിക്കുന്നു. സത്യവിശ്വാസി ചെയ്യേണ്ട കാര്യം. അവന് ആരിൽ നിന്നെങ്കിലും എന്തെങ്കിലും നന്മയോ ഉപകാരമോ വന്നുചേർന്നാൽ അയാളെ അനുമോദിക്കുന്നതിന് മുമ്പ് അല്ലാഹുവിനെ സ്തുതിക്കുക എന്നതാണ്. അല്ലാത്തപക്ഷം അതു റിയായിൽ പെട്ടതാകുന്നു. അതുപോലെ ഏതെങ്കിലും വിഷമ ഘട്ടത്തിലോ ദോഷസമയത്തോ അല്ലാഹുവിന്റെ ഹിക്മത്തിനെ മുന്നിൽ കാണേണ്ടതാണ്. സത്യവിശ്വാസിയുടെ സവിശേഷത ഇതാകുന്നു. അതായത്, അവന്റെ അല്ലാഹുവുമായുള്ള ബന്ധം മറ്റുള്ളവർ അറിഞ്ഞുപോകുന്നത് ഒരിക്കലുമവൻ ഇഷ്ടപ്പെടുന്നില്ല.

**– ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

# ലുധിയാനയിൽ അരങ്ങേറിയ വാദപ്രതിവാദം

വാഗ്ദത്ത മസീഹിന്റെ പ്രതിയോഗിയായ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയുമായി നടത്തിയ വാദപ്രതിവാദം ഒരു ദിവ്യവിജയമായി കലാശിക്കുകയായിരുന്നു.

എ. ക്യു. മഹ്ദി

1891 ജൂലൈ 20 അന്നാണ് വാദപ്രതിവാദം, ലിഖിത രൂപത്തിലുള്ള സംവാദമാരംഭിച്ചത്. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി ഉൾപ്പെടെ മറ്റു ഏഴു പ്രമുഖ പണ്ഡിതന്മാർ ഉൾക്കൊള്ളുന്ന ഒരു പണ്ഡിത സംഘം ഹദ്റത്ത് അഹ്മദി(അ)ന്റെ വസതിയിലെത്തി ചേർന്നു. മൗലവി ബട്ടാലവി വാഗ്ദത്ത മസീഹി(അ) നു മുമ്പിൽ ഒരു ചോദ്യം എഴുതി സമർപ്പിച്ചു. ആ മഹാത്മാവ് ഉടൻ തന്നെ മറുപടി എഴുതി തുടങ്ങുകയും ചെയ്തു. ഹുസൂർ തിരുമനസ്സിനൊപ്പം ഏതാനും പ്രമുഖ വ്യക്തികളുമുണ്ടായിരുന്നു.

വാദ പ്രതിവാദത്തിന്റെ നിബന്ധന പ്രകാരം ആദ്യദിവസത്തെ ചോദ്യത്തിനുള്ള ഉത്തരം എഴുതി നൽകി കഴിഞ്ഞാൽ അന്നത്തെ പരിപാടി അവസാനിക്കും. അടുത്ത ദിവസം വീണ്ടും അതിനുള്ള ഉത്തരവും പ്രത്യുത്തരവുമായി ഈ പ്രക്രിയ ആവർത്തിക്കപ്പെടണം. എന്നാൽ ഹുസൂർ മറുപടി തയ്യാറാക്കി കഴിഞ്ഞതോടെ മൗലവി ബട്ടാലവി സാഹിബ് നിബന്ധനകൾക്കും നിർദേശങ്ങൾക്കും വിരുദ്ധമായി എഴുന്നേറ്റു നിന്ന് ഏകപക്ഷീയമായി ഒരു പ്രസംഗം ചെയ്യാനാരംഭിച്ചു. ഖുർആനാണ് പ്രഥമമായ പ്രമാണം എന്ന നിലപാട് ശരിയല്ലെന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം തന്റെ വാക്കുകൾ ആരംഭിച്ചത്. ഖുർആന്റെ യാഥാർത്ഥ്യങ്ങൾ നമുക്കു തുറന്നു കാട്ടിതരുന്നത് ഹദീസുകളാലാണെന്നും അതുകൊണ്ട് എപ്പോഴും പ്രഥമ സ്ഥാനം ഹദീസുകൾക്കാണെന്നുമായിരുന്നു മൗലവി ബട്ടാലവിയുടെ വാദം. വാദപ്രതിവാദം വായ്മൊഴിയായല്ല വേണ്ടതെന്ന നിബന്ധന മൗലവി ബട്ടാലവി ലംഘിച്ചിരിക്കയാൽ തനിക്കും ഇപ്പോൾ സംസാരിക്കാനും മറുപടി പറയനും അവകാശമുണ്ടെന്നതിനാൽ ഹുസൂർ തിരുമനസ്സ് സംസാരിച്ചു.

മൗലവി സാഹിബിന്റെ ദുർബലമായ വാദങ്ങളെ ഖണ്ഡിച്ചും പാടെ നിഷ്പ്രഭമാക്കിയും കൊണ്ടായിരുന്നു ഹുസൂർ തിരുമനസ്സിന്റെ അതിഗംഭീരമായ അവതരണം. ഖുർആൻ ഖണ്ഡിതമായ ദൈവവചനവും വെളിപാടു സത്യങ്ങളുമാണെന്നും, റസൂൽ തിരുമേനി(സ)യുടെ കാലത്ത് തന്നെ അവ ക്രോഡീകരിക്കപ്പെട്ടിരുന്നു വെന്നും ഹദീസുകളെ പറ്റി ഈ സ്വച്ഛത ഒരിക്കലും അവകാശപ്പെടാൻ സാദ്ധ്യമല്ലെന്നും അവ നബി (സ) തിരുമേനിയുടെ കാലത്ത് സമാഹരിക്കപ്പെട്ട് പൂർണ്ണമായും സംശുദ്ധി തെളിയിച്ചിട്ടുള്ളതല്ലെന്നും വാഗ്ദത്ത മസീഹ് (അ) സമർത്ഥിച്ചു. വരമൊഴിയിലൂടെ മാത്രമേ വാദപ്രതിവാദം നടത്താവു ഈ മുൻ നിശ്ചയത്തിനെതിരെ ഏകപക്ഷീയമായി ധിക്കാരപൂർവ്വം മൗലവി ബട്ടാലവി തുടങ്ങി വച്ച പ്രസംഗമാണ് ഹദ്റത്ത് അഹ്മദി (അ)ന് തന്റെ പ്രസംഗം അവിടെ ആരംഭിക്കാൻ അവസരം നൽകിയത്. ഇത് ദൈവികമായ ഒരു നടപടിയായിരുന്നുവെന്ന് പിന്നീടുണ്ടായ സംഭവ വികാസങ്ങളിലൂടെ വ്യക്തമാവുകയും ചെയ്തു,.

അത്യുജ്ജ്വലമായിരുന്നു വാഗ്ദത്ത മസീഹിന്റെ (അ) പ്രസംഗം. അദ്ദേഹത്തിന്റെ വാക്കുകൾ സദസ്സിനെ ആകെ ആകർഷിക്കുകയും ശ്രോതാക്കളെല്ലാം ജ്ഞാനസമ്പൂർണ്ണവും യുക്തിഭദ്രവുമായ വാദഗതികൾ മനസ്സിൽ ഏറ്റു വാങ്ങുകയും ചെയ്തു. മിർസാ സാഹിബിന് പ്രസംഗപാടവമില്ലാത്തതിനാലാണ് എഴുത്തിലൂടെ വാദപ്രതിവാദത്തിന് സമ്മർദം ചെലുത്തിയതെന്നും പറഞ്ഞു പരിഹസിച്ചവർ ഇപ്പോൾ ആ മഹാത്മാവിന്റെ അത്യുജ്ജ്വലമായ പ്രസംഗം കേട്ട് കോരിത്തരിച്ചിരുന്നു അനർഗളം പ്രവഹിച്ചുകൊണ്ടിരുന്ന ആ വാഗ്ധോരണിയിൽ ആവേശഭരിതരായിതീർന്ന പലരും സദസ്സിലിരുന്ന് ഹർഷാവരം മുഴക്കിക്കൊ

ണ്ടിരുന്നു. ആ ദിവ്യാത്മാവിന്റെ ഓരോ വചകത്തിനും സുബ്ഹാന ല്ലാഹ് എന്ന ദൈവിക കീർത്തനം ഉയർത്തിക്കൊണ്ടിരുന്നു. ഹദ്റത്ത് അഹ്മദ് (അ) ഒരു വ്യാജവാദിയാ ണെന്നും ഇസ്‌ലാമിന്റെ ശത്രുവാ ണെന്നും (നഊദു ബില്ലാഹ്) മുൻവിധി പുലർത്തിയിരുന്ന എത്ര യോ പേർ സദസ്സിൽ തിങ്ങികൂടി യിരിപ്പുണ്ടായിരുന്നു. അവരിൽ പലരുടെയും ഹൃദയത്തിൽ സത്യവിശ്വാസത്തിന്റെ തിരിനാള മുയർത്താൻ ഹുസൂറിന്റെ ദിവ്യ ഭാഷണം കാരണമായിട്ടുണ്ടാവും. സദസ്സിൽ ഉണ്ടായിരുന്ന പലരും പിന്നീട് അദ്ദേഹത്തിന്റെ ജമാഅ ത്തിൽ അംഗങ്ങളാവുകയുണ്ടായി. ഇതിനെല്ലാം സന്ദർഭവും അവസര വും സൃഷ്ടിക്കപ്പെട്ടത് സുഖമായ വാദപ്രതിവാദ രീതിയുടെ മുൻ നിശ്ചയിച്ച ചട്ടം ലംഘിച്ചുകൊണ്ട് മൗലവി ബട്ടാലവി നടത്തിയ നിയമ ലംഘനമായിരുന്നു. അദ്ദേഹമാണ് എഴുത്തിലൂടെയുള്ള വാദപ്രതി വാദം എന്ന മുൻ തീരുമാനം ലംഘിച്ച് വാക് സമരത്തിന് തുടക്കം കുറിച്ചത്. അത് എല്ലാവർക്കും പ്രയോജനപ്രദമാകുമാറ് ഒരു നല്ല സന്ദർഭമാക്കി അല്ലാഹു മാറ്റി എന്നത് ഒരു ദൈവ നിശ്ചയം തന്നെയായിരുന്നു.

ഹദ്റത്ത് അഹ്മദി(അ)ന്റെ വസതിയിൽ വെച്ച് തീരുമാനിക്ക പ്പെട്ട ഈ വിവാദം ഏഴു ദിവസം വരെ നീണ്ടു നിന്നു. ബാക്കിയുള്ള രംഗങ്ങൾക്ക് വേദിയായത് മൗലവി മുഹമ്മദ് ഹുസൈൻ സാഹിബിന്റെ വീടായിരുന്നു. വേദി മാറ്റാനുള്ള നിർദ്ദേശമുണ്ടായതും മൗലവി ബട്ടാലവിയിൽ നിന്നു തന്നെയായി രുന്നു.

പന്ത്രണ്ട് ദിവസങ്ങൾ വാദ പ്രതിവാദം നീണ്ടു പോയി. എന്നിട്ടും ഒരു തീരുമാനത്തിലും എത്താതെ വന്നപ്പോൾ ഇതിൽ സജീവമായി പങ്കെടുത്തുകൊണ്ടി രുന്ന ശ്രോതാക്കൾ അസ്വസ്ഥരായി കാണപ്പെട്ടു. യഥാർത്ഥ പ്രശ്നം മസീഹിബ്നു മറിയം ജീവിച്ചിരിപ്പു ണ്ടോ അതോ മരണപ്പെട്ടുപോയോ എന്നതായിരിക്കേ, ആ വിഷയത്തെ പറ്റി എന്തുകൊണ്ട് സംവാദം നടത്തുന്നില്ല എന്നുള്ള ചോദ്യം സ്വാഭാവികമായും കാണികളിൽ നിന്ന് ഉയർന്നു. ശ്രോതാക്കളുടെ പ്രതികരണം ചെറിയൊരു ബഹള ത്തിൽ വരെ എത്തി. ക്രിസ്തു അഥവാ ഈസാ നബി(അ) ജീവിച്ചിരിപ്പുണ്ടോ എന്ന വിശ്വാസ ത്തിൽ തീരുമാനമാവുന്നതോടെ മറ്റു വിഷയത്തിലുള്ള തീരുമാനം പ്രയാസരഹിതമാവുമെന്നതിനാൽ ഇനിയെങ്കിലും വൈകാതെ യഥാർത്ഥ വിഷയത്തിലേക്ക് പ്രവേശിക്കണമെന്ന ഹദ്റത്ത് അഹ്മദി(അ)ന്റെ നിർദ്ദേശം ശരിയാണെന്ന് എല്ലാവർക്കും ബോദ്ധ്യമായി തുടങ്ങിയിരുന്നു.

പന്ത്രണ്ടുനാൾ പിന്നിട്ടപ്പോൾ വാദപ്രതിവാദം നടന്ന സ്ഥലം ജനനിബിഢമായി തുടങ്ങി. ഹിന്ദുക്കളും മുസ്‌ലിംകളും ക്രിസ്ത്യാനികളുമടങ്ങുന്ന ഒരു സംഘം ആളുകൾ ആവേശ പൂർവ്വം ഈ രംഗത്തിന് സാക്ഷി കളാവാൻ എത്തിച്ചേർന്നിരുന്നു. പഞ്ചാബിലെ പത്രങ്ങളുടെ പത്രാധിപന്മാരും ലുധിയാനയിലെ ജില്ലാ മജിസ്ട്രേറ്റ് ഖാൻ ഹസൻ ഷാ തുടങ്ങിയ പ്രമുഖ വ്യക്തികളും അക്കൂട്ടത്തിലുണ്ടായിരുന്നു. സമാപന ദിവസം ഹദ്റത്ത് അഹ്മദ് (അ) തന്റെ ഉപസംഹാര പത്രിക ഇങ്ങനെയാണ് ഉപസംഹരിച്ചത്.

എന്നെ ഒരു കള്ളവാദിയായി കരുതുകയും സ്വയം സാത്വികരും ഭക്ത ശിരോമണികളുമായി ചമയുകയും ചെയ്യുന്ന എന്റെ എതിരാളികൾ ധരിച്ചു കൊള്ളട്ടെ, 'നിങ്ങൾ കഴിവുള്ളോളം പ്രവർത്തി ച്ചു കൊള്ളുക. ഞാനും പ്രവർത്തി ച്ചുകൊള്ളാം' എന്ന് ഖുർആനിൽ പറഞ്ഞത് പോലെ എന്റെ സത്യാവസ്ഥ വ്യക്തമായി കാണി ക്കാൻ ഞാനിതാ സന്നദ്ധനാകുന്നു. ഇക്കാര്യത്തിൽ ഒരു ദൈവിക വിധി വെളിപ്പെടുത്തുന്നത് വരെ നമുക്ക് നാൽപത് ദിവസം കാത്തിരിക്കാം. അതിന് ശേഷം സാത്വികനായി തന്നെ പുറത്ത് വരികയും ദൈവസഹായത്തോടെ ദിവ്യമായ രഹസ്യങ്ങൾ വെളിപ്പെടുത്താൻ സാധിക്കുകയും ചെയ്യുന്നത് ആരാണോ, അയാൾ സത്യവാനായി കരുതപ്പെടുന്നതാണെനും നിശ്ചയി ക്കാം. ഇവിടെ സമ്മേളിച്ചിട്ടുള്ള എല്ലാവരും കേട്ടുകൊള്ളട്ടെ മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബിന് അല്ലാഹുവിന്റെ സഹായത്താൽ എനിക്ക് ചെയ്യാൻ കഴിയുന്നത് പോലെ എന്തെങ്കിലും ഒരു സ്വർഗ്ഗീയ അടയാളം കാണിക്കാനോ ദൈവികമായ എന്തെങ്കിലും ഒരു രഹസ്യം വെളിപ്പെടുത്താനോ കഴിയുന്ന പക്ഷം ഒരു സംശയുംവും വേണ്ട എന്റെ എതിരാളികൾ വിധിക്കുന്ന ഏതൊരു ശിക്ഷക്കും ഞാൻ വിധേയനാവും. ഏത് ആയുധം കൊണ്ടും അവർക്ക് എന്നെ വക

പന്ത്രണ്ട് ദിവസങ്ങൾ വാദ പ്രതിവാദം നീണ്ടു പോയി. എന്നിട്ടും ഒരു തീരുമാനത്തിലും എത്താതെ വന്നപ്പോൾ ഇതിൽ സജീവമായി പങ്കെടുത്തുകൊണ്ടിരുന്ന ശ്രോതാക്കൾ അസ്വസ്ഥരായി കാണപ്പെട്ടു. യഥാർത്ഥ പ്രശ്നം മസീഹിബ്നു മറിയം ജീവിച്ചിരിപ്പുണ്ടോ അതോ മരണപ്പെട്ടുപോയോ എന്നതായിരിക്കേ, ആ വിഷയത്തെ പറ്റി എന്തുകൊണ്ട് സംവാദം നടത്തുന്നില്ല എന്നുള്ള ചോദ്യം സ്വാഭാവികമായും കാണികളിൽ നിന്ന് ഉയർന്നു. ശ്രോതാക്കളുടെ പ്രതികരണം ചെറിയൊരു ബഹളത്തിൽ വരെ എത്തി. ക്രിസ്തു അഥവാ ഈസാ നബി(അ) ജീവിച്ചിരിപ്പുണ്ടോ എന്ന വിശ്വാസ ത്തിൽ തീരുമാനമാവുന്നതോടെ മറ്റു വിഷയത്തിലുള്ള തീരുമാനം പ്രയാസരഹിതമാവുമെന്നതിനാൽ ഇനിയെങ്കിലും വൈകാതെ യഥാർത്ഥ വിഷയത്തിലേക്ക് പ്രവേശിക്കണമെന്ന ഹദ്റത്ത് അഹ്മദി(അ)ന്റെ നിർദേശം ശരിയാണെന്ന് എല്ലാവർക്കും ബോദ്ധ്യമായി തുടങ്ങിയിരുന്നു.

വരുത്താം തീർന്നില്ല അവർ ആഗ്രഹിക്കുന്ന തരത്തിലുള്ള ഏത് നഷ്ട പരിഹാരവും അവർക്ക് എന്നിൽ നിന്നും അവകാശ പ്പെടാനാവുതാണെന്നും ഞാനിതാ ദൈവനാമത്തിൽ വാക്കു തരുന്നു. ലോകത്ത് ഒരു താക്കീതുകാരൻ വന്നു ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല എന്നാൽ ദൈവം അദ്ദേഹത്തെ സ്വീകരിക്കുന്നതും അദ്ദേഹത്തിന്റെ സത്യത്തെ അത്ഭുതകരമായ വിധമുള്ള അടയാളങ്ങളിലൂടെ വെളിപ്പെടു ത്തുന്നതുമാണ്. ഞാനീവിവാദം ഇതാ ഇവിടെ വെച്ച് അവസാനിപ്പി ക്കുന്നു. ഇത് സംബന്ധിച്ച് മൗലവി ഹുസൈൻ സാഹിബിന് എന്തെങ്കി ലും പറയാനുണ്ടെങ്കിൽ അദ്ദേഹം അത് തന്റെ പത്രങ്ങളിലുടെ എഴുതി പ്രസിദ്ധം ചെയ്യട്ടെ. പ്രാഥമിക വിഷയങ്ങൾ തന്നെ ഇങ്ങനെ അനന്തമായി നീട്ടിക്കൊണ്ട് പോകു ന്നത് തീർച്ചയായും ഉചിതമല്ല. എന്നാൽ ഞാൻ പുറപ്പെടുവിച്ച അടിസ്ഥാന വിഷയങ്ങളെ പറ്റിയു ള്ള വിവാദം തുടർന്ന് നടത്തുന്ന തിന് ഞാനിപ്പോഴും തയ്യാറാണ്.

ഈ വിവാദത്തിന്റെ വിവര ങ്ങൾ ഹദ്റത്ത് അഹ്മദ് (അ) തന്റെ 'ഇസാലയെ ഔഹാം' എന്ന പുസ്തകത്തിലെ അവസാന ഭാഗത്ത് ചേർത്തിട്ടുണ്ട്. കൂടാതെ വാദപ്രതിവാദത്തിന്റെ പൂർണ്ണ വിവരങ്ങൾ 'അൽ ഹഖ് ലുധിയാന' എന്ന പേരിൽ പുസ്ത രൂപത്തിലും പ്രസിദ്ധീകൃതമാവുകയുണ്ടായി.

ഈ വിവാദ വേളയിൽ കാണികളേയും ശ്രോതാക്കളേയും പണ്ഡിതന്മാരേയും ഒരു പോലെ അത്ഭുത പ്പെടുത്തുന്ന തരത്തിൽ ഹദ്റത്ത് അഹ്മദ്(അ)ന് ലഭിച്ച ദൈവിക സഹായം പ്രസ്താവനാർ ഹമാണ്.

വിവാദം നടന്നുകൊണ്ടിരി ക്കെ ഒരു പ്രത്യേക ഘട്ടത്തിൽ മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി ബുഖാരിയിൽ നിന്നുള്ള ഒരു ഹദീസിനെ പറ്റി സംശയം പ്രകടിപ്പിക്കുകയും അത് കാണിച്ചു തരാൻ വാഗ്ദത്ത മസീഹിനോട് ആവശ്യപ്പെടുകയും ചെയ്തു. ഹുസൂറിനെ പെട്ടെന്ന് കുഴക്കാനും ബുദ്ധിമുട്ടിക്കാനുമുള്ള ദുഷ്ട ലാക്കോടുകൂടിയാണ് ബട്ടാലവി സാഹിബ് ഇപ്രകാരം പെട്ടെന്ന് ആവശ്യപ്പെട്ടത്. പ്രസ്തുത ആയ ത്ത് ബുഖാരിയിൽ ഏത് ഭാഗത്താ ണെന്നോ എത് അധ്യായത്തിലാ ണെന്നോ പോലും ഹുസൂറിന് അപ്പോൾ നിശ്ചയമുണ്ടായിരുന്നില്ല. അത് തെരഞ്ഞു കണ്ടു പിടിക്കാൻ കുറേ സമയം തന്നെ ചിലവഴിക്കേ ണ്ടി വരും, അവിടെ ഹുസൂറിനോ ടൊപ്പമുണ്ടായിരുന്ന ഹദീസ് പണ്ഡിതന്മാർക്ക് പോലും അൽപ്പം പരിഭ്രമം തോന്നിയ സന്ദർഭമായിരു ന്നു അത്. ഹദ്റത്ത് അഹ്മദ് (അ) ബുഖാരീ ശരീഫ് കൈയ്യിലെടുത്ത് അതിലെ പേജുകൾ ദ്രുതഗതിയിൽ തുടർച്ചയായി മറിച്ചു നോക്കിക്കൊ ണ്ടിരുന്നു ഉത്കണ്ഠാകുലമായ നിമിഷങ്ങൾ ഹുസൂർ തിരുമനസ്സി നെ ബുദ്ധിമുട്ടിക്കുന്നതിലുള്ള ഗൂഢമായ ഒരാനന്ദം ബട്ടാലവി സാഹിബിന്റെ മുഖത്ത് ദൃശ്യമായി.

ഹുസൂർ തിരുമനസ്സ് ബുഖാ രിയിലെ പേജുകൾ മറിക്കുന്ന തിരക്കിലാണ്. പെട്ടെന്ന് ഒരു പേജിലെത്തിയപ്പോളതാ ഇവിടെ നോക്കു. എന്ന് പറഞ്ഞ് നിയുക്ത ശിഷ്യന്റെ കയ്യിൽ അദ്ദേഹം ആ ഗ്രന്ഥം കൊടുത്തിട്ട് അദ്ദേഹം തന്റെ എഴുത്ത് തുടർന്നു.

എന്തൊരത്ഭുതം, സകലരും മിഴിച്ചുനോക്കിക്കൊണ്ടിരിക്കേ തെരയപ്പെട്ട ആ രേഖ അതേ പേജിൽ കണ്ടെത്തപ്പെടുകയുണ്ടാ യി. ഇതിനെ പറ്റി പിന്നീട് ചോദിച്ച പ്പോൾ ഹുസൂർ (അ) പറഞ്ഞത് ഇപ്രകാരമാണ്.

ഞാൻ ബുഖാരി ശരീഫ് വാങ്ങി പേജുകൾ മറിച്ചു നോക്കി കൊണ്ടിരിക്കുമ്പോൾ അവയെല്ലം യാതൊരു എഴുത്തുമില്ലാത്ത ശൂന്യമായ പേജുകളായാണ് എന്റെ ദൃഷ്ടിയിൽ പതിഞ്ഞത്. അതിനാ ലെനിക്ക് വേഗം താളുകൾ മറിക്കേണ്ടി വന്നു ഒടുവിൽ എന്തോ രേഖപ്പെടുത്തിയിട്ടുള്ള ഒറ്റ പേജ് ഞാൻ കണ്ടു. അപ്പോൾ ഞാൻ തെരയുന്ന രേഖ ആ പേജിൽ തന്നെയാണുള്ളതെന്ന് എനിക്കുറ പ്പായി.

അതിവിപുലമായ ഒരു പ്രകാശനത്തിലൂടെ പ്രസ്തുത പ്രതിസന്ധി നിമിഷ നേരത്തേക്ക് പോലും നീണ്ടുനിൽക്കാതെ തരണം ചെയ്യാനായത് സദസ്സാകെ ശ്രദ്ധിച്ചു കൊണ്ടിരിക്കുകയായിരുന്നു. അതൊരു ദൈവിക സഹായം തന്നെയാണെന്ന് അവിടെ കൂടിയി രുന്ന സഹൃദയന്മാർക്ക് ബോദ്ധ്യ മാവുകയും ചെയ്തു. ഇത്തരം ദൈവിക സഹായങ്ങൾ ആ മഹാത്മാവിന്റെ ജീവിതത്തിൽ പല കുറി ഉണ്ടായിട്ടുള്ളതായി അവിടു ത്തെ ശിഷ്യന്മാർ പല തവണ സാക്ഷിയായിട്ടുണ്ട്. അല്ലാഹു അവന്റെ ഇഷ്ട ദാസന്മാർക്ക് ജ്ഞാന മിറക്കിക്കൊടുക്കുകയും സന്ദർഭോചിതമായ സഹായങ്ങൾ ആ ദിവ്യാത്മാവിന്റെ ജീവിതത്തിൽ നൽകികൊണ്ടിരിക്കുകയും ചെയ്യു ന്നത് എങ്ങനെയാണെന്നതിലേക്ക് ഒരു മഹത്തായ ഉദാഹരണം തന്നെയായിരുന്നു.

ഇതൊക്കെയായിട്ടും മൗലവി ബട്ടാലവി സാഹിബ് അടങ്ങിയിരി ക്കാൻ തയ്യാറായിരുന്നില്ല. ഏതോ ഒരു ധാർഷ്ട്യഭാവം അദ്ദേഹത്തെ കീഴടക്കിയിരുന്നു. അനുഭവങ്ങളി ലൂടെ അറിഞ്ഞിട്ടും മൗലവി ബട്ടാലവി, ഹദ്റത്ത് അഹ്മദി(അ) ന്റെ പ്രവാചകത്വം അംഗീകരിക്കാൻ കൂട്ടാക്കിയില്ല. വാദപ്രതിവാദം നടന്ന പിറ്റേദിവസം തന്നെ ബട്ടാലവി സാഹിബ് ഒരു നോട്ടീസ് അടിച്ചിറക്കി. അതിൽ വാഗ്ദത്ത മസീഹി(അ)നെതിരെ വളരെയേറെ ദുരാരോപണങ്ങളും നുണകളും എഴുതി നിറച്ചിരുന്നു. ബട്ടാലവി സാഹിബ് അദ്ദേഹത്തിന്റെ കുത്സിത പ്രവർത്തികൾ തുടരുമ്പോഴും വാഗ്ദത്ത മസീഹി(അ)ന് അല്ലാഹു മേൽക്കുമേൽ വിജയം നൽകി അനുഗ്രഹിച്ചുകൊണ്ടിരുന്നു.

# അബോറിജിനുകളുടെ ദൈവ വിശ്വാസം

ആസ്ത്രേലിയയിലെ ആദിമ നിവാസികളാണ് അബോറിജിനുകൾ. അബോറിജിനുകൾക്കിടയിൽ ഉന്നതനായ ഏക ദൈവത്തിന്റെ സങ്കൽപം പ്രബലമാണ്. അവരുടെ ദൈവ വിശ്വാസത്തെ പറ്റി സോഷ്യോളജിസ്റ്റുകൾ ബുദ്ധി ശൂന്യവും യുക്തി രഹിതവുമായ സിദ്ധാന്തങ്ങളാണ് വിളമ്പുന്നത്.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയാണ് എന്നതിനേക്കാൾ ദൈവം മനുഷ്യന്റെ സൃഷ്ടിയാണ് എന്ന ആശയം തങ്ങളുടെ വിചിത്രമായ സ്വന്തം യുക്തി ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ തെളിയിക്കാൻ ശ്രമിക്കുന്ന പാശ്ചാത്യ സോഷ്യോളജിസ്റ്റുകളുടെ സമകാലീന സിദ്ധാന്തം തെറ്റാണെന്ന് തെളിയിക്കാനാണ് നാം ഇത് വരെ ശ്രമിച്ചത്. അവർ തങ്ങളുടെ സിദ്ധാന്തത്തിനനുകൂലമായി ഉയർത്തിക്കാട്ടുന്ന തെളിവുകളെല്ലാം ഊഹങ്ങളല്ലാതെ മറ്റൊന്നുമല്ല. പത്ത് ലക്ഷം വർഷങ്ങളെടുത്തു കൊണ്ട് മനുഷ്യന്റെ ജൈവ പരിണാമത്തിലൂടെ നിലവിൽ വന്ന മനസ്സിനെപ്പറ്റിയുള്ള പഠനം അവരുടെ ഈ വിഭ്രമാത്മകമായ പരികൽപനയെ എത്രമാത്രം പിന്തുണക്കുന്നതാണെന്ന് കൂടുതൽ അന്വേഷിക്കേണ്ടതും അഗാധമായ പഠനങ്ങൾ നടത്തേണ്ടതുമായ ഒരു വിഷയമാണ്. മതങ്ങളുടെ ചരിത്രത്തെപറ്റിയുള്ള നിഷ്പക്ഷമായ പഠനം വ്യക്തമാക്കുന്നത് ദൈവത്തിലുള്ള വിശ്വാസം മനുഷ്യന്റെ അന്ധവിശ്വാസത്തിന്റെ ഫലമല്ല. ദൈവമാണോ മനുഷ്യനെ സൃഷ്ടിച്ചത്, അതല്ല മനുഷ്യനാണോ ദൈവത്തെ സൃഷ്ടിച്ചത് എന്ന പ്രശ്നം ഏക ദൈവ വിശ്വാസത്തിലധിഷ്ഠിതമായ ചില പ്രബലമതങ്ങളുടെ ചരിത്രവുമായി ബന്ധപ്പെടുത്തിക്കൊണ്ട് നാം ചർച്ച ചെയ്തു കഴിഞ്ഞു.

ദൈവ വിശ്വാസം എന്ന ആശയം ക്രമേണ പരിണമിച്ചുണ്ടായതാണെന്ന സോഷ്യോളജിസ്റ്റുകളുടെ സങ്കൽപം ആസ്ത്രേലിയായിലെ അബോറിജിനുകളുടെ മത വിശ്വാസത്തെ മുൻനിറുത്തി നാമിവിടെ വിമർശനാത്മകമായി പരിശോധിക്കാനുദ്ദേശിക്കുന്നു. സോഷ്യോളജിസ്റ്റുകളുടെ അന്വേഷണ രീതിയിൽ അടങ്ങിയിരിക്കുന്ന അബദ്ധങ്ങൾ ഈ പഠനങ്ങൾ വെളിപ്പെടുത്തുന്നതാണ്. ദൈവം ഇല്ല എന്ന ഉറച്ച മുൻധാരണയോടെയാണ് അവരുടെ അന്വേഷണം ആരംഭിക്കുന്നത്. അന്വേഷണം ആരംഭിക്കുന്നതിന് മുമ്പേ തന്നെ വിധി പ്രസ്താവം നടത്തുന്നതിനെ സുബോധമുള്ള ഒരു മനുഷ്യനും ശാസ്ത്രീയമെന്ന് പറയാൻ സാധ്യമല്ല. അനിഷേധ്യമായ ആസ്ത്രേലിയൻ തെളിവുകളെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ അവരുടെ വൈരുദ്ധ്യങ്ങൾ മറനീക്കി പുറത്ത് വരുന്നു. അന്വേഷണം ആരംഭിക്കുന്നതിന് മുമ്പേ അന്വേഷണ തത്ത്വങ്ങൾ വ്യക്തമായി നിർണ്ണയിക്കണം. പക്ഷേ സോഷ്യോളജിസ്റ്റുകൾ അന്വേഷണ തത്ത്വങ്ങൾ എന്താണെന്ന് നിർവ്വചിക്കുകയോ അതിന്റെ ഉദ്ദേശ്യം എന്താണെന്ന് വ്യക്തമാക്കുകയോ ചെയ്യാനുള്ള യാതൊരു ശ്രമവും നടത്തിയിട്ടില്ല. അവർക്ക് അറിയാവുന്ന ഏകതത്വം ദൈവം ഇല്ല എന്ന അവരുടെ ബോധ്യം മാത്രമാണ്. അവരുടെ അന്വേഷണത്തിന്റെ ഉദ്ദേശ്യം ദൈവം ഇല്ലാതിരിക്കെ ആളുകൾ എന്തുകൊണ്ട് ദൈവത്തെയോ ദൈവിക ബിംബങ്ങളെയോ ആരാധിക്കുന്നു എന്ന് അന്വേഷിക്കുക മാത്രമാണ്. അതായത് ഒടുവിൽ ദൈവത്തെ സൃഷ്ടിക്കുന്ന അന്ധവിശ്വാസങ്ങളും വളർച്ചയും അതിന്റെ രൂപാന്തരണവുമാണ് അവരുടെ ഒരേയൊരു അന്വേഷണ വിഷയം.

ഇത് പറയുമ്പോൾ വായനക്കാരന്റെ ശ്രദ്ധയെ ആസ്ത്രേലിയൻ ഭൂഖണ്ഡത്തിലെ മതചരിത്രത്തിലേക്ക് കൊണ്ടു പോകേണ്ടതുണ്ട്. ഈ ഭൂഖണ്ഡത്തിലെ സാംസ്കാരിക സാമൂഹിക മത ചരിത്രം ചുരു

ങ്ങിയത് ഇരുപത്തയ്യായിരം വർഷം പഴക്കമെങ്കിലും ഉള്ളതാണെന്ന് നമുക്ക് കണ്ടെത്താനാവും. പല പണ്ഡിതൻമാരും അത് നാൽപതിനായിരമോ അതിനപ്പുറം വരെയോ ആകാമെന്ന് പറയുന്നു. ആസ്ത്രേലിയൻ മതചരിത്രത്തെ സംബന്ധിച്ച് ചില ഗവേഷകൻമാരുടെ അഭിപ്രായപ്രകാരം ഇടമുറിയാത്തതും കലർപ്പില്ലാത്തതും പുറമെ നിന്ന് യാതൊരു ഇടപെടലുകളുമില്ലാത്തതുമായ ഒരു ലക്ഷത്തി മുപ്പതിനായിരം വർഷത്തെ അതിപുരാതന മായ മതചരിത്രം അതിനുണ്ടെന്നാണ്.

പുറംലോകത്ത് നിന്ന് പരിപൂർണ്ണമായും ഒറ്റപ്പെട്ട ഒരു ഭൂഖണ്ഡം എന്ന നിലക്ക് മാത്രമല്ല, ആ ഭുഖണ്ഡത്തിലുള്ള നൂറുക്കണക്കിന് സാമൂഹിക ദ്വീപുകൾ കൊണ്ടു കൂടിയാണ് ആസ്ത്രേലിയ അതുല്യമാവുന്നത്. അതായത് ഓരോ സാമൂഹിക ദ്വീപും മറ്റുള്ളവരിൽ നിന്ന് തികച്ചും ഒറ്റപ്പെട്ട ഗോത്രസമൂഹങ്ങൾ ഉൾക്കൊള്ളുന്നവയാണ്. അത്തരത്തിലുള്ള അഞ്ഞൂറു മുതൽ അറുനൂറ് വരെയുള്ള ഗോത്രസമൂഹങ്ങൾ അവിടെയുണ്ട്. അവർക്കെല്ലാം തന്നെ ഇരുപത്തി അയ്യായിരം മുതൽ നാൽപതിനായിരം വരെ വർഷം പഴക്കമുള്ള സാമൂഹികവും മതപരവുമായ വികാസത്തിന്റെ സ്വതന്ത്രമായ ചരിത്രവുമുണ്ട്. ഓരോ ഗോത്രവർഗ്ഗത്തിന്റെയും അതിർത്തികളിൽ വെച്ച് വളരെ അപൂർവ്വം സന്ദർഭങ്ങളിലുണ്ടായ നാമമാത്രമായ സമ്പർക്കങ്ങളൊഴികെ ഈ കാലഘട്ടത്തിൽ മുഴുക്കെ ഈ ഗോത്രസമൂഹങ്ങളെല്ലാം ഒറ്റ തിരിഞ്ഞാണ് ജീവിച്ചത്.

അത്തരം സമ്പർക്കങ്ങൾ തന്നെ വളരെ ഹ്രസ്വമായിരുന്നു എന്ന് മാത്രമല്ല അതൊന്നും തന്നെ അവരുടെ ആശയം, വിശ്വാസം, ഇതിഹാസങ്ങൾ എന്നിവയിൽ പരസ്പരം യാതൊരു സ്വാധീനവും ചെലുത്തത്തക്കതല്ലായിരുന്നു. അവരുടെ ഭാഷാപരമായ തടസ്സം കൊണ്ട് മാത്രമായിരുന്നില്ല ഇങ്ങനെ സംഭവിച്ചത്. പുറത്തു നിന്നുള്ളവരുമായി വിനിമയം നടത്താനോ സാമൂഹിക വത്കരണത്തിന് (Socialisation) വിധേയമാവാനോ അവർക്ക് പാരമ്പര്യമായുണ്ടായിരുന്ന വിരക്തി കൊണ്ടു കൂടിയായിരുന്നു ഇത്. മറ്റുള്ളവരുമായിആശയവിനിമയം നടത്തുന്നതിന് ഇതായിരുന്നു തടസ്സമായി വർത്തിച്ചത്.

ദൈവത്തെ നിഷേധിച്ചു കൊണ്ടു തുടങ്ങുന്ന സോഷ്യോളജിസ്റ്റുകളുടെ വീക്ഷണത്തിൽ വല്ല കഴമ്പും ഉണ്ടായിരുന്നുവെങ്കിൽ പ്രകൃതി വസ്തുക്കളെ ആരാധിച്ചു കൊണ്ട് തുടങ്ങുകയും അവസാനം പരമോന്നതനായ ഏകദൈവത്തിൽ എത്തിച്ചേരുകയും ചെയ്തു എന്നു പറയപ്പെടുന്ന സാർവ്വജനീനമായ പ്രവണത ഓരോ അബോറിജിൻ ഗോത്രങ്ങളിലും കാണപ്പെടേണ്ടതുണ്ട്. നാം കണ്ടെത്തുന്നതാവട്ടെ സോഷ്യോളജിസ്റ്റുകളുടെ അന്തസ്സാര ശൂന്യമായ പൊള്ളത്തരങ്ങളിൽ നിന്നും വിഭിന്നമായ മറ്റൊരു കഥയാണ്.

ആസ്ത്രേലിയായിലെ എല്ലാ ഗോത്രവർഗ്ഗങ്ങളിലും സർവ്വ സൃഷ്ടിയുടെയും ആദികാരണമായ ഒരു പരമോന്നത ശക്തിയെക്കുറിച്ചുള്ള വിശ്വാസം നിലനിൽക്കുന്നുണ്ട്. ആ ശക്തിയെപ്പറ്റിയുള്ള അബോറിജിനുകളുടെ വിവരണങ്ങളിലും സാങ്കേതിക സംജ്ഞകളിലും നിസ്സാരമായ വ്യത്യാസങ്ങളുണ്ടെങ്കിലും ആന്ത്രോപ്പോളജിസ്റ്റുകളുടെയും സോഷ്യോളജിസ്റ്റുകളുടെയും ഏകകണ്ഠമായ അഭിപ്രായം അവരെല്ലാം തന്നെ ഒരുപോലെ ഉന്നത ദൈവങ്ങൾ (High Gods) എന്ന് വിളിക്കപ്പെടുന്ന ആത്യന്തികമായ ഒരു ആദികാരണത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നു എന്നാണ്. ആ പരമോന്നത ശക്തിയുടെ മറ്റൊരു പേരാണ് അല്ലാഹു, ദൈവം, ബ്രഹ്മാവ്, പരമാത്മാവ് എന്നൊക്കെ.

മറ്റെന്തൊക്കെ അന്ധവിശ്വാസങ്ങൾ അവർ വെച്ചു പുലർത്തുന്നുണ്ടെങ്കിലും ഒരു പരമോന്നത സ്രഷ്ടാവിനെ സംബന്ധിച്ച കേന്ദ്ര തത്ത്വം യാതൊരു ഭംഗവും കൂടാതെ അവർ വിശ്വസിക്കുന്നു. അന്ധവിശ്വാസങ്ങൾ ഗോത്രങ്ങൾ തോറും മാറിമാറി വരുന്നു. പക്ഷേ, അവരുടെ ഏകദൈവത്തിലുള്ള വിശ്വാസം മാറുന്നില്ല. ദൈവ വിശ്വാസത്തിലേക്കുള്ള ക്രമികമായ പരിണാമത്തെ സംബന്ധിച്ച യാതൊരു തെളിവുകളും സോഷ്യോളജിസ്റ്റുകൾക്ക് ആസ്ത്രേലിയയിൽ ഒരിടത്ത് നിന്നും ലഭിച്ചിട്ടില്ല. ദൈവത്തെ സംബന്ധിച്ച വീക്ഷണത്തിന് ആസ്ത്രേലിയൻ ഗോത്രവർഗ്ഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന വ്യത്യസ്തകൾ അവരുടെ വിവരണങ്ങളുടെ രീതിയിൽ മാത്രമാണ്. ഉദാഹരണത്തിന് വിംബായിയോ (Wimbaio)ഗോത്രം വിശ്വസിക്കുന്നത് ദൈവം ഭൂമി ഉണ്ടാക്കുന്ന ക്രിയയിൽ ഏർപ്പെട്ടു കൊണ്ടിരിക്കെ ആ ജോലി മുഴുമിപ്പിക്കാതെ പണി നിറുത്തിവെച്ച് നക്ഷത്ര വ്യൂഹങ്ങൾക്കിടയിലേക്ക് പിൻമാറുകയുണ്ടായി എന്നാണ്. അപ്രകാരം തന്നെ വൊട്ജോബലുക്

ദൈവത്തെ നിഷേധിച്ചു കൊണ്ടു തുടങ്ങുന്ന സോഷ്യോളജിസ്റ്റുകളുടെ വീക്ഷണത്തിൽ വല്ല കഴമ്പും ഉണ്ടായിരുന്നുവെങ്കിൽ പ്രകൃതി വസ്തുക്കളെ ആരാധിച്ചു കൊണ്ട് തുടങ്ങുകയും അവസാനം പരമോന്നതനായ ഏകദൈവത്തിൽ എത്തിച്ചേരുകയും ചെയ്തു എന്നു പറയപ്പെടുന്ന സാർവ്വജനീനമായ പ്രവണത ഓരോ അബോറിജിൻ ഗോത്രങ്ങളിലും കാണപ്പെടേണ്ടതുണ്ട്. നാം കണ്ടെത്തുന്നതാവട്ടെ സോഷ്യോളജിസ്റ്റുകളുടെ അന്തസ്സാര ശൂന്യമായ പൊള്ളത്തരങ്ങളിൽ നിന്നും വിഭിന്നമായ മറ്റൊരു കഥയാണ്.

(Wotjobaluk) ഗോത്രത്തിന്റെ വിശ്വാസപ്രകാരം പരമോന്നത ശക്തിയെന്ന് വിശ്വസിക്കപ്പെടുന്ന ബുൻജിൽ (Bunjil)ഒരിക്കൽ ഭൂമിയിൽ മഹാനായ ഒരു മനുഷ്യനായി ജീവിച്ച ആളായിരുന്നു. പക്ഷേ, അവസാനം ആകാശത്തേക്ക് ആരോഹണം ചെയ്യുകയുണ്ടായി.

ആസ്ത്രേലിയയിലെ അബോറിജിനുകളുടെ ഈ വിശ്വാസങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ സോഷ്യോളജിസ്റ്റുകൾ വായനക്കാരനെ പലപ്പോഴും ഒരു കാര്യം ഓർമ്മിപ്പിക്കാൻ മറന്നു പോകുന്നു. അതായത് ഈ അഞ്ഞൂറിലധികം ഗോത്രവർഗ്ഗക്കാരും സ്രഷ്ടാവിന്റെ അനന്തതയിൽ വിശ്വസിച്ചിരുന്നു എന്നതാണ് ആ കാര്യം, ദൈവം മനുഷ്യ രൂപമെടുക്കട്ടെ അല്ലാതിരിക്കട്ടെ അത് അനുബന്ധ വിഷയമാണ്, ഒരു കേന്ദ്ര വിഷയമല്ല. കേന്ദ്രവിഷയം സ്രഷ്ടാവ് അനന്തനാണ് എന്നതാണ്. മറ്റൊരു കാര്യം അവരുടെ വിശ്വാസത്തിന്റെ കേന്ദ്രതത്ത്വമെന്നതിൽ ഭൂമിയും അതിലടങ്ങിയിരിക്കുന്നതുമെല്ലാം തന്നെ പരമോന്നതനായ ദൈവത്തോടൊപ്പം എന്നെന്നും ശാശ്വതമായി നിലനിൽക്കുന്നില്ല എന്നതാണ്.

അബോറിജിനുകൾക്കിടയിലുള്ള ദൈവവിശ്വാസം എങ്ങനെ ഉടലെടുത്തുവെന്നതിനെക്കുറിച്ച് നരവംശശാസ്ത്രജ്ഞൻമാരിൽ(-Anthropologists) തന്നെ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ആസ്ത്രേലിയയിൽ ഗോത്രവർഗ്ഗങ്ങളുടെ സമുന്നതനായ ദൈവങ്ങൾ (High Gods) മറ്റു പാരമ്പര്യ മത വിശ്വാസങ്ങളിലെ പരമോന്നതനായ ദൈവം തന്നെയാണോ എന്ന കാര്യത്തിൽ ആന്ത്രോപോളജിസ്റ്റുകൾ സംശയിക്കുകയാണ്. കാരണം പ്രാകൃതരും താഴ്ന്ന വർഗ്ഗക്കാരുമായ ഈ ആസ്ത്രേലിയൻ ആദിവാസികളുടെ മതത്തിൽ എങ്ങനെ ഇത്തരത്തിലുള്ള ഉന്നതമായ ഒരു വിശ്വാസത്തിന് കടന്നു കൂടാൻ സാധിച്ചു എന്നതിനെപറ്റി അവർക്ക് വിശ്വസിക്കാനുള്ള പ്രയാസം കൊണ്ടാണ് ഈ സംശയങ്ങൾ.

അവരുടെ അസംബന്ധജടിലമായ നിലപാട് സ്വയം തന്നെ അവർക്കെതിരെ തെളിവ് നൽകുന്നു. കാരണം, സംഭവിക്കണമെന്ന് അവർ കരുതുന്ന യാതൊന്നും സംഭവിക്കാത്തതിനാൽ അവർക്ക് അതിൽ വിശ്വസിക്കാൻ കഴിയുന്നില്ല. ഇതാണ് അവരുടെ വാദമുഖത്തിന്റെ ഏറ്റവും വിഷമകരമായ വശം. ഇത് അവരുടെ മുൻവിധി തുറന്ന് കാട്ടുന്നു. ആസ്ത്രേലിയയിലെ അബോറിജിനുകൾക്കിടയിലുള്ളതു പോലെ ആദിമ സമൂഹങ്ങൾക്കിടയിൽ തുടക്കം മുതൽ തന്നെ ഏകദൈവവിശ്വാസം കാണപ്പെടുന്നുവെങ്കിൽ പ്രാകൃതമായ അന്ധവിശ്വാസങ്ങളിൽ നിന്നും മിത്തിൽ നിന്നുമല്ല ദൈവത്തിന്റെ ആശയം രൂപം കൊണ്ടത് എന്ന വസ്തുത സമ്മതിക്കുകയല്ലാതെ സോഷ്യോളജിസ്റ്റുകൾക്കും ആന്ത്രോപോളജിസ്റ്റുകൾക്കും മറ്റുവഴിയില്ല . അതിനുപകരം അവരിൽ നിന്ന് ബാലിശവും ദുർവ്വാശിയുള്ളതുമായ പ്രതികരണം ഇങ്ങനെയാണ്: ഞങ്ങൾക്ക് അത് വിശ്വസിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് അത് സംഭവിച്ചിരിക്കാനിടയില്ല.

ഈ വിഷമ പ്രശ്നം ഒഴിവാക്കാൻ വേണ്ടി ഇ.ബി.ടെയ്ലർ(E B Tylor) എന്ന നരവംശശാസ്ത്രജ്ഞൻ ആസ്ത്രേലിയൻ തെളിവുകളെ തമസ്കരിക്കാൻ ഒരു ഒഴിവ്കഴിവ് കണ്ടുപിടിക്കുകയുണ്ടായി. *Journal of Anthropological Institute 1891* എന്ന പ്രസിദ്ധീകരണത്തിൽ *Limits of savage Religion*(പ്രാകൃത മതത്തിന്റെ പരിമിതി) എന്ന തന്റെ ലേഖനത്തിൽ ഒരു പുതിയ ആശയം അദ്ദേഹം സമർപ്പിക്കുകയുണ്ടായി. അതായത് ആസ്ത്രേലിയൻ ഗോത്രവർഗ്ഗ മതങ്ങളിലെ ഹൈ ഗോഡ്സ് (High Gods) എന്ന ആശയം ക്രിസ്ത്യൻ മിഷനറിമാരുടെ സ്വാധീനഫലമാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. തികച്ചും അസംബന്ധ ജടിലമായ ഒരു അഭിപ്രായമാണിത്. ക്രിസ്തു മതത്തിന്റെ ആസ്ത്രേലിയയിലെ പ്രവർത്തനങ്ങളെല്ലാം ചരിത്രവസ്തുതകളിലധിഷ്ഠിതമാണ്.

തീർച്ചയായും ക്രിസ്ത്യൻ മിഷനറിമാരോ അല്ലെങ്കിൽ പടിഞ്ഞാറൻ കുടിയേറ്റക്കാരോ വരുന്നതിന് മുമ്പേ തെക്ക് കിഴക്കൻ ആസ്ത്രേലിയായിലെ ഗോത്രവർഗ്ഗങ്ങൾക്കിടയിൽ അനശ്വരമായ ഏകദൈവത്തിന്റെ വിശ്വാസമുണ്ടായിരുന്നതായി എ.ഡബ്ളിയു ഹോവിറ്റ്(അ.ണ.ഒീംശേ) എന്ന മറ്റൊരു പരിണാമവാദി ചൂണ്ടിക്കാട്ടുകയും ടെയ്ലറുടെ അവകാശവാദം പൂർണ്ണമായും തള്ളിക്കളയുകയും ചെയ്തു. വിചിത്രമെന്ന് പറയട്ടെ, ക്രിസ്ത്യൻ മിഷനറിമാർ ഏകദൈവ വിശ്വാസത്തിന്റെ വിത്തു വിതച്ചു എന്ന വിചിത്ര വാദം ശ്രദ്ധയിൽപ്പെടുത്തുന്നതിൽ അദ്ദേഹം പരാജയപ്പെട്ടാൽ പോലും ആ അവകാശവാദം ഒറ്റയടിക്ക് കയ്യോടെ തള്ളിക്കളയാവുന്നതാണ്. കാരണം ആസ്ത്രേലിയൻ ഭൂഖണ്ഡത്തിലാകെ എവിടെയും തന്നെ അബോറിജിനുകൾ സാർവ്വലൗകികമായിബഹുമാനിക്കുന്ന ദൈവസങ്കൽപത്തിൽ ത്രിത്വത്തിന്റെ യാതൊരു അടയാളവും കാണാനില്ലായിരുന്നു.

ഹോവിറ്റ് അനുഭവ സാക്ഷ്യങ്ങളിലധിഷ്ഠിതമായ വിശദമായ പഠനം നടത്തിയെങ്കിലും അദ്ദേഹം തന്റെ യുക്തിപൂർണ്ണവും വസ്തുനിഷ്ഠവുമായ നിഗമനത്തിലെത്താൻ സ്വന്തം ഗവേഷണങ്ങളിൽ മുന്നോട്ടു പോകുന്നതിൽ വിമുഖത കാട്ടിയതായിട്ടാണ് കാണപ്പെടുന്നത്. എങ്കിലും 1904 ൽ അദ്ദേഹം എഴുതിയ പുസ്തകത്തിൽ അബോറിജിനുകൾ ഒരു സകല പിതാവിൽ(All Father) വിശ്വസിക്കുന്നതായി അദ്ദേഹം എഴുതി.

ആ സകല പിതാവ് തീർച്ചയായും അനശ്വരനാണ്. എല്ലാറ്റിന്റെയും തുടക്കം മുതൽ തന്നെ അവന്റെ അസ്തിത്വമുണ്ട്.

> അവൻ ഇപ്പോഴും ജീവിക്കുന്നു. മറ്റുള്ളവർ മാന്ത്രിക ശക്തിയാൽ കൊല്ലപ്പെടുന്നില്ലെങ്കിൽ സകല പിതാവിന്റെ ആ അവസ്ഥയിൽ അവരും ആയിത്തീരുമെന്ന് അബോറിജിനുകൾ വിശ്വസിക്കുന്നു .

അവരുടെ വിശ്വാസത്തിലെ ദിവ്യത്വത്തെ കുറിച്ചുള്ള അനിഷേധ്യമായ തെളിവുകളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി ഹോവിറ്റ് വിഷയത്തിൽ ആകപ്പാടെ ആശയക്കുഴപ്പം ഉണ്ടാക്കുകയാണ്. അദ്ദേഹം പറയുന്നു.

> ഈ അബോറിജിനുകൾക്ക് ബോധപൂർവ്വം ഏതെങ്കിലും രൂപത്തിലുള്ള മതമുണ്ടോ എന്ന് ആരോപിക്കാൻ സാധ്യമല്ല .

പരിണാമ വാദികൾക്ക് അനിവാര്യമായും വന്നുഭവിക്കുന്ന നിരാശജനകമായ ഒളിച്ചോട്ട ശ്രമത്തിന്റെ മറ്റൊരു ഉദാഹരണമിതാ. ഹോവിറ്റ് ഉയർത്തിക്കാട്ടിയ വസ്തുതകൾ വിഷയത്തിന് അന്തിമ തീർപ്പ് കൽപ്പിക്കുന്നില്ല എന്ന് മാത്രമല്ല അത് ചർച്ച ചെയ്യുന്ന വിഷയത്തെ സംബന്ധിച്ചിടത്തോളം അപ്രസക്തവുമാണ്. ഏതൊരു സോഷ്യോളജിസ്റ്റും അഭിമുഖീകരിക്കേണ്ട ലളിതമായ ചോദ്യം ഇതാണ്. അതായത് യാതൊരു വിനിമയ ബന്ധവുമില്ലാതെ നൂറുക്കണക്കിന് ഉപഗോത്രങ്ങളായി ഭിന്നിച്ചു നിൽക്കുന്ന അബോറിജിനുകളെ പോലെയുള്ള ഒരു പ്രാകൃത ഗോത്രവർഗ്ഗ സമൂഹത്തിൽ അനശ്വരനും പരമാധികാരിയുമായ ഒരു ഏകദൈവം എന്ന സങ്കൽപം എങ്ങനെ സ്വതന്ത്രമായി ഉടലെടുത്തു എന്നതാണ് ആ ചോദ്യം. ഇതിന്റെ വെളിച്ചത്തിൽ ദൈവ വിശ്വാസം ക്രമേണ പരിണമിച്ചുണ്ടായതാണ് എന്ന സോഷ്യോളജിസ്റ്റുകളുടെ സിദ്ധാന്തത്തിന് എന്ത് നിയമ സാധുകത്വമാണ് ഉള്ളതെന്ന് കൂടി അവർ വിശദീകരിക്കേണ്ടതുണ്ട്.മാന്ത്രിക വിദ്യയാൽ മരിക്കുന്നില്ലെങ്കിൽ തങ്ങളും ദൈവത്തെപ്പോലെ ആയിത്തീരും എന്ന് എല്ലാ അബോറിജിനുകളും വിശ്വസിക്കുന്നു എന്ന ഹോവിറ്റിന്റെ നെടുനീളൻ വാദമുഖം നാം സ്വീകരിക്കുകയാണെങ്കിൽ തന്നെ അത് അദ്ദേഹത്തിന് യാതൊരു രക്ഷാമാർഗ്ഗവും ഉണ്ടാക്കിക്കൊടുക്കുന്നില്ല. ദൈവവിശ്വാസം ക്രമേണ പരിണമിച്ചുണ്ടായതാണെന്ന സോഷ്യോളജിസ്റ്റുകളുടെ വിശ്വാസത്തെ അത് യാതൊരർത്ഥത്തിലും പിന്തുണക്കുന്നില്ല. ഈ രണ്ട് വ്യത്യസ്തമായ പ്രശ്നങ്ങളിലും ഹോവിറ്റിനെപ്പോലെയുള്ള ഒരു പ്രതിഭ ആശയക്കുഴപ്പത്തിലാകുന്നത് ആരേയും അത്ഭുതപ്പെടുത്തും. ബഹുദൈവങ്ങളെ ആരാധിച്ചിരുന്ന പ്രാകൃതമായ അന്ധവിശ്വാസത്തിൽ നിന്ന് അവസാനം ഏകദൈവ വിശ്വാസത്തിലേക്കു പരിണമിച്ചു എന്ന വാദം, മനുഷ്യൻ ദൈവങ്ങളായി മാറാനുള്ള സാധ്യതകളെപ്പറ്റിയുള്ള മിഥ്യാ സാങ്കൽപിക ചർച്ചയല്ലാതെ മറ്റൊന്നുമല്ല. മരണത്തോടെ മനുഷ്യജീവിതം അവസാനിക്കുന്നില്ലെങ്കിൽ തങ്ങൾ ദൈവങ്ങളായി മാറുമെന്ന് അബോറിജിനുകൾ വിശ്വസിച്ചിരുന്നു എന്നായിരുന്നു ഈ ചർച്ച. ഈ അബോറിജിൻ വീക്ഷണത്തെ അപ്രകാരമുള്ള ബൈബിൾ പഴയ നിയമത്തിലെ ആദമിന്റെയും ഹവ്വയുടെയും സർപ്പത്തിന്റെയും കഥയുമായി ബന്ധിപ്പിച്ച് ചർച്ച ചെയ്യുന്നതായിരിക്കും ഏറ്റവും നല്ലത്. സർപ്പത്തിന്റെ ന്യായവാദമെന്തെന്നാൽ ആദമിനേയും ഹവ്വായേയും വിലക്കപ്പെട്ട വൃക്ഷത്തിലെ കനിഭക്ഷിക്കുന്നതിൽ നിന്ന് ദൈവം തടഞ്ഞു. കാരണം കനി ഭക്ഷിച്ചാൽ അവരും അനന്തത പങ്കുവെച്ച് ദൈവത്തെപോലെ ആയിതീരും എന്നതുകൊണ്ടായിരുന്നു. പ്രാകൃതരായ അബോറിജിനുകളുടെ വീക്ഷണവും യഹൂദ ക്രൈസ്തവരുടെ വിശ്വാസവും തമ്മിലുള്ള ഈ സാമ്യം അബോറിജിനുകളുടെ മത വിശ്വാസങ്ങളെ പരമ്പരാഗത മതങ്ങൾ എന്ന നിലക്ക് ജൂത-ക്രൈസ്തവ മതങ്ങളുമായി കൂടുതൽ അടുപ്പിക്കുന്നു. ഈ പ്രകടമായ തെളിവ് രേഖപ്പെടുത്തുന്നതിൽ ഹോവിറ്റ് പരാജയപ്പെട്ടു എന്നത് വാസ്തവത്തിൽ ആരെയും അത്ഭുതപ്പെടുത്തുന്നതാണ്.

സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ വ്യക്തമായ ഒരു വിഭജനരേഖ വരക്കുക എന്നത് ഒരു അബോറിജിനൽ രീതിയാണ്. ഇത് നൽകുന്ന സന്ദേശം ഇതാണ്. അതായത് ഭൂതകാലവുമായി താരതമ്യം ചെയ്യുമ്പോൾ മാത്രമല്ല സ്രഷ്ടാവ് അനശ്വരനാകുന്നത്. ഭാവിയെ സംബന്ധിച്ചും അവൻ അനശ്വരനാണ്. അവൻ മാത്രമാണ് ഈ ഗുണത്തിന്നുടയവനായ ഒരേയൊരുവൻ. ഭാവിയുമായി താരതമ്യം ചെയ്യുമ്പോൾ ഒരു മനുഷ്യനുംതന്നെ ശാശ്വതനാവാൻ സാധ്യമല്ല. കാരണം എല്ലാ മനുഷ്യരും നശ്വരരാണ്. ഇത് അബോറിജിനുകളെ ഏകദൈവ വിശ്വാസികളായ എല്ലാ മതസ്ഥരുടെയും പക്ഷം ചേർക്കുന്നു. അത്തരം മതസ്ഥരാണ് ദൈവം മാത്രമാണ് ഏകനും ശാശ്വതനും എന്നെന്നും ജീവിച്ചിരിക്കുന്നവനുമാണെന്നുള്ള വിശ്വാസം പങ്കിടുന്നത്.

അബോറിജിനുകൾക്ക് എന്തെങ്കിലും ഒരു മതവിശ്വാസം ഇല്ലെന്ന് സ്ഥാപിക്കാനുള്ള ഉത്സാഹത്തിൽ അവരിൽ യാതൊരു വിധ ആരാധനകളുടെയും അടയാളമോ ബലികർമ്മത്തിന്റെ ചിഹ്നമോ ഇല്ല എന്ന് അദ്ദേഹം വീണ്ടും വാദിക്കുന്നു. ഹോവിറ്റിന്റെ ഈ നിരീക്ഷണം, വിമർശനാത്മകമായി വിലയിരുത്താൻ യാതൊരു പ്രസക്തിയുമില്ലാത്തതാണ്. അദ്ദേഹം അവരുടെ വിശ്വാസത്തെ മതമെന്നോ അല്ലെന്നോ വിളിച്ചു കൊള്ളട്ടെ. പക്ഷേ, അവർ പരമോന്നതനും ശാശ്വതനുമായ ഒരു സ്രഷ്ടാവിൽ വിശ്വസിക്കുന്നു എന്ന് സമ്മതിക്കുമ്പോൾ ദൈവവിശ്വാസം ക്രമേണ പരിണമിച്ചുണ്ടായതാണെന്ന സോഷ്യോളജിസ്റ്റുകളുടെ സിദ്ധാന്തത്തെ അപ്രസക്തമാക്കുന്നതിൽ വിജയിക്കുക മാത്രമാണ് ചെയ്യുന്നത്.

# പ്രകൃതിയിലെ ക്രമവ്യവസ്ഥ ദൈവാസ്തിത്വത്തിന്റെ തെളിവ്

ഇത്രയും ക്രമികമായും ആസൂത്രണ മികവോടെയും അത്ഭുതകരമായ ബുദ്ധിവൈഭവത്തോടെ സൃഷ്ടിക്കപ്പെട്ട പ്രകൃതിനിയമങ്ങൾ കേവലം യാദൃച്ഛികമായി ഉണ്ടായതാണ് എന്ന നാസ്തികരുടെ വാദം നിരർഥകവും പ്രാഥമിക ബുദ്ധിക്ക് നിരക്കാത്തതുമാണ്. ലോകപ്രശസ്തനായ നാസ്തിക വാദിയും കടുത്ത മതവിമർശകനുമായ റിച്ചാർഡ് ഡാക്കിൻസിന്റെ The Blind Watch Maker എന്ന പുസ്തകത്തിലെ പ്രമേയത്തിനെതിരെ അഹ്മദിയ്യാ ഖലീഫ തന്റെ Revelation Rationality Knowledge and Truth എന്ന പുസ്തകത്തിൽ നൽകിയ അനിഷേധ്യമായ മറുപടിയുടെ അവസാന ഭാഗം.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

ഈ ചർച്ച ഉപസംഹരിക്കട്ടെ. നാം ആവർത്തിച്ചു പറയുന്നു. ജീവികളുടെ സൃഷ്ടിപ്പിൽ മുൻകൂട്ടിയുള്ള രൂപകൽപനയെ പ്രകൃതിവാദികൾ എതിർക്കുന്നത് അത് അനിവാര്യമായും ദൈവ വിശ്വാസത്തിലേക്ക് നയിക്കുമെന്നത് കൊണ്ടാണ്. ദൈവത്തെക്കാൾ അവർ ഇഷ്ടപ്പെടുന്നത് അന്ധനും ബധിരനും മൂകനുമായ ഒരു ഏജന്റാണ് സർവവും സൃഷ്ടിച്ചതെന്ന് സ്ഥാപിക്കാനാണ്. അവർ കരുതിക്കൂട്ടി വഞ്ചന നടത്തുകയാണ്. കാരണം അന്ധമായ ഡാർവിൻ സിദ്ധാന്തങ്ങൾ ഒരിക്കലും സ്രഷ്ടാക്കളാകുന്നില്ല. മറ്റു കരങ്ങളാൽ സൃഷ്ടിപ്പ് ആരംഭിച്ചതിന് ശേഷം മാത്രമാണ് ഈ സിദ്ധാന്തങ്ങൾ പ്രവർത്തനം ആരംഭിക്കുന്നത്. ഭൗതിക ശാസ്ത്രത്തിലെ നിയമങ്ങൾ പോലെ അവ ശക്തമായ തത്ത്വങ്ങളാണ്. എങ്കിലും ഫിസിക്സിന്റേയും, കെമിസ്ട്രിയുടേയും ഗതിക നിയമങ്ങളുടേയും എല്ലാ നിയമങ്ങളും ഒന്നിച്ചു ചേർന്നാൽ പോലും വെള്ളത്തിന്റെ സൗകര്യമുള്ളതും, അടുക്കളയും, തണ്ടാസുമുള്ള ഒരു പാവപ്പെട്ടവന്റെ കൊച്ചു കൂര പോലും പണിയാൻ സാധ്യമല്ല. തീർച്ച. ഈ നിയമങ്ങൾ ഇത്തരം നിർമാണത്തിനു വേണ്ടിയുള്ളതാണ്. പക്ഷേ, നിയമനം നടത്തിയ ആൾ ബോധമനസ്സുള്ള മസ്തിഷ്ക്കത്തോടുകൂടിയ ഒരു വ്യക്തിയായിരിക്കേണ്ടതുണ്ട്. പ്രകൃതി നിയമങ്ങളെ പ്രവൃത്തിക്ക് ഉപയോഗിക്കുന്ന യജമാനനാണ് ഈ മസ്തിഷ്ക്കം.

ചില പരിമിതമായ സംഗതികളിൽ അന്ധമായി ചുവട് വെച്ച് മുന്നേറുന്ന സിദ്ധാന്തം പ്രാവർത്തികമാവുന്നുണ്ട്. അവ വിമർശനാത്മകമായി പരിശോധിച്ച് അതുണ്ടാക്കുന്ന ആശയക്കുഴപ്പം നീക്കേണ്ടതുമുണ്ട്. പവിഴപുറ്റ് ദ്വീപുകളുടെ രൂപീകരണം ഇത്തരത്തിലുള്ള ഒരു സംഗതിയാണ്. കോടാനു കോടി വരുന്ന ഓരോ പവിഴ ജീവിയുടേയും മരണത്തിന് പ്രത്യേകിച്ച് യാതൊരു ഉദ്ദേശ്യവും കാണില്ല. എങ്കിലും അവ ഒന്നിനു മീതെ മറ്റൊന്നായി കുമിഞ്ഞു കൂടി ഒരുപക്ഷേ ദശലക്ഷക്കണക്കിന് വർഷങ്ങളെടുത്തുണ്ടാകുന്ന പ്രതിഭാസമായിരിക്കും ഈ പവിഴപുറ്റു കൊണ്ടു രൂപീകൃതമാവുന്ന ദ്വീപിന്റെ നിർമ്മാണം. അവയുടെ വർധിച്ചു കൊണ്ടിരിക്കുന്ന വലുപ്പം അവസാനം ഒരു ദ്വീപിന്റെ സൃഷ്ടിയിലേക്കായിരിക്കും നയിക്കുക. ഈ പ്രക്രിയ എങ്ങനെ ആരംഭിച്ചുവെന്നും എങ്ങനെ അത് പരിപൂർത്തി പ്രാപിച്ചുവെന്നും നാം തിരിഞ്ഞു നോക്കുമ്പോൾ പ്രത്യക്ഷത്തിൽ നമുക്ക് ഉദ്ദേശ്യ രഹിതമായി തോന്നുന്നുവെങ്കിലും അതിൽ ഒരുദ്ദേശ്യമുള്ളതായി നമുക്ക് കാണാം. കടലിന് നടുവിൽ രൂപം കൊണ്ടു വരുന്ന ഒരു പർവതത്തെക്കുറിച്ച് ഒരാൾക്ക് സങ്കൽപിക്കാവുന്നതാണ്. യുഗങ്ങൾ എടുത്തുകൊണ്ട് ശകലം ശകലമായി ക്ഷമാപൂർവം മന്ദഗതിയിൽ അവ രൂപം കൊള്ളുന്നു. കരയിൽ ജീവിക്കുന്നവർ ആ പർവതത്തിന്റെ അഗ്രം കടൽ പരപ്പിന് മുകളിലേക്ക് വളർന്ന് വരുന്നത് വരെ അതിനെപറ്റി ശ്രദ്ധിക്കുന്നില്ല. അത് ഒരു പ്രത്യേക ഉദ്ദേശ്യാർഥം സൃഷ്ടിക്കപ്പെടുന്നതാണ്. പവിഴപുറ്റ് ദ്വീപുകളായി അവ രൂപാന്തരപ്പെടുമ്പോഴാണ് അവ അത്ഭുതകരമായ ധാരാളം മാർഗത്തിലൂടെ ജീവനെ സേവിക്കുകയും താങ്ങായി തീരുകയും ചെയ്യുന്നതായി കാണുന്നത്. ഇതാണ് യാദൃച്ഛികവും ശകലം ശകലവുമായുള്ള വസ്തുക്കളുടെ സൃഷ്ടിപ്പ്. ഇതിൽ ഉദ്ദേശ്യം മുൻകൂട്ടി കാണുവാൻ സാധ്യമല്ല. അതിന്റെ ഉപയോഗം അവിടെ മാത്രം ഒതുങ്ങു

ന്നതല്ല. എങ്കിലും അതിന്റെ ഉപകാരത്വം ഒരിക്കലും നിഷേധിക്കാൻ സാധ്യമല്ല.

പ്രവർത്തിപ്പിക്കാൻ ഒരു ബോധമനസ്സില്ലെങ്കിൽ പ്രകൃതി നിയമങ്ങൾ സ്വതന്ത്രമായിട്ടായിരിക്കും പ്രവർത്തിക്കുക. പ്രകൃതി നിയമങ്ങളാണല്ലോ നിലവിലുള്ളതിനെയെല്ലാം പ്രവർത്തിപ്പിക്കുന്നതും നിയന്ത്രിക്കുന്നതും. ജീവനുള്ള വസ്തുക്കളും സർവത്തേയും ചൂഴ്ന്ന് നിൽക്കുന്ന ഈ നിയമത്തിൽ നിന്ന് മുക്തമല്ല. ഈ നിയമങ്ങളെ കൈകാര്യം ചെയ്യാൻ ഒരു ബോധമനസ്സിന്റെ അഭാവമുണ്ടായാൽ എല്ലാം തന്നെ നശിച്ചൊടുങ്ങുമായിരുന്നു. മരിച്ചവയും ജീവിച്ചിരിക്കുന്നവയും തമ്മിൽ അന്തരമൊന്നുമുണ്ടാവില്ല. ജീവനുള്ളതിന്റെ മസ്തിഷ്ക്കത്തിന് സ്വയം രൂപകൽപന നിർവഹിക്കാനും, ആ മസ്തിഷ്ക്കം ഉൾക്കൊള്ളുന്ന ശരീരനിർമാണത്തിൽ എന്തെങ്കിലും പങ്ക് വഹിക്കാനും സാധിക്കുന്നില്ലെങ്കിൽ ജീവിച്ചിരിക്കുന്നതും മരിച്ചതും ഒരു പോലെ തന്നെയായിരിക്കും. ഒരേ പ്രകൃതി നിയമത്തിലായിരിക്കും അവ ഭരിക്കപ്പെടുക. ജീവഘടകങ്ങളുടെ ഒന്നിച്ചുള്ള നിർമ്മാണത്തിന് ബോധശൂന്യമായ ഈ നിയമങ്ങളായിരിക്കും ഉത്തരവാദി. അവക്ക് ജീവന്റെ അടിസ്ഥാന ഘടകങ്ങളുടെ നിർമിതിക്ക് ശേഷിയുണ്ടെങ്കിൽ അതേ ശകലം ശകലമായുള്ള സഞ്ചിത പ്രക്രിയയിലൂടെ അതിനേക്കാൾ എളുപ്പത്തിൽ ഒരു എംമ്പയർ സ്റ്റേറ്റ് ബിൽഡിങ്ങും നിർമിക്കാൻ സാധ്യമാവും. എന്നാൽ, പ്രകൃതി വാദികളായ ശാസ്ത്രജ്ഞൻമാർ ശകലം ശകലമായ യാദൃച്ഛിക പ്രക്രിയയുടെ കുന്നുകൂടലിലൂടെ എംമ്പയർ സ്റ്റേറ്റ് ബിൽഡിങ്ങ് രൂപാന്തരപ്പെടുമെന്ന് വിശ്വസിക്കുന്നില്ല. അവ എത്ര തന്നെ ചെറിയ നിർമിതിയായാലും അങ്ങനെ ഒന്ന് സംഭവിക്കുമെന്ന് അവർ വിശ്വസിക്കുന്നില്ല. ഇവിടെ അവർ ഒരു കൃത്രിമമായ ഒരു വിഭജനം നടത്തുന്നുണ്ട്. അതായത് ജീവനില്ലാത്ത വസ്തുക്കളിൽ പ്രവർത്തിക്കുന്ന പ്രകൃതി നിയമങ്ങൾ, ജീവനുള്ള വസ്തുക്കളിൽ പ്രവർത്തിക്കുന്ന പ്രകൃതി നിയമങ്ങൾ എന്നിവയാണ് ആ രണ്ടു വിഭജനങ്ങൾ. യഥാർഥത്തിൽ രണ്ടു ഭാഗത്തും ബോധത്തോടു കൂടി പ്രകൃതി നിയമങ്ങളെ പ്രവർത്തിപ്പിക്കുന്ന ഒരാളില്ലെങ്കിൽ അത്തരം വിഭജനത്തിന് നിലനിൽപ്പില്ല. ജീവനുള്ളവയുടെ കാര്യത്തിൽ ബോധമനസ്സുള്ള ഒരു സംക്രിയാകാരൻ ഇല്ലെന്ന് പ്രകൃതിവാദികൾ കുറ്റസമ്മതം നടത്തുന്നു. ആയതിനാൽ അവർക്ക് മരിച്ചതും ജീവിച്ചിരിക്കുന്നതും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്ന് സമ്മതിക്കേണ്ടി വരുന്നു. പ്രകൃതിൽ സ്വതന്ത്രമായി നിലകൊള്ളുന്നതെല്ലാം ജീവനുള്ളവയിലും ഇല്ലാത്തവയിലും ഒരു പോലെ പ്രവർത്തിക്കുന്നു. ജീവന്റെ അടിസ്ഥാന ഘടകങ്ങൾ പോലെയുള്ള സങ്കീർണ വസ്തുക്കൾ പ്രകൃതി നിയമങ്ങൾക്ക് സ്വയം തന്നെ സൃഷ്ടിക്കാൻ കഴിയുമായിരുന്നെങ്കിൽ അതിന് എംമ്പയർ സ്റ്റേറ്റ് ബിൽഡിംങ്ങ് സ്ഥാപിക്കുക എന്നത് ഒരു മണ്ണെലിക്ക് മൺപുറ്റ് നിർമിക്കുന്നതിനേക്കാൾ പ്രയാസമില്ലാത്ത കാര്യമായിരിക്കും. പ്രതിബന്ധമായി ചൂണ്ടിക്കാണിക്കാവുന്ന സംഗതി സമയത്തിന്റെ ലഭ്യതയുമായി ബന്ധപ്പെട്ടതാണ്. അതാകട്ടെ വാസ്തവത്തിൽ ഒരു പ്രതിബന്ധവുമല്ല. എന്നാൽ, പ്രകൃതിക്ക് ജീവനില്ലാത്തതിന്റെ മേൽ പ്രവർത്തിക്കാൻ ലഭ്യമാകുന്ന സമയം ജീവനുള്ളതിന്റെ പരിണാമത്തിൽ പ്രവർത്തിക്കാൻ വേണ്ടി വരുന്ന സമയത്തേക്കാൾ വളരെ ക്കൂടുതലാണ്. കുറച്ച് നേരത്തേക്ക് എംബയർ സ്റ്റേററ് ബിൽഡിങ്ങിനെ പറ്റി മറക്കുക. കാരണം അത് ഒരു ബോധമനസ്സിനാൽ നിർമിതമായതാണെന്ന കാര്യം സുവിദിതമാണല്ലോ. അതിനുപകരം അതിനേക്കാൾ ഉന്നതവും സങ്കീർണവുമായ അംബരചുംബികളെ പറ്റി സങ്കൽപിക്കുക. അതെല്ലാം കഴിഞ്ഞ പതിനഞ്ച് ദശലക്ഷം വർഷങ്ങൾക്കൊണ്ട് പ്രകൃതിയുടെ ഭൗതിക നിയമങ്ങളാൽ നിർമിക്കപ്പെട്ടവയാണെന്നും കരുതുക. ജീവനുള്ളവയുടേയും ജീവനില്ലാത്തവയുടേയും കാര്യത്തിൽ നിയമം ഒരു പോലെയാണെന്ന കാര്യം മറക്കരുത്. അപ്രകാരം ഇവ രണ്ടിന്റേയും സൃഷ്ടിപ്പിൽ ബോധമനസ്സിന്റെ അസ്തിത്വം പ്രകൃതിവാദികളായ ശാസ്ത്രജ്ഞൻമാർ നിഷേധിക്കുന്നു എന്ന കാര്യവും ഓർമ്മിക്കുക. മനോവിഭ്രാന്തി ഉണ്ടെങ്കിൽ മാത്രമല്ലാതെ രണ്ടിന്റേയും കാര്യത്തിൽ ഒരു വിഭജനം സാധ്യമല്ല. അത്പോലെ സങ്കീർണതയുടേയും ക്രമ വ്യവസ്ഥയുടേയും ശകലംശകലമായുള്ള സൃഷ്ടിപ്പും രണ്ടെണ്ണത്തിന്റെ കാര്യത്തിലും ഒരു പോലെ വളരെ വ്യക്തമായിരിക്കുകയും വേണം. അതുകൊണ്ട് സൃഷ്ടികർമം നടത്തുന്നതിന് മുമ്പേ യാതൊരു വിധ ബോധമനസ്സും ഇവിടെ ഉണ്ടായിരുന്നില്ല എന്ന് വിശ്വസിക്കുന്ന ആർക്കും തന്നെ എംബയർ സ്റ്റേറ്റ് ബിൽഡിങ്ങിന്റെ മുകളിലേക്ക് ചാടിക്കയറി ഇപ്രകാരം പ്രഖ്യാപിക്കാനുള്ള എല്ലാ സാങ്കൽപികമായ അവകാശങ്ങളുമുണ്ട്: *ഈ കെട്ടിടം കോടാനുകോടി കൊല്ലത്തെ ആകസ്മികത പ്രവർത്തിച്ച് കുന്നുകൂടിയതിന്റെ ഫലമാണ്. ഇതിന് പിന്നിൽ യാതൊരു ബോധമനസ്സോ യാതൊരു രൂപകൽപനയോ ഉള്ളതായി അറിയാൻ സാധിച്ചിട്ടില്ല. ഈ നിർമാണത്തിന്റെ പൂർത്തീകരണത്തിൽ കാണുന്ന അനുപമമായ സൗന്ദര്യത്തിൽ ആകൃഷ്ടരായിക്കൊണ്ട് ചില പമ്പര വിഡ്ഢികളായ മതവിശ്വാസികൾ മനസ്സിൽ താലോലിക്കുന്ന മിഥ്യാ സങ്കൽപം മാത്രമാണത്.* ജീവന്റെ പരിണാമത്തിലെ ഉദ്ദേശ്യവും മുൻകൂട്ടിയുള്ള രൂപകൽപനയും നിഷേധിക്കുന്ന പരിണാമ വാദികളിലും ഈ പ്രഖ്യാപനം അതേ ശക്തിയിൽ ആരോപിക്കാവുന്നതാണ്. മനുഷ്യനിൽ പാരമ്യം കണ്ടെത്തിയ പരിണാമത്തിന്റെ ഗിരിശൃംഖത്തിൽ കയറിയാണ് അവരുടെ നിൽപ്പ്. അവിടെ നിന്ന് നോക്കിയാൽ എംബയർ സ്റ്റേറ്റ്

ബിൽഡിങ്ങ് ഭൂമിയിൽ എവിടെയെങ്കിലുമുള്ള ഒരു കൊച്ചു ബിന്ദുവായി മാത്രമേ കാണൂ. എന്നിട്ടും അവർ ഇങ്ങനെ അട്ടഹസിക്കുന്നു; *'നമ്മുടെ സൃഷ്ടിപ്പിൽ യാതൊരു വിധ രൂപകൽപനയോ യാതൊരു ഉദ്ദേശ്യമോ ഇല്ല. നമുക്ക് നില നിൽക്കാൻ യാതൊരു സാധ്യതയുമില്ല. എങ്കിലും നാം നില നിൽക്കുന്നതായി കാണപ്പെടുന്നു. എല്ലാ ലോകങ്ങളും മിഥ്യാഭ്രമം മാത്രമാണ്. നിങ്ങൾ വിചാരിക്കുന്നു നാം നില നിൽക്കുന്നു എന്ന്. നമുക്കാകട്ടെ നിങ്ങളും നിലനിൽക്കുന്നു എന്ന മിഥ്യാ വിചാരമുണ്ട്. അതിനാൽ ആത്മനിഷ്ഠാ വാദികളായ തത്ത്വജ്ഞാനികൾ പറയുന്നത് പോലെ പ്രപഞ്ചം മുഴുവൻ മിഥ്യകളുടെ ഒരു ശൃംഖലയാണ്. അസ്തിത്വത്തിന്റെ ഈ മിഥ്യകളെ തുരത്തിക്കളയാൻ വേണ്ടി ഒരിക്കൽ കൂടി ഹിമോഗ്ലോബിന്റെ എണ്ണത്തെക്കുറിച്ചും അത് ഒന്നുമില്ലായ്മയിലേക്ക് തിരോഭവിക്കുന്നതിനെക്കുറിച്ചും ചിന്തിക്കുക!*

ബോധമനസ്സോടു കൂടിയതും അപ്രകാരം തന്റെ തീരുമാനങ്ങൾ നടപ്പാക്കാനാവശ്യമായ എല്ലാ ശേഷിയുമുള്ളതായ ഒരു വ്യക്തി എന്ന നിലയിലും സ്രഷ്ടാവിന്റെ സ്ഥാനത്ത് അരൂപിയായ ചില ആശയങ്ങളെ പകരം വെക്കാനാണ് അവർ ശ്രമിക്കുന്നത്. ഈ അസംബന്ധമാണ് സൃഷ്ടിയുടെ അല്ലെങ്കിൽ പ്രകൃതിനിർധാരണത്തിന്റെ പ്രക്രിയ ബോധശൂന്യമായ ഒന്നിൽ ആരോപിക്കാൻ അവരെ ധൃഷ്ടരാക്കുന്നത്. ഖുർആൻ ഇതിനെ അസന്ദിഗ്ദമായ ഭാഷയിൽ നിരാകരിക്കുന്നു:

> ***അവർക്ക് നടക്കാനുതകുന്ന കാലുകളുണ്ടോ? അവ കൊണ്ട് അവർക്ക് നടക്കാൻ? അല്ലെങ്കിൽ അവർക്ക് പിടിക്കാനുതകുന്ന കൈകളുണ്ടോ? അല്ലെങ്കിൽ അവർക്ക് കാണാനുതകുന്ന കണ്ണുകളുണ്ടോ? അല്ലെങ്കിൽ അവർക്ക് കേൾക്കാനുതകുന്ന ചെവികളുണ്ടോ അതുകൊണ്ട് അവർക്ക് കേൾക്കാൻ? പറയുക, നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിച്ചു കൊള്ളുക. എന്നിട്ട് നിങ്ങൾ എനിക്കെതിരായി തന്ത്രം പ്രയോഗിക്കുക. നിങ്ങൾ എനിക്ക് സമയം തരുകയും വേണ്ട.(വി. ഖുർആൻ 7:196)***

ഈ ഖുർആനിക പ്രസ്താവന വ്യക്തമായും അക്കാലത്തെ വിഗ്രഹാരാധകരെ അഭിസംബോധന ചെയ്തു കൊണ്ടുള്ളതാണ്. അവരുടെ ദൈവങ്ങൾ മനുഷ്യരുടെ രൂപമുള്ള ജീവനുള്ള വ്യക്തികളാണ് എന്ന അവരുടെ വിശ്വാസത്തെ ഖുർആൻ അവരെ ഓർമപ്പെടുത്തുകയും ചെയ്യുന്നു. എന്നിട്ടും അവ വെറും അരൂപികളായ ആശയങ്ങൾ മാത്രമാണ്. ഈ പ്രസ്താവന ഇവിടെ അവസാനിക്കേണ്ടതായിരുന്നു. ഇവിടെ ഉന്നയിച്ചത് പോലെ സമയത്തിന്റെ പ്രശ്നം ഉന്നയിക്കുകയും ചെയ്യേണ്ടതില്ലായിരുന്നു. പക്ഷേ, ഈ വചനത്തിലെ അവസാനത്തെ ഭാഗം വ്യക്തമായും ഉൾക്കൊള്ളുന്നത് വെറും ആശയങ്ങൾക്ക് മാത്രം സൃഷ്ടി നടത്താൻ സാധ്യമല്ല എന്ന വസ്തുതയാണ്. അവർക്ക് ഒരുപക്ഷേ അത് നിർവഹിക്കാൻ യഥേഷ്ടം സമയമുണ്ടെങ്കിലും അതു സാധ്യമല്ല. എന്നാൽ മറുവശത്ത് ദൈവത്തിന്റെ സൃഷ്ടിഗുണം സമയത്തിന്റെ ദീർഘതയെ ആശ്രയിച്ചു നിൽക്കുന്നില്ല. ഈ വചനത്തിന്റെ സാകല്യാവസ്ഥയിൽ ഇത് ഏറ്റവും ഉചിതമായി ചേരുക പ്രകൃതി നിർദ്ധാരണത്തിന്റെ ആധുനിക ആശയത്തിനാണ്. മതിയായ സമയം നൽകുകയാണെങ്കിൽ ജീവന്റെ ഉത്തരവാദി പ്രകൃതി നിർദ്ധാരണമാണെന്നാണ് പ്രകൃതി നിർദ്ധാരണത്തിന്റെ ഈ ആശയം വാദിക്കുന്നത്. പ്രകൃതി നിർദ്ധാരണത്തിന്റെ പശ്ചാത്തലത്തിൽ സമയം എന്ന ഘടകം അടിസ്ഥാനപരമായും ഒഴിച്ചു കൂടാനാവാത്തതാണ്. അവയവമില്ലാത്ത, കൈയ്യില്ലാത്ത മനസ്സില്ലാത്ത നിരർഥകമായ ഒരാശയത്തിന് അളവറ്റ സമയത്തിന്റെ ചട്ടക്കൂട്ടിലാണ് പ്രവർത്തിക്കുക എന്ന് പറയുന്നത് ഇത് ശകലം ശകലമായുള്ള പരിണാമ സിദ്ധാന്തത്തെ ന്യായീകരിക്കാനുള്ള ശ്രമം മാത്രമാണ്. ഈ അളവറ്റ സമയത്തെ ഞെക്കിപിഴിഞ്ഞ് ഏതാനും ശതകോടി വർഷമാക്കി മാറ്റുക. ഉടനെ തന്നെ ഈ സിദ്ധാന്തം പൊട്ടിത്തകരുന്നത് കാണാം. ജീവന്റെ നിർമാണ പ്രക്രിയയിൽ അവർക്ക് ഏറ്റവും പ്രധാനമായത് സമയമാണെന്ന് യാതൊരു സംശയത്തിനും ഇടനൽകാൻ കഴിയാത്ത വിധം കാണാവുന്നതാണ്. ഫലത്തിൽ ഇത് കൃത്യമായും ഖുർആൻ ഖണ്ഡിക്കുന്ന കാര്യമാണ്. ഖുർആന്റെ പ്രസ്താവനയുടെ സാരം ഇപ്രകാരമാണ്. *അരൂപിയായ ആശയങ്ങൾക്ക് ആവശ്യമായത്ര സമയം വേണമായിരിക്കാം. പക്ഷേ, ദൈവത്തിന് അവന്റെ സൃഷ്ടി നടത്തുന്ന കഴിവിന് പ്രായോഗികമായി സമയത്തിന്റെ ആവശ്യമില്ല.*

ഈ സമയ ഘടകത്തിന് ആധുനിക യുഗത്തിൽ ഡാർവിൻ സിദ്ധാന്തവുമായി ബന്ധപ്പെട്ടാണ് പ്രാധാന്യം കൈവന്നത്. ഈ വചനം ഈ ആധുനികമായ ആശയത്തിന് ആരോപിക്കാനായിരുന്നുവോ ഉദ്ദേശിക്കപ്പെട്ടത് എന്ന് ആർക്കെങ്കിലും സംശയമുണ്ടാകാം. എന്നാൽ ഈ ഖുർആനിക വചനത്തിലെ സങ്കൽപങ്ങൾ പൂർണമായും ഈ ആധുനിക ആശയത്തിന് ബാധകമാണ്. അത് യാതൊരു വിധത്തിലും നിഷേധിക്കാൻ സാധ്യമല്ല. ഉദ്ദേശിച്ചാലും ഇല്ലെങ്കിലും പ്രകൃതി നിർദ്ധാരണ സിദ്ധാന്തത്തെ ഇത്രയും നന്നായി മറ്റൊരു വിധത്തിലും വിമർശിക്കുവാൻ കഴിയുമായിരുന്നില്ല.

സൃഷ്ടി പ്രക്രിയയും, പ്രകൃതി നിർദ്ധാരണ പ്രക്രിയയും വ്യത്യസ്തമായ രണ്ട് ശക്തികളാണ്

നിർവഹിക്കുന്നതെന്നും വ്യത്യസ്ത മാണെങ്കിലും അവ സ്വരൈക്യ ത്തോടെ വർത്തിക്കുകയാണെന്നു മാണ് പ്രകൃതി വാദികളുടെ അവ കാശവാദം. ബോധശൂന്യമായ ജീനുകൾ സൃഷ്ടി നടത്തുകയും രൂപരഹിതവും അമൂർത്തവുമായ പ്രകൃതി നിയമങ്ങൾ തിരഞ്ഞെടു ക്കുകയും ചെയ്യുന്നുവെന്നാണ് അവർ നമ്മെ വിശ്വസിപ്പിക്കേണ്ടിയി രുന്നത്. അതേ സമയം ജീനുക ളുടെ യാഥാർഥ്യത്തെ അവർ നിഷേ ധിക്കുകയും അവയെല്ലാം പ്രകൃതി നിർദ്ധാരണത്തിന്റെ അധീശാധികാ രത്തിന് വിധേയപ്പെടുത്തിക്കൊടു ക്കുകയുമാണ് ചെയ്യുന്നത്. വ്യത്യ സ്തമായി കണക്കാക്കുന്ന രണ്ട് ശക്തികളെ അവർ ഏറ്റവും ജുഗു പ്സാവഹമായ രീതിയിൽ ഏകോ പിപ്പിക്കുന്നു. സ്രഷ്ടാവെന്ന നില ക്ക്, അവ്യക്തമായ സ്ഥാനത്തേക്ക് ജീനുകളെ പ്രതിഷ്ഠിച്ചു കഴി ഞ്ഞാൽ പിന്നെ തിരഞ്ഞെടുക്കാൻ ബോധമനസ്സുള്ള ഏത് ശക്തിയാണ് അവശേഷിക്കുന്നത്. ജീനുകളെ അങ്ങനെ പാർശ്വഭാഗത്തേക്ക് തള്ളി മാറ്റിയാൽ കളത്തിൽ അവശേഷി ക്കുന്നത് പിന്നെ പ്രകൃതി നിർദ്ധാ രണം മാത്രമാണ്. ഈ അർഥത്തി ലാണ് സൃഷ്ടിക്കുക, തിരഞ്ഞെടു ക്കുക എന്നീ വേറിട്ടുള്ള രണ്ട് പ്രവർത്തനങ്ങളെ യാതൊരു നീതി കരണവുമില്ലാതെ ഒന്നിൽ സംയോ ജിപ്പിച്ചിരിക്കുന്നത്. എന്തായി രുന്നാലും ഡാർവിനിസത്തെ പറ്റി അൽപമെങ്കിലും അറിവുള്ള ഒരു ശാസ്ത്രജ്ഞന്, പ്രകൃതി നിർദ്ധാ രണത്തിന് നേരിട്ടു സൃഷ്ടിപ്പ് നട ത്തുവാൻ കഴിയുമെന്ന് ഡാർവിൻ പറഞ്ഞതായി ആരോപിക്കാൻ സാധ്യമല്ല. പ്രകൃതി നിർദ്ധാരണം ആരംഭിക്കുന്നതിന് മുമ്പേ ഇവിടെ ചില സൃഷ്ടികളുണ്ടായിരിക്കണം. ഈയൊരു പ്രഹേളികയാണ് പ്രകൃതി നിർദ്ധാരണത്തിന്റെ വക്താ ക്കൾക്ക് ഒരിക്കലും പരിഹരിക്കാൻ കഴിയാത്തത്.

വിശുദ്ധ ഖുർആൻ ഈ പ്രശ്ന ത്തിന്റെ നിർണായക സന്ധിയിൽ ഏറ്റവും സമുചിതമായതും വ്യത്യ സ്തവുമായ ഒരു പരിഹാരമാണ് നിർദേശിക്കുന്നത്. പരിണാമത്തിന്റെ യാഥാർഥ്യം ആവശ്യപ്പെടുന്നത് എന്താണെന്ന് വെച്ചാൽ സൃഷ്ടി ക്കുന്നവനും നിർദ്ധാരകനും അഥവാ തിരഞ്ഞെടുക്കുന്നവനും രണ്ട് വ്യക്തികളായിരിക്കാൻ പാടില്ല. ഈ തത്ത്വമാണ് ഖുർആൻ പ്രഖ്യാ പിക്കുന്നത്. ആരാണോ സൃഷ്ടി നട ത്തുന്നത് അവൻ തന്നെയായിരി ക്കണം അവന്റെ സൃഷ്ടികളിൽ നിന്ന് തിരഞ്ഞെടുക്കേണ്ടത് അഥവാ നിർദ്ധാരണം നടത്തേണ്ടത്. അടുത്ത തലമുറയിലെ ഉന്നതമായ സ്വഭാവ ഗുണത്തിലേക്ക് തിരഞ്ഞെ ടുക്കപ്പെടാത്തവയെ അവൻ അസ്തിത്വത്തിൽ നിന്ന് ഉൻമൂലനം ചെയ്യുന്നില്ല. എന്നാൽ അവന്റെ സൃഷ്ടിയുടെ അടിസ്ഥാനം വിപു ലീകരിക്കാൻ വേണ്ടി അത്തരത്തി ലുള്ള എല്ലാ വിതാനത്തിലും അർഥ വത്തായ പങ്ക് നിർവഹിച്ചുകൊണ്ട് അവ സൃഷ്ടിപദ്ധതിയിൽ നില നിൽക്കുന്നു. അങ്ങനെ പരിണാമഗ തിയിൽ ഒരു ചുവട് മുന്നേറുമ്പോൾ പരിണാമത്തിൽ എന്തൊന്നാണോ അധികമായി കൂട്ടിചേർക്കപ്പെടുന്നത് അതിനെ പിന്തുണക്കാൻ വേണ്ടി അതിന്റെ അടിസ്ഥാനം ഒരേ സമയം വിപുലീകരിക്കപ്പെടുകയും ചെയ്യു ന്നു.

മനുഷ്യൻ തന്റെ മഹോന്നത പദവിയിലേക്ക് എത്തിപ്പെട്ടതും ആ പദവിയിൽ വിരാജിക്കുന്നതും മറ്റു താഴ്ന്ന ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയുടെ സഹായം കൂടാതെ സാധ്യമല്ല എന്നുള്ളതാണ് വിശുദ്ധ ഖുർആന്റെ പക്ഷം. താഴെ കൊടുക്കുന്ന വാക്യം പ്രത്യേക മായും ഇതിലേക്ക് വിരൽ ചൂണ്ടു ന്നു.

***മനുഷ്യരെ അവരുടെ തെറ്റിന് അല്ലാഹു പിടിച്ചു ശിക്ഷി ക്കുകയായിരുന്നെങ്കിൽ ഭൂമുഖത്ത് ഒരു ജീവിയേയും അവൻ അവശേ ഷിപ്പിക്കുകയില്ലായിരുന്നു. പക്ഷേ അവൻ ഒരു നിശ്ചിത അവധി വരെ അവർക്ക് അവസരം കൊടുക്കുക യാണ്. അങ്ങനെ അവരുടെ അവധി എത്തിക്കഴിഞ്ഞാൽ ഒരു നിമിഷം പോലും മുന്നോക്കമോ പിന്നോക്കമോ പോകാൻ അവർക്ക് സാധ്യമല്ല.1 വി.ഖുർആൻ 16:62)***

ഈ വചനത്തിലെ ശ്രദ്ധേയ മായ ഒരു വസ്തുത മനുഷ്യൻ ശിക്ഷിക്കപ്പെടുകയാണെങ്കിൽ മുഴു വൻ ജീവിലോകവും ഇവിടെ നിന്ന് തുടച്ചു നീക്കപ്പെടുമെന്നുള്ളതാണ്. മനുഷ്യനേക്കാൾ താഴ്ന്ന ജീവജാ ലങ്ങൾക്കാസകലം മനുഷ്യ ജീവി തത്തെ നിലനിറുത്തുക എന്നതിൽ കവിഞ്ഞൊരു ഉദ്ദേശ്യമില്ല എന്ന കാര്യം ഇവിടെ വ്യക്തമാവുന്നു. മനുഷ്യൻ പോവുകയാണെങ്കിൽ അവയെല്ലാം പോകേണ്ടതുണ്ട്. ബൃഹത്തായ സൃഷ്ടി പദ്ധതിയിൽ പ്രകൃതി നിർദ്ധാരണമാണ് ഫല ത്തിൽ നിർദ്ധാരകന്റേയും (തിര ഞ്ഞെടുക്കുന്നയാൾ) സ്രഷ്ടാവി ന്റേയും പങ്ക് നിർവഹിക്കുന്നത് എന്ന് വിശ്വസിക്കുന്ന ശാസ്ത്ര ജ്ഞൻമാരും ദാർശനികൻമാരും ഉയർത്തുകയും ഉത്തരം പറയു കയും ചെയ്യേണ്ട ഏറ്റവും പ്രധാന പ്പെട്ട ചോദ്യത്തിന്റെ കൃത്യമായ രൂപ മിതാണ്.

അവർക്ക് ഇത് രണ്ടും ഏതെ ങ്കിലും വിധത്തിൽ സ്രഷ്ടാവ് എന്ന ഒരാളിൽ സംയോജിപ്പിക്കേണ്ടതുണ്ട്. സൃഷ്ടി നടത്താത്ത ഒരു നിർദ്ധാ രകനിലല്ല ഇത് രണ്ടും യോജിപ്പിക്കേ ണ്ടത്. ഇതാണ് ആർക്കും ഇതിൽ കണ്ടെത്താവുന്ന യുക്തിപരമായ ന്യായം. പക്ഷേ, ഇത് ദൈവത്തി ലേക്ക് മാത്രമേ നയിക്കുകയുള്ളൂ. ഇതാകട്ടെ പ്രകൃതിവാദികളായ ശാസ്ത്രജ്ഞൻമാർ എന്ത് വില കൊടുത്തും ഒഴിവാക്കാൻ പാടുപെ ടുന്നതുമാണ്. അനിവാര്യമായ ഈ നിഗമനം ഒഴിവാക്കാൻ വേണ്ടിയാണ് ഡാർവിൻ ഈ രണ്ട് പ്രവർത്തനങ്ങ ളേയും പ്രകൃതി നിർദ്ധാരണത്തിൽ പരോക്ഷമായ രീതിയിൽ ആരോപി ക്കുന്നത്. *പ്രകൃതി നിർദ്ധാരണമാണ് സൃഷ്ടിപ്പും കൂടി നടത്തിയതെന്ന ആശയം ഡാർവിൻ എപ്പോഴെങ്കിലും മുന്നോട്ടു വെച്ചിട്ടുണ്ടായിരുന്നുവോ?* നമ്മുടെ അറിവിൽപ്പെട്ടിടത്തോളം

അദ്ദേഹം അങ്ങനെ ചെയ്തിട്ടില്ല. മറ്റേതൊരു ബുദ്ധിമാനായ ആളും അറിഞ്ഞിരുന്നത് പോലെ തിരഞ്ഞെടുപ്പും സൃഷ്ടിപ്പും രണ്ട് വ്യത്യസ്തമായ പ്രവർത്തന രീതികളാണെന്ന് ഡാർവിനും ധരിച്ചിരിക്കുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്. സൃഷ്ടികർമം നടത്തുന്നയാൾ ആരാണോ അയാൾ തന്നെ തന്റെ നിർദ്ധാരണം എന്ന പ്രക്രിയ താൻ സൃഷ്ടിച്ചതിൽ നിന്ന് തിരഞ്ഞെടുക്കുന്നതിലൂടെ നിർവഹിക്കുമെങ്കിൽ അതാണ് കൂടുതൽ യുക്തിപരം. ഇത് ഒരിക്കലും തന്നെ പരിണാമത്തിന്റെ അന്ധനിയമങ്ങൾക്ക് അനുയോജ്യമല്ല. എന്നിരിക്കെ നിർദ്ധാരകനും അതേസമയം ബോധമനസ്സുള്ള സ്രഷ്ടാവായ ഒരാളെ ഇല്ലാതാക്കാൻ പ്രകൃതി വാദികളായ ശാസ്ത്രജ്ഞൻമാർ സജീവമായി ശ്രമിക്കുകയുമാണ്. എന്തുതന്നെയായാലും വ്യത്യസ്തമായ ഒരു നിർദ്ധാരണ പദ്ധതിയും വ്യത്യസ്തമായ ഒരു സൃഷ്ടി പദ്ധതിയും, അവ രണ്ടും ബോധശൂന്യമായിരിക്കെ പരസ്പരം കൈകോർത്ത് പിടിച്ച് മുന്നോട്ട് ഗമിക്കുക എന്നതും അസാധ്യമാണ്. ജീനുകളാൽ സൃഷ്ടിക്കപ്പെടുന്ന ശരീരത്തെ പ്രകൃതി നിർദ്ധാരണം അംഗീകരിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നത് മുതൽ ഈ പ്രശ്നം പരിഹരിക്കപ്പെട്ടു എന്ന് ഡാർവനിസ്റ്റുകൾ കരുതുന്നതായി തോന്നുന്നു. കാരണം പ്രകൃതി നിർദ്ധാരണം പരോക്ഷമായി സ്രഷ്ടാവിന്റെ ജോലി നിർവഹിക്കുന്ന രീതിയിലാണ് ഡാർവിൻ സംസാരിക്കുന്നത്.

ജീനുകളുടെ ഉൽപന്നങ്ങൾ പ്രകൃതി നിർദ്ധാരണത്തിന്റെ ഫലമാണെന്ന പ്രത്യക്ഷത്തിലോ പരോക്ഷമായോ ഉള്ള സങ്കൽപത്തെയാണ് നാം എവിടെയും സുദീർഘമായി ഖണ്ഡിച്ച് എഴുതിയിട്ടുള്ളത്. പക്ഷേ ജീനുകളിൽ സൃഷ്ടിപരമായ കഴിവുകൾ ആരോപിക്കുകയും അതേസമയം ആ സൃഷ്ടിപരമായ കഴിവുകൾ പ്രവർത്തിപ്പിക്കാൻ കഴിവുള്ള ഒരു ബോധമനസ്സിനെ നിഷേധിക്കുകയും ചെയ്യുക എന്നത് ഇതിലടങ്ങിയിരിക്കുന്ന പ്രകടമായ വൈരുദ്ധ്യമാണെന്ന് ചൂണ്ടിക്കാട്ടാൻ നാം ആഗ്രഹിക്കുന്നു. ജീനുകൾ സൃഷ്ടിക്കപ്പെട്ട പ്രഹേളികക്ക് ഉത്തരം നൽകാതെ, പരിണാമയാത്ര ആരംഭിക്കുന്നത് ജീനുകളിൽ നിന്നാണെന്ന് കരുതുന്നത് പരമമമായ അസംബന്ധമാണ്. ഡാർവിനിസത്തിന്റെ വക്താവിന് പ്രകൃതി നിർദ്ധാരണം ജീനുകളുടെ സൃഷ്ടിപ്പിൽ എന്തെങ്കിലും പങ്ക് വഹിച്ചിട്ടുണ്ടെന്ന് തെളിയിക്കുവാൻ സാധ്യമല്ല. ബോധമനസ്സിന്റെ സർഗാത്മകമായ കഴിവുകളില്ലാതെ, എങ്ങനെ എന്തുകൊണ്ട് ജീനുകൾ സൃഷ്ടി നടത്തുന്നു എന്ന ചോദ്യത്തെ ഡാർവിനിസ്റ്റുകൾ ആദ്യമായി അഭിമുഖീകരിക്കേണ്ടതുണ്ട്. സംഗതിയുടെ ആകത്തുക ഇതാണ്. ജീനുകളെ സൃഷ്ടിച്ച ബോധമനസ്സുള്ള ഒരു സ്രഷ്ടാവിനെ തിരിച്ചറിയപ്പെടേണ്ടതുണ്ട്. അല്ലെങ്കിൽ ബോധശൂന്യമായ ജീനുകൾ സ്വയം സൃഷ്ടിക്കപ്പെട്ടതാണെന്നും അതിന് അതിവിദഗ്ദ്ധവും ബോധപരവും സർഗാത്മകവുമായ സൃഷ്ടിപ്പിനുള്ള കഴിവുകളുണ്ടെന്നും സമ്മതിക്കേണ്ടി വരും. ഏതെങ്കിലും ബോധശൂന്യമായ ഒരു വസ്തു അതിനിപുണമായ നിർമാണ ഘടനയോടു കൂടി സ്വയം നിർമിക്കപ്പെട്ടു എന്നത് വിചിത്രമായ ഒരു സങ്കൽപമാണ്. ജീനുകൾ എങ്ങനെ നിർമിക്കപ്പെട്ടു എന്ന മുന്നുപാധിയെ പറ്റി ഗവേഷണം നടത്താതെയാണ് പ്രകൃതിവാദികളായ ശാസ്ത്രജ്ഞൻമാർ അവരുടെ ഗവേഷണ യാത്രക്ക് ഒരുങ്ങി പുറപ്പെട്ടിരിക്കുന്നത്. അവർക്ക് ഈ ചോദ്യത്തെ അഭിമുഖീകരിക്കാൻ കഴിയാത്തതിന്റെ കാരണം അവരുടെ തന്നെ പരിണാമ സങ്കൽപത്തെ അത് തകർത്തു കളയുമെന്നത് കൊണ്ടാണ്. പരിശുദ്ധ ഖുർആൻ ഈ പ്രഹേളിക പരിഹരിക്കാൻ വേണ്ടി നേരെ ചൊവ്വേ പറയുന്ന ഒരു പ്രസ്താവന ഇതാണ്.

***നിന്റെ നാഥൻ താനിച്ഛിക്കുന്നത് സൃഷ്ടിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർക്ക് തിരഞ്ഞെടുക്കാൻ അവകാശമില്ല. അല്ലാഹു പരിശുദ്ധനും അവർ പങ്കു ചേർക്കുന്നതിൽ നിന്ന് അത്യുന്നതനുമാകുന്നു.( വി. ഖുർ ആൻ 28:69)***

നിർദ്ധാരണം (Selection) എന്ന പ്രക്രിയ സ്രഷ്ടാവിന്റെ വിശേഷാധികാരത്തിൽപ്പെട്ടതാണ്. രണ്ടും തമ്മിൽ വേർപ്പെടുത്താൻ പാടില്ല എന്നതാണ് ഈ വചനത്തിലെ മുഖ്യ പ്രമേയം.

ദൈവം തന്നെയാണ് സ്രഷ്ടാവെന്നും അവന്റെ സൃഷ്ടികളിൽ നിന്ന് അവൻ തിരഞ്ഞെടുക്കുന്നുവെന്നും പ്രഖ്യാപിക്കുന്നു. കാര്യങ്ങൾ ആയിരിക്കേണ്ടതും ആയിരിക്കുന്നതും ഇപ്രകാരം തന്നെയാകുന്നു. ഈ പ്രഖ്യാപനത്തെ മാറ്റി മറിക്കാൻ ഒരു പ്രകൃതിവാദിയായ ശാസ്ത്രജ്ഞനും സാധ്യമല്ല. ദൈവത്തിന്റെ സ്ഥാനത്ത് ബോധശൂന്യമായ ഒരു സ്രഷ്ടാവിനെ അവരുടെ ഇഷ്ടമനുസരിച്ച് സ്ഥാപിക്കുവാൻ സാധ്യമല്ല. അത്തരത്തിലൊരു വൃഥാ ശ്രമം അവർ നടത്തുകയും പ്രകൃതി നിർദ്ധാരണത്തിന് സ്രഷ്ടാവിന്റെ മറ്റൊരു ദൗത്യം കൂടി കൂട്ടി ചേർക്കുകയും ചെയ്യുന്നു. അങ്ങനെ സ്രഷ്ടാവും നിർദ്ധാരകനുമായി യാതൊന്നുമറിയാത്ത ബുദ്ധിയില്ലാത്ത ഒരു തത്ത്വത്തിൽ വിശ്വസിക്കാനാണ് അവർ ഇഷ്ടപ്പെടുന്നത്. അതിന് ബോധമില്ല എന്നത് മറ്റൊരു കാര്യം. അവർ യാതൊന്നുമില്ലാത്ത ഒന്നിനെയാണ് പിതാവിന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കാനിഷ്ടപ്പെടുന്നത്.

ബുദ്ധിശൂന്യവും വ്യക്തിത്വമില്ലാത്തതും അന്ധവും ബധിരവും മൂകവുമായ നിയമങ്ങളാണ് തങ്ങളെ സൃഷ്ടിച്ചതെന്ന് അവർ വിശ്വസിക്കേണ്ടിയിരിക്കുന്നു. യാദൃച്ഛികമെന്ന് പറയട്ടെ ഇത് *'പിതാവിനെ പോലെ പുത്രനും'* എന്ന ശൈലിയാണ് ഓർമിപ്പിക്കുന്നത്. അവർ ഇതിൽ ഒരുപക്ഷേ അഭിമാനം കൊള്ളുന്നുണ്ടാവും. പക്ഷേ, നാം അവരോട് ശക്തമായി വിയോജിക്കുന്നു. പരമോന്നത ബോധ

# സഊദി ഇറാൻ സംഘർഷം

## മുസാഫിർ

മദ്ധ്യപൗരസ്ത്യ ദേശത്തെ കലുഷിതമാക്കിക്കൊണ്ടിരിക്കുന്ന സഊദീ ഇറാൻ സംഘർഷം പശ്ചിമേഷ്യയിൽ അന്തർദേശീയ മാനങ്ങളുള്ള അശാന്തി സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ചരിത്രപരമായും മതപരമായും പ്രതിയോഗികളായ അറേബ്യൻ പേർസ്യൻ സംസ്ക്കാരങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഈ രണ്ടു രാജ്യങ്ങൾ തമ്മിലുള്ള സംഘർഷം കൊഴുപ്പിക്കാനും സംഘട്ടനാത്മകമായ ഒരു പതനത്തിലെത്തിക്കാനും നിക്ഷിപ്ത താൽപര്യക്കാർക്ക് എളുപ്പത്തിൽ സാദ്ധ്യമാവുന്നു. അമേരിക്കൻ ഇസ്റയേലി താൽപര്യങ്ങൾ ഈ സംഘർഷത്തിൽ രാസത്വരകങ്ങളായി വർത്തിക്കുന്നുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. അത്കൊണ്ട് തന്നെ ഈ മേഖലയിലെ പ്രശ്നങ്ങൾ ആഗോള സമൂഹം ഉദ്വേഗത്തോടെയാണ് നോക്കിക്കാണുന്നത്. സിറിയ, യമൻ, ഇറാഖ് മുതലായ അയൽ രാജ്യങ്ങളിൽ ഈ രണ്ട് രാജ്യങ്ങളുടെയും പിന്തുണയോടെ മിലിഷ്യകൾ തമ്മിൽ പൊരിഞ്ഞ ആഭ്യന്തര യുദ്ധമാണ് (പ്രോക്സി വാർ) നടക്കുന്നത്.

ഈ സംഘർഷം ഒരു യുദ്ധമായും മഹായുദ്ധമായും പരിണമിക്കുമോ എന്നും സർവ്വോപരി എണ്ണവില അധികരിക്കുമോ എന്നുമാണ് അന്തർദേശീയ സമൂഹം ഭയപ്പെടുന്നത്. ഇത് സംബന്ധിച്ചുണ്ടായ പുതിയ സംഭവവികാസം ഗൾഫിലെ ഫുജൈറയിലെ തുറമുഖത്ത് നങ്കൂരമിട്ട നാല് കപ്പലുകളിലുണ്ടായ സ്ഫോടനത്തിന് പിന്നിൽ ഇറാനാണെന്നാണ് അമേരിക്കയുടെയും സഊദിയുടെയും ആരോപണം. രണ്ട് സൗദി എണ്ണ കപ്പലുകളും നോർവ്വേയുടെയും യു എ ഇ യുടെയും ഓരോ കപ്പലുകളുമാണ് ആക്രമിക്കപ്പെട്ടത്. അപ്രകാരം സഊദി അറേബ്യയില സർക്കാർ എണ്ണ ക്കമ്പനിയായ അറംകോ എണ്ണ പൈപ്പ് ലൈനുകൾക്ക് നേരെ ബോംബെറിഞ്ഞു എന്നതാണ് മറ്റൊരു ആരോപണം. ഈ ആക്രമണത്തിന് പിന്നിൽ ദുരൂഹതകൾ ഇപ്പോഴും അവശേഷിക്കുന്നു. ആക്രമിക്കപ്പെട്ടു എന്ന് പറയപ്പെടുന്ന സഊദിയുടെയും യു എ ഇ യുടെയും കപ്പലുകൾക്ക് കാണപ്പെടുന്ന രിതിയിലുള്ള കേടുപാടുകളും പരിക്കുകളൊന്നും ഉണ്ടായിട്ടില്ല എന്ന് അസ്സോസിയേറ്റ് പ്രസ്സ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അമേരിക്കയുടെ ആരോപണം ഇറാൻ നിഷേധിക്കുകയും ചെയ്തിട്ടുണ്ട്. ഇറാനെ ആക്രമിക്കാനുള്ള ഗൂഢശ്രമമാണ് ഇതെന്നാണ് ഇറാന്റെ ആരോപണം. പണ്ട് ഇറാഖ് കൂട്ടനശീകരണ ആയുധങ്ങൾ നിർമ്മിക്കുന്നു എന്ന് വ്യാജ പ്രചരണം നടത്തിയാണ് ഇറാഖിനെ ആക്രമിച്ച് ആ രാജ്യത്തെ അമേരിക്കയും തൽപ്പര കക്ഷികളും തവിടു പൊടിയാക്കിയത്.

അമേരിക്കയും മറ്റു വിറ്റോ പവർ രാജ്യങ്ങളും ഇറാനുമായി 2015ൽ ഉണ്ടാക്കിയ ന്യൂക്ലിയർ കരാറിൽ നിന്ന് 2018മെയ് 8ന് അമേരിക്ക ഏകപക്ഷീയമായി പിന്മാറിയിരുന്നു. അമേരിക്കൻ പിന്മാറ്റം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷം ഇപ്പോൾ ഇറാനും കരാറിൽ നിന്ന് ഭാഗികമായി പിന്മാറിയിരിക്കുകയാണ്. ഫലത്തിൽ മേഖലയിൽ ആണവ ആയുധ നിർമാണത്തിന് പോലും വേദിയൊരുങ്ങുകയാണ്. ഫുജൈറ സ്ഫോടനത്തിന് ശേഷം തുടർന്ന് അമേരിക്കയുടെ ബി 52 ബോംബറുകൾ വഹിച്ചുള്ള കൂറ്റൻ വിമാനവാഹിനിക്കപ്പലുകൾ ഗൾഫ് മേഖലയിലേക്ക് പുറപ്പെട്ടിട്ടുണ്ട്. കൂടാതെ അ ധികമായി 1500 അമേരിക്കൻ പട്ടാളക്കാരെയും അയച്ചിട്ടുണ്ട്. അവർ സഊദി അറേബ്യയിലും ഖത്തറിലുമാണ് ക്യാമ്പ് ചെയ്യുക. ഇനിയും കൂടുതൽ പട്ടാളക്കാരെ അയക്കുമെന്നാണ് പെന്റഗൺ പറഞ്ഞിട്ടുള്ളത്.

കഴിഞ്ഞ വർഷം ഇറാനുമായുള്ള ആണവ കരാറിൽ നിന്നും പിൻമാറിയ അമേരിക്ക ഇറാനെതിരെ ഉപരോധം ഏർപ്പെടുത്തി വൻ തോതിൽ സമ്മർദം ശക്തിപ്പെടുത്തി വരികയായിരുന്നു. തങ്ങളുടെ എണ്ണ ആഗോള മാർക്കറ്റിൽ വിറ്റഴിക്കാൻ സാധിച്ചില്ലെങ്കിൽ ഹോർമുസ് കടലിടുക്ക് അടച്ചിടുമെന്ന് ഇറാൻ ഭീഷണിപ്പെടുത്തിയിട്ടുണ്ട്. ലോകത്തിന് വൻ വിപത്തായി മാറാൻ സാദ്ധ്യതയുള്ള ഈ സംഘർഷം ഉടൻ തന്നെ സമാധാനത്തിലേക്ക് തിരിയുമാറാകട്ടെ.

www.alislam.org

# വെങ്കലം നേടി




മഞ്ചേരി ജമാഅത്തിലെ മുബാറക്ക് അഹ്മദ് - ഷഹർബാൻ ദമ്പതികളുടെ മകൻ സർമ്മദ് അഹ്മദ് (17) 2018-19 നാഷ്ണൽ മത്സരത്തിൽ വെങ്കലം (മൂന്നാം സ്ഥാനം) കരസ്ഥമാക്കി.

അനുസ്മരണം:-

# എ. മുഹമ്മദ് കുഞ്ഞ്



കരുനാഗപ്പള്ളി അഹ്മദിയ്യാ ജമാഅത്തിലെ മുതിർന്ന അംഗം ജനാബ് എ. മുഹമ്മദ് കുഞ്ഞ് സാഹിബ് (78) നിര്യാതനായി. (ഇന്നാലില്ലാഹി.....) ആദിനാട് ജമാഅത്തിലെ ആദ്യകാല അംഗം ജനാബ് പുതിയവീട്ടിൽ കെ. അലിഹസ്സൻ കുഞ്ഞ് സാഹിബിന്റെ മകനാണ്. കരസേനയിൽ ഹോണററി ക്യാപ്റ്റനായി വിരമിച്ചു. ദീർഘകാലം ആദിനാട് ജമാഅത്തിൽ ഔദ്യോഗിക ഭാരവാഹിത്വങ്ങൾ വഹിച്ചു. 2012 മുതൽ കരുനാഗപ്പള്ളി ജമാഅത്ത് അംഗമാണ്. ഭാര്യ: ടി.എ. ലൈലാബീവി. മക്കൾ: ഷീജ എം., ഷിഹാദ് എം. മരുമക്കൾ: ഡോ: എ. ഷരീഫ് അഹ്മദ്, അനീസ ഷിഹാദ് (കരുളായി). പരേതന് മഗ്ഫിറത്ത് നൽകുമാറാകട്ടെ. ആമീൻ

പേജ് 20 ൽ നിന്ന് തുടർച്ച

***അവന്റെ മാതാവ് അവനെ പ്രയാസപ്പെട്ട് ഗർഭം ധരിക്കുകയും പ്രയാസപ്പെട്ട് അവനെ പ്രസവിക്കുകയും ചെയ്തു. അവനെ ഗർഭം ധരിക്കുന്നതിനും അവന്റെ മുലകുടി നിർത്തുന്നതിനും (ചുരുങ്ങിയത്) മുപ്പത് മാസക്കാലമെടുക്കുന്നു.' (46:16)***

മുലപ്പാൽ രോഗ വിമുക്തമാണ്. ഉപയോഗിക്കുന്നതിന് മുമ്പേ അത് പാസ്ച്ചറൈസ് ചെയ്യുകയോ തിളപ്പിക്കുകയോ ചെയ്യേണ്ടതില്ല. നവജാത ശിശുവിന്റെ ഉത്തമാഹാരമാണ് മുലപ്പാൽ. രോഗങ്ങളെ പ്രതിരോധിക്കാനുള്ള സംരക്ഷണ വസ്തുക്കൾ പാലിലൂടെ മാതാവിൽ നിന്ന് ശിശുവിലേക്ക് മാറ്റപ്പെടുന്നു. പാലൂട്ടുന്നതിന്, കൃത്രിമമായി പാലുട്ടുന്ന രീതിക്ക് പ്രോത്സാഹനങ്ങളുള്ള കാലമുണ്ടായിരുന്നു. എന്നാൽ പിന്നീട് മുലപ്പാലിന്റെ പ്രാധാന്യം ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കി. മാതാക്കൾ കുഞ്ഞുങ്ങളെ മുലയൂട്ടേണ്ട കാലത്തെപറ്റിയും അതിന്റെ പ്രയോജനത്തെ പറ്റിയും വിശുദ്ധ ഖുർആൻ വിവരിക്കുന്നു. എന്നാൽ വ്യക്തികളുടെ സാഹചര്യത്തെ ആശ്രയിച്ച് അതിൽ ഇളവുകൾ വെച്ചിരിക്കുന്നു:

***'മാതാക്കൾ അവരുടെ ശിശുക്കൾക്ക് പൂർണമായും രണ്ട് വർഷം മുല കൊടുക്കേണ്ടതാണ്. (നിശ്ചിത കാലംവരെ) മുലയൂട്ടൽ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നവർക്കത്രെ (ഈ വിധി)'*** (2:234) *(തുടരും)*

(The Review of religions nov 2006. വിവ: കെ.വി ഹസ്സൻ കോയ)

പേജ് 23 ൽ നിന്ന് തുടർച്ച

ത്തിലേക്ക് നയിക്കാൻ ദൈവനിയുക്തനായ വാഗ്ദത്ത മസീഹിന്റെ വചനങ്ങൾ ഒന്നുകൂടി നാം ശ്രദ്ധിക്കുക.

“അല്ലാഹുവിന്റെ വഹ്‌യിൽ ഭൂകമ്പങ്ങളെപ്പറ്റി അടിക്കടി പറയപ്പെട്ടിരിക്കുന്നു. ഖിയാമത്തിന്റെ മാതൃകയിലുള്ള ഭൂകമ്പങ്ങൾ ആയിരിക്കുമെന്നും വിവരിക്കുന്നു. വിശുദ്ധ ഖുർആൻ 99 -ാം അദ്ധ്യായം തുടക്കത്തിൽ വിവരിച്ചത് പോലെയുള്ള ഭൂകമ്പം തന്നെയായിരിക്കുമെന്ന് ഉറപ്പിച്ചു പറയാൻ എനിക്ക് സാധ്യമല്ല. ഇത് സാധാരണ ഭൂകമ്പം അല്ലാതിരിക്കാനും സാധ്യതയുണ്ട്.... ഈ ഭയങ്കരമായ വിപത്ത് മതപരമായ ഭിന്നിപ്പിന്റെ കാരണത്താലോ ക്രിസ്ത്യാനിയോ ഹിന്ദുവോ ആയിരിക്കുന്നത് കാരണമായോ ആരുടേയെങ്കിലും മേൽ ആപതിക്കുന്നതല്ല. ആരെങ്കിലും എന്റെ അനുയായി വൃന്ദത്തിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ സംഭവിക്കുന്നതുമല്ല. ഇവരെല്ലാം ഈ അസ്വാസ്ഥ്യത്തിൽ നിന്നും മുക്തരാകുന്നു. ഏതെങ്കിലും മതവുമായി ബന്ധപ്പെട്ടവരായിരിക്കെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സ്വഭാവക്കാരനും ചതിയിലും വഞ്ചനയിലും മുഴുകിയവനും, വ്യഭിചാരിയും കൊലയാളിയും കള്ളനും ദ്രോഹിയും എല്ലാ ഭൂകമ്പങ്ങളും കുറ്റകൃത്യങ്ങളുടെ ശിക്ഷയാണെന്ന് പറയാനാവില്ല. സമൂഹങ്ങൾ അധാർമികതയിൽ മുഴുകുമ്പോൾ അല്ലാഹുവിന്റെ പ്രവാചകന്മാർ പൊതുവിലും പ്രത്യേകമായും താക്കീത് നൽകികൊണ്ട് ദൈവത്തിൽനിന്നുമുള്ള ശിക്ഷയെ പറ്റി താക്കീത് നൽകുകയും അപ്രകാരം സംഭവിക്കുകയും ചെയ്യുന്നു. ചിലപ്പോൾ ആ സമൂഹം പശ്ചാത്തപിച്ചു നേർവഴിയിലാവുമ്പോൾ ശിക്ഷ ഒഴിഞ്ഞു പോവുകയും ചെയ്യുന്നു.

***എല്ലാ പ്രകൃതി ദുരന്തങ്ങളിൽ നിന്നും അല്ലാഹു നമ്മെ രക്ഷിക്കട്ടെ (ആമീൻ)***

Published on 7.06.2019

Pages 44

Vol: 91 Issue. 06

Price Rs. 30/-

RNI No. 3332/1957, Registered KL/EKM/726/2018-20

Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment

The Sathyadoothan Monthly



mta INTERNATIONAL

*Muslim Television Ahmadiyya International*



mta INTERNATIONAL
www.mta.tv

YouTube | mta INTERNATIONAL
www.youtube.com/mtaonline1

www.alislam.org